
REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

## ചിത്രവാരിക

1st KANNI 1110

17th SEPTEMBER 1934.



ആശീർവാദം.

Price As. 2. വില ൨ ണ,
VOL. VII. No. 2

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧. | ൧൧൧൦ കന്നി ൧-ാംനു- തിങ്കളാഴ്ച. | ലക്കം ൨.


### വീട്ടിലെപ്പോലെതന്നെ—പുതിയതീവണ്ടി.



ഷിക്കാഗോയിൽ "ഒരു ശതവത്സരത്തിലെ പുരോഗതി" കാണിക്കുന്നതിനായി നടത്തിവരുന്ന പ്രദർശനത്തിൽ മേൽ കാണുന്ന തീവണ്ടിമുറിയും പ്രദർശിപ്പിക്കപ്പെട്ടു. ഇരിക്കുന്നതിനും കിടക്കുന്നതിനും അടിയിലും മുകളിലും തട്ടുകളും, ഓരോ ആളിനും മേൽതട്ടിലേക്കുപോകുന്നതിനു പ്രത്യേകം കോവേണികളും, ഓരോ മുറിയിലും വെള്ളംനിറച്ച പാത്രങ്ങളും, കുഴലുകളും, വസ്ത്രധാരണം ചെയ്യുന്നതിനുള്ള സൌകര്യങ്ങളും, ഓരോആളിന്റേയും ഇരിപ്പിടം പ്രത്യേകം മുറിയാക്കുന്നതിനുള്ള അലുമിനിയം വാതലുകളും ഇതിലെ ഒരോ വണ്ടിക്കുമുണ്ട്. യൂണിയൻപാസിഫിക്ക് കമ്പനിവക ട്രെയിനുകളിൽ ഈ വണ്ടി ഘടിപ്പിക്കുന്നതാണ്.

U. P. S.

# സിസ്റ്റർനിവേദിത.

സിസ്റ്റർ നിവേദിതയെ എങ്ങനെയാണു് വർണ്ണിക്കേണ്ടതു്? സാഹിത്യം, കല, ജീവിതം, മുതലായവയുടെ സൗന്ദര്യത്തെ ആരാധിക്കുന്നതിൽ അദ്വിതീയയായിരുന്ന എന്നു പറഞ്ഞാൽ സിസ്റ്റർനിവേദിതയുടെ വർണ്ണന പൂർത്തിയാകയില്ല. ഒരു സ്ത്രീയെന്ന നിലയിൽ അവരെ വർണ്ണിച്ചാൽ, അതു യാഥാർത്ഥ്യത്തിന്റെ ഒരംശമേ ആകയുള്ളു. അതിമനോഹരമായ ശബ്ദസൗകുമാര്യത്താൽ അനുഗൃഹീതയായിരുന്ന ഒരു വാഗ്മിനിയാണു് നിവേദിത എന്നു പറയുമ്പോൾ അതു വായനക്കാരിൽ അവരേപ്പററി കേവലം അപൂർണ്ണമായ ഒരു ബോധം ഉളവാക്കാൻമാത്രം പര്യാപ്തമായിരിക്കും. പാശ്ചാത്യ പൗരസ്ത്യലോകങ്ങളെ വ്യാഖ്യാനിക്കുന്നതിനും, പാശ്ചാത്യരുടെ ജുഗുപ്സയിൽനിന്നു പൗരസ്ത്യമായിട്ടുള്ളതിനെയെല്ലാം രക്ഷിക്കുന്നതിനും നിവേദിതയെപ്പോലെ മററാരുമുണ്ടായിരുന്നില്ല എന്നു പറഞ്ഞാൽ മതിയാകുമോ? ആധുനികസ്ത്രീത്വത്തിൽ ഉത്തമമായിട്ടുള്ളതിന്റെയെല്ലാം ഒരു പക്ഷവാദിനി, യഥാർത്ഥസ്ത്രീത്വത്തിന്റെ അകളങ്കസുന്ദരമായ മൂർത്തീഭാവം എന്നൊക്കെ വർണ്ണിച്ചാൽ തീരുമോ? നാനാമുഖമായ മാഹാത്മ്യത്തിന്റെയെല്ലാം കേന്ദ്രമായി, നിർവ്വചനാതീതമായി ഒരു പൗരാണിക കഥാപാത്രമെന്നപോലെ നിലകൊള്ളുന്ന ആ മഹിളാരത്നത്തെപ്പററി ചുരുക്കമായി ചിലതൊക്കെ പറയുക മാത്രമേ നിവൃത്തിയുള്ളു.

നമ്മുടെ വിവേചനശക്തിയെ എങ്ങനെയെല്ലാം പ്രയോഗിച്ചാലും അതൊരു പവിത്രഗംഭീരമായ ജീവിതമായിരുന്നു എന്നുള്ളതിൽ കുറഞ്ഞു് യാതൊരു വിധിയും കല്പിക്കാൻ സാധിക്കുന്നതല്ല. ബുദ്ധിമഹത്വത്തെപ്പററി പറകയാണെങ്കിൽ പരേതയായ ആ ഐറിഷ്കന്യക പുരാണമൂർത്തികളുടെ വംശോത്ഭവയായിരുന്നു. പക്ഷെ ബുദ്ധിപ്രാഭവത്തിന്റെ ജാജ്വല്യത അവരുടെ മഹനീയതയുടെ ഏറ്റവുമൊരംശമാകുന്നില്ല. സർവ്വവിജ്ഞാനീയസദൃശമായ പാണ്ഡിത്യമോ, സർവ്വാതിശായിയായ സാഹിത്യനൈപുണിയോ, അവരുടെ പ്രബന്ധങ്ങളെ ദീപ്തിമത്തുകളാക്കുന്ന കാവ്യോചിതമായ ഭാവനാസമൃദ്ധിയൊ അല്ല ഇവിടെ മാഹാത്മ്യനിദാനമായിരിക്കുന്നതു്. നിവേദിതയുടെ കൃതികളിലെല്ലാം നമ്മുടെ അന്തരാത്മാവിനെ സ്പർശിക്കത്തക്ക ഒരു ആത്മാർത്ഥതയും, ഒരു തീക്ഷ്ണതയും ഒരു അഗാധതയും എങ്ങും പരക്കെ തെളിഞ്ഞുകാണുവാൻകഴിയും. അതിനാലത്രേ വായനക്കാരനു ഒരു സുഖവും, രസവുംകൂടാതെ മനോവികാസവും, പരിശുദ്ധിയും, ഹൃദയോല്ക്കർഷവും കൂടി അനുഭവഗോചരമാകുന്നതു്. ഒരാളിന്റെ ലേഖനങ്ങൾ, അഥവാ കൃതികൾ, അയാളുടെ അന്തഃസത്വരൂപത്തിന്റെ കേവലം അവ്യക്തമായ ഒരു പ്രതിഫലനം മാത്രമേയാകുന്നുള്ളു. പരിശുദ്ധികൊണ്ടു് നിതാന്തശുഭ്രവും, നിസ്സ്വാർത്ഥതകൊണ്ടു് ഏകാന്തദീപ്തവും, ത്യാഗബുദ്ധികൊണ്ടു അത്യന്തശക്തവും ആയ ഒരു ആത്മാവിനെ എങ്ങനെയാണു പൂർണ്ണമായി സാഹിത്യത്തിൽ പ്രതിഫലിപ്പിക്കുന്നതു്? നിവേദിതയെ അടുത്തറിഞ്ഞവർക്കു മാത്രമേ, അവരുടെ ചരമംകൊണ്ടു ലോകത്തിനും, ഭാരതത്തിനും നേരിട്ട മഹാനഷ്ടത്തെപ്പററി അല്പംബോധമെങ്കിലും ഉണ്ടാകയുള്ളു ലോകത്തിനു നേരിട്ട നഷ്ടമെന്നു പറഞ്ഞതു് അകാരണമായിട്ടല്ല. എന്തെന്നാൽ, ലോകത്തിന്റെ ഇന്നത്തെ അത്യാവശ്യം പൗരസ്ത്യലോകത്തെ, വിശിഷ്യ, ഭാരതത്തെ ശരിയായി മനസ്സിലാക്കുക എന്നുള്ളതാകുന്നു ഇന്ത്യൻജീവിതത്തിന്റെയും, മനോവ്യാപാരത്തിന്റെയും യഥാർത്ഥവ്യാഖ്യാതാവായി നിവേദിതയെപ്പോലെ പാശ്ചാത്യരിൽ ആരുമില്ലെന്നു പറയുന്നതിൽ അതിശയോക്തിസ്പർശം ലേശമില്ല. ഇന്ത്യയെ വ്യാഖ്യാനിക്കുന്നതിൽ നിവേദിതയ്ക്കു സാമാന്യത്തിൽകവിഞ്ഞ സൗകര്യങ്ങൾ ലഭിച്ചിരുന്നു എന്നുള്ളതു് വാസ്തവമാണു്. ബാഹ്യഭാഗത്തിൽനിന്നും ഉള്ളിലോട്ടു ചുഴിഞ്ഞിറങ്ങി വസ്തുസ്ഥിതി അറിയാൻ പ്രകൃത്യാതന്നെ ഉണ്ടായിരുന്ന സാമാന്യാധികമായ വാസനയ്ക്കുപുറമേ, ഇന്ത്യയുടെ അഭിവൃദ്ധിവിജൃംഭണത്തിന്റെ ബുദ്ധിശക്തിയും കർമ്മശക്തിയുമായിരുന്ന ഒരു ഗുരുവിന്റെ സാഹചര്യവും നിവേദിതയ്ക്കുണ്ടായിരുന്നു. ഇന്ത്യയിൽ കാലൂന്നിയ നാൾമുതൽ ഇന്ത്യയുമായി ഐകാത്മ്യം പ്രാപിക്കാനായിരുന്നു അവരുടെ ശ്രമം. ഇതിനു് അനിവാര്യമായ ക്ലേശങ്ങൾ അവർ സഹിക്കേണ്ടതായുമിരുന്നു.

പതിനാലു നീണ്ട സംവത്സരക്കാലത്തോളം സിസ്റ്റർനിവേദിത ഇന്ത്യയുമായി ഒന്നായി ചേരാൻശ്രമിച്ചു. ഇന്ത്യയുടെ ദേശീയദാർഢ്യത്തിനുവേണ്ടി ഇത്രത്തോളം കഠിനപ്രയത്നംചെയ്ത മറെറാരുജീവിതം നമ്മുടെയിടയിലുണ്ടായിട്ടില്ല. അന്യരെ അനുകരിക്കുന്നതിൽനിന്നു പിൻതിരിഞ്ഞു ശുദ്ധമായ ഭാരതീയത്വം വീണ്ടെടുക്കാനുള്ള നിവേദിതയുടെ സന്ദേശം ഒരു മന്ദ്രമായ കാഹളധ്വനിപോലെ നമ്മെ പെട്ടെന്നുണർത്തി. "ഭാരതീയത്വം വീണ്ടെടുക്കുക. പക്ഷെ അതിനു പുതിയ രൂപം നൽകുക പഴയ ഓജസ്സില്ലാത്ത പുതിയ രൂപം ഒരു അപഹാസമല്ലാതെ മറെറാന്നുമല്ല. അതുപോലെതന്നെ പുതിയ രൂപമില്ലാത്ത പഴയ ഓജസ്സും പരിഹാസ്യമാകുന്നു" എന്നിങ്ങനെ അവർ ഭാരതീയരെ തട്ടിയുണർത്തുന്നു. നിവേദിത ഈ പ്രാചീനഭൂമിയെ "മാതൃഭൂമി"യെന്നല്ലാതെ മറെറാന്നും വിളിച്ചിട്ടില്ല. ഭാരതത്തോടുള്ള അവരുടെ ഭക്തി അത്രമാത്രം മഹത്തായിരുന്നു. നമ്മെ ആധുനികരാക്കുന്നതിനു അന്ധമായ അനുകരണബുദ്ധി നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു എന്നു നിവേദിത കണ്ടുപിടിച്ചു. വിദേശീയമായിട്ടുള്ളതിനെയെല്ലാം കണ്ണടച്ചു് അനുകരിക്കുന്നതു ആത്മനാശകമാകുന്നു. വീണ്ടും നിവേദിത പറയുന്നു:— "വിദേശീയമായിട്ടുള്ളതിനെയെല്ലാം അനുകരിച്ചു കഴിഞ്ഞുകൂടാൻ ഇന്ത്യയ്ക്കു സാധിക്കയില്ല. വിദേശീയാദർശങ്ങളെപ്പററി അറിയാതെ കഴിഞ്ഞുകൂടാനും ഇന്ത്യയ്ക്കു കഴിവില്ല" ഇന്ത്യയുടേതായിരുന്ന ആ ജീവിതം അധികനാൾ നിലനിന്നില്ലല്ലോ എന്നു ഭാരതം ഇന്നും കേഴുന്നുണ്ടായിരിക്കാം. പാവനചരിതയായ ആ മഹതിയുടെ ചരമം ഭാരതത്തിനു് അപരിഹാര്യമായ ഒരു നഷ്ടമാണെന്നു് എത്ര പറഞ്ഞാലും മതിയാകയില്ല

1867 അക്ടോബർമാസം 28-ാംതീയതി സിസ്റ്റർനിവേദിത ജനിച്ചു. മാതാവും പിതാവും ഐറിഷ്കാരായിരുന്നു. മിസ് നോബിൾ എന്ന ആദ്യനാമത്തോടുകൂടിയ ആ കന്യകയ്ക്കു് ആധുനികവിദ്യാഭ്യാസം തികച്ചും ലഭിക്കുന്നതിനുള്ള ഭാഗ്യമുണ്ടായെന്നു തന്നെയല്ല ലണ്ടനിലെ ഒരു വിദ്യാഭ്യാസകാര്യവിശാരദയെന്ന നിലയിൽ, ഇൻഡ്യയിൽ വരുന്നതിനു മുൻപുതന്നെ സുപ്രസിദ്ധയായിത്തീരുകയും ചെയ്തതായിട്ടാണു കാണുന്നതു്. ലണ്ടനിൽ സെസേം ക്ലബ്ബ് എന്നപേരിൽ മിസ് നോബിൾ ഒരു ക്ലബ്ബ് സ്ഥാപിച്ചു. കൂടാതെ, സ്വാമി വിവേകാനന്ദനുമായി പരിചയപ്പെടുന്ന അവസരത്തിൽ അവർ വിംബിൾഡൺ എന്ന സ്ഥലത്തെ സ്വന്തം സ്കൂളിൽ പ്രഥമാദ്ധ്യാപികയുമായിരുന്നു.

മിസ് നോബിളിന്റെ ആദ്യജീവിതത്തെപ്പററി മിസ്സിസ്സ് ജെ. സി. ബോസ് ഇങ്ങനെ എഴുതുന്നു:—"അവരുടെ ജീവിതത്തെ രൂപവൽക്കരിച്ചതു് ഒരു യാദൃച്ഛികസംഭവമായിരുന്നില്ല. വാഗ്മിയായിരുന്ന പിതാവു മാഞ്ചെസ്റ്ററിലെ പാവങ്ങൾക്കുവേണ്ടി തന്റെ യുവജീവിതം ബലികഴിച്ച ഒരു പുരോഹിതനായിരുന്നു പിതാവും, പുത്രിയും തമ്മിൽ ഒരു മഹത്തായ സ്നേഹം നിലനിന്നിരുന്നു. അദ്ദേഹത്തിന്റെ ഒരു വലിയ സ്നേഹിതൻ ഇന്ത്യയിൽനിന്നു മടങ്ങിയെത്തിയപ്പോൾ നോബിൾകുടുംബത്തെ സന്ദർശിക്കാനിടയായി. ആ പെൺകുട്ടിയുടെ മുഖത്തുള്ള ആത്മീയഗൗരവംകണ്ടു ഒരു കാലത്തു ഇന്ത്യയുടെ ആഹ്വാനം അവൾ കേൾക്കുമാറാകുമെന്നു് അദ്ദേഹം അവളെ അനുഗ്രഹിച്ചു ഇതു പിൽക്കാലത്തുണ്ടായ അവസ്ഥാന്തരത്തെ ദീർഘദർശനംചെയ്കയായിരുന്നു എന്നു അനന്തരസംഭവങ്ങൾ തെളിയിക്കുന്നു. തന്റെ പുത്രി ഒരു മഹത്തായ ആഹ്വാനം ശ്രവിക്കാൻ തയാറാകേണ്ടിവരുമെന്നും, അപ്പോൾ അവളുടെ ഇഷ്ടത്തിനു വിരുദ്ധമായി ഒന്നും ചെയ്യരുതെന്നും, മരണശയ്യയിൽ കിടന്ന പിതാവു മിസ്സ് നോബിളിന്റെ പുണ്യവതിയായ മാതാവിനോടു പറഞ്ഞിരുന്നു......

"പുത്രി ക്രമേണ അസുലഭമായ ബുദ്ധിശക്തി പ്രദർശിപ്പിച്ചുതുടങ്ങി. കാലക്രമത്തിൽ അവൾ ഒരു വലിയ വിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ കേന്ദ്രമായിത്തീർന്നു അതിന്റെ ഫലമത്രേ പ്രസിദ്ധമായ സെസേംക്ലബ്ബ്. തന്റെ മസ്തിഷ്കപരമായ സാദ്ധ്യതകളെല്ലാം

ലണ്ടനിൽ വികസിക്കാനുള്ള കാലമായ ഉടൻതന്നെ ഇന്ത്യയുടെ ആഹ്വാനം മിസ്സ് നോബിൾ കേൾക്കമാറായി."

മതസിദ്ധാന്തങ്ങളിലും, വിശ്വാസപ്രമാണങ്ങളിലുമുള്ള മിസ്സ് നോബിളിന്റെ വിശ്വാസമെല്ലാം അസ്തമിച്ചെങ്കിലും, മനുഷ്യസേവനത്തിനുള്ള പ്രേരണാശക്തി അവരുടെ അന്തക്കരണത്തിൽ വീണ്ടും നിലനിന്നിരുന്നു. അവരുടെ വിദ്യാഭ്യാസപദ്ധതികളെല്ലാം പ്രവത്തനാരംഭത്തിലെത്തിയപ്പോൾ ശ്രീവിവേകാനന്ദനും ലണ്ടനിൽ എത്തി. ആ വിദ്യാഭ്യാസപദ്ധതികളുടെ സ്വഭാവമെന്തെന്നു താഴെ കാണുന്ന ഉദ്ധാരണത്തിൽനിന്നു മനസ്സിലാക്കാം: —

"ഇന്ത്യയിലേക്കു വരുന്നതിനു മുൻപു, അറിവു സമ്പാദിക്കുന്നതിൽനിന്നു ഭിന്നമായി മനസ്സിനെ യഥാൎത്ഥത്തിൽ ഉൽബുദ്ധമാക്കുന്നതിനുള്ള ഒരു വിദ്യാഭ്യാസരീതിയെപ്പററി മിസ്സ് നോബിൾ ആലോചിച്ചുവന്നിരുന്നു. യൂറോപ്പിലെ ചിന്തകന്മാരുടെ അതിനൂതനങ്ങളായ പല ആശയങ്ങളും മിസ്സ് നോബിളിന്റെ ആശയങ്ങൾതന്നെയായിരുന്നു. സ്ത്രീയുടെ വ്യക്തിത്വം അതിവിശാലമായി വളരാനുള്ള ഒരു വിദ്യാഭ്യാസരീതിയുടെ തത്വങ്ങളെ സമുദ്ധരിച്ചു പരിപാലിക്കുന്നതിനു മിസ്സ് നോബിൾ അവരുടെ സവ്വശക്തികളെയും പ്രയോഗിച്ചു."

1895-ൽ പല ക്ഷണങ്ങളും കിട്ടിയതനുസരിച്ചു സ്വാമി വിവേകാനന്ദൻ ലണ്ടനിൽ ചെന്നുചേൎന്നു. അദ്ദേഹത്തോട്ട് ഉററ സമ്പക്കമുണ്ടായ അനേകംപേരുടെ കൂട്ടത്തിൽ മിസ്സ് നോബിളും ഉൾപ്പെട്ടിരുന്നു. ആയിടയ്ക്കു അദ്ദേഹം ചെയ്ത പ്രസംഗങ്ങളെല്ലാം അവർ കേട്ടു എന്നിരുന്നാലും, അവരിൽ യാതൊരു ഭാവവ്യത്യാസവും വന്നില്ല. മിസ്സ് നോബിൾതന്നെ എന്തു പറയുന്നു എന്നു നോക്കാം:—

"അദ്ദേഹത്തിന്റെ മതസമ്പ്രദായം, സ്വീകരിച്ചാൽ പിന്നീടു ഉപേക്ഷിക്കേണ്ടിവരുന്ന മററു പല മതസമ്പ്രദായങ്ങളേയും പോലെ ഒന്നാണെന്നു ഞാൻ വിചാരിച്ചു. പക്ഷെ ഞാൻ അദ്ദേഹത്തെ 'ഗുരു'വെന്നു സംബോധനചെയ്ത കാലംവന്നു. ആ മനുഷ്യന്റെ സ്വഭാവത്തിനാണു ഞാൻ വണങ്ങിയതു്. എനിക്കു കേൾക്കാനിടവന്നിട്ടുള്ള മററു പല ചിന്തകന്മാരും, അദ്ദേഹവും തമ്മിലുള്ള മഹത്തായ അന്തരം എനിക്കു അക്കാലത്തും, മനസ്സിലായിരുന്നില്ല."

എന്നാൽ സ്വാമി വിവേകാനന്ദനിൽ ആലോചനാമൃതമായി മിസ്സ് നോബിൾ കണ്ട വൈശിഷ്ട്യങ്ങളെന്തെല്ലാമാണു്? അക്കൊല്ലം സ്വാമി അമേരിക്കയിലേക്കു പോയതിനുശേഷം മിസ്സ് നോബിൾ അദ്ദേഹത്തെപ്പററി ചിന്തിക്കാത്ത സമയമില്ലായിരുന്നു. അവർ പറയുന്നു:—"സ്വാമിയെപ്പററി ഞാൻ ഓൎമ്മിച്ചോൎമ്മിച്ചു ആലോചിച്ച സംഗതികൾ ഇവയെല്ലാമായിരുന്നു; ഒന്നാമതു്, അദ്ദേഹത്തിന്റെ മതസംസ്കാരവിശാലത, രണ്ടാമതു്, മഹത്തായ ചിന്താവിശിഷ്ടത, മൂന്നാമതു്, മനുഷ്യന്റെ നീചഭാവങ്ങൾക്കൊന്നിനും അദ്ദേഹത്തിൽ സ്ഥാനമില്ലെന്നുള്ള വസ്തുത."

1896-ൽ സ്വാമി വിവേകാനന്ദൻ അമേരിക്കയിൽ നിന്നു വീണ്ടും ഇംഗ്ലണ്ടിലെത്തി. മിസ്സ് നോബിളിനു് അദ്ദേഹത്തോടുള്ള മനോഭാവം വ്യത്യാസമൊന്നും കൂടാതെതന്നെയാണു് അവശേഷിച്ചിരുന്നതു്. എന്നാൽ സ്വാമിജിയുടെ സുപ്രസിദ്ധമായ പരഹൃദയജ്ഞാനത്താൽ, മിസ് നോബിളിനെ തന്റെ ഉത്തമശിഷ്യയായി അദ്ദേഹം കണ്ടുവച്ചിരിക്കയായിരുന്നു എന്നു ആ കന്യക അറിഞ്ഞിരുന്നില്ല.

"വെറും നിരുദ്ദേശമായ ഒരു സാധാരണ സംഭാഷണത്തിനിടയിലായിരുന്നു" മിസ് നോബിൾ പറകയാണു്, "സ്വാമിജി എന്റെ നേരേ തിരിഞ്ഞു്, തന്റെ നാട്ടിലെ സ്ത്രീകളെ ഉദ്ദേശിച്ചു ചില പദ്ധതികളെല്ലാം തയാറാക്കിയിട്ടുണ്ടെന്നും, അവയുടെ അനുവത്തനത്തിൽ ഞാൻ വളരെ സഹായമായിരിക്കുമെന്നും പറഞ്ഞതു്" മിസ് നോബിൾ തന്റെ സഹായം സ്വാമിജിക്കു വാഗ്ദാനം ചെയ്തു. അനന്തരം 1898-ൽ അവർ ഇന്ത്യയിലേക്കു കപ്പൽ കയറി.

ഇന്ത്യയിലെത്തിയതിനുശേഷവും മിസ് നോബിൾ തക്കവിഷയങ്ങളിൽ സ്വാമി വിവേകാനന്ദനുമായി കലഹിച്ചുകൊണ്ടുതന്നെയാണിരുന്നതു്. അദ്ദേഹത്തിന്റെ മഹത്വം മിസ് നോബിളിനു മനസ്സിലായതു ക്രമംകൊണ്ടായിരുന്നു. ഒടുവിൽ അവരുടെ സകല സംശയങ്ങളും അസ്തമിക്കുകതന്നെ ചെയ്തു. 1898-ലെ സകല സഞ്ചാരങ്ങളിലും മിസ് നോബിൾ സ്വാമി വിവേകാനന്ദനെ അനുഗമിച്ചതിനെപ്പററി ഒടുവിൽ അവർ തന്റെ ഡയറിയിൽ ഇങ്ങനെ എഴുതുന്നു: — "ഈ സംവത്സരത്തിലെ ദിവസങ്ങളെല്ലാം മനോഹരങ്ങളായിരുന്നു. അവയിൽ ആദർശമാത്രങ്ങളെന്നു വിചാരിക്കപ്പെട്ടിരുന്നതെല്ലാം യഥാൎത്ഥ സാദ്ധ്യതകളായി പരിണമിച്ചിരിക്കുന്നു. ഒരിക്കലും മറക്കാത്ത നിമിഷങ്ങളും, ഞങ്ങളുടെ ജീവിതത്തിൽ എന്നെന്നും മാറെറാലിക്കൊള്ളുന്ന വാക്കുകളും, ഒരു തവണയെങ്കിലും ആ ആനന്ദദർശനവും, അനുഭൂതമായിത്തീൎന്നിരിക്കുന്നു." അദ്ദേഹം പഠിപ്പിച്ച തത്വങ്ങളെപ്പററിയെല്ലാം സ്വാനുഭവം കണ്ടുതുടങ്ങിയതിനുശേഷമേ മിസ് നോബിൾ അദ്ദേഹത്തോടു പൂൎണ്ണമായി യോജിച്ചുള്ളു. ആ ആരാധനാഘട്ടത്തിലെത്തുന്നതുവരെയുള്ള തന്റെ വിചാരസംഘട്ടനങ്ങളെപ്പററി മിസ് നോബിൾ പറയുന്നതുതന്നെ ശ്രദ്ധിക്കാം.

"സ്വാമി സ്വരൂപാനന്ദന്റെ കീഴിൽ ഞാൻ ധ്യാനനിഷ്ഠയ്ക്കായി ഗൗരവബുദ്ധിയോടെ ആരംഭിച്ചു. അദ്ദേഹത്തിന്റെ ഈ സഹായമില്ലായിരുന്നെങ്കിൽ, എന്റെ ജീവിതത്തിലെ ഒരു മഹത്തായ നിമിഷം എന്നെ ടന്നുപോയ്ക്കളയുമായിരുന്നു. ഈ കാലത്തു് എന്റെ ഗുരുവും ഞാനുമായുള്ള ബന്ധം കലഹത്തിലും അഭിപ്രായസംഘട്ടനത്താലും, നിബിഡമായിരുന്നു .....മനഃക്ലേശം പലപ്പോഴും യുക്തിരഹിതമാണു്. പ്രിയതരനായ ആ നായകനെപ്പററിയുള്ള സ്വപ്നമെല്ലാം മാഞ്ഞുമറഞ്ഞതിനുശേഷം അതിന്റെ സ്ഥാനത്തു, ഒരുപക്ഷെ നിസ്സബ്ദവിരോധത്തിലേ, അഥവാ ഒരു അന്യഥാഭാവത്തിലോ വൎത്തിക്കുന്ന ഒരാളിന്റെ ചിത്രം വന്നുചേരുന്നതുകൊണ്ടുള്ള എന്റെ മനോവ്യഥയ്ക്കു ഞാൻ യുക്തിയൊന്നും കണ്ടില്ല.


"എന്റെ ഈ മനോവ്യഥ തുടരുന്നതായാൽ, അതു വളരെ കടന്നുപോയെങ്കിലോ എന്നു തോന്നിയ ഒരു പ്രായം കൂടിയ സ്ത്രീ സ്വാമിജിയോട്ട് അതേപ്പററി സംസാരിച്ചു. അദ്ദേഹം ഒന്നും മിണ്ടാതെയിറങ്ങിപ്പോയി. വൈകുന്നേരം അദ്ദേഹം തിരിച്ചുവന്നപ്പോൾ ഞാനും ആ സ്ത്രീയും കൂടി വരാന്തയിൽ നിൽക്കുന്നതു കണ്ടു് അവരോടു തിരിഞ്ഞു് അദ്ദേഹം പറഞ്ഞു: —'നിങ്ങൾ പറഞ്ഞതു ശരിയാണു്. ഞാൻ ഏകാകിയായിരിക്കാൻ വനത്തിലേക്കു പോകുന്നു. തിരിച്ചു വരുമ്പോൾ ഞാൻ ശാന്തിയും കൊണ്ടുവരാം.' അനന്തരം അദ്ദേഹം ആകാശത്തിലേക്കു നോക്കിയപ്പോൾ അന്നു് അമാവാസിയാണെന്നു മനസ്സിലായി. ഉടൻ അദ്ദേഹം എന്റെ നേരേ തിരിഞ്ഞുകൊണ്ടു ഇങ്ങനെ അരുളിച്ചെയ്തു: 'ഇതാ, ഇന്നു കറുത്തവാവാണു്. ചന്ദ്രനോടൊപ്പം നമുക്കും ഒരു നൂതനജീവിതം ആരംഭിക്കാം!' അദ്ദേഹത്തിന്റെ മുന്നിൽ മുട്ടുകുത്തിയ അത്യന്തം കലഹബുദ്ധിയായ ഈ ശിഷ്യയെ അദ്ദേഹം രണ്ടുകൈയും ഉയൎത്തി അനുഗ്രഹിച്ചു. ആ നിമിഷത്തിന്റെ മനോരഞ്ജകമായ മധുരിമ അത്ഭുതകരമായിരുന്നു. 'നരേന്ദ്രനു സ്പൎശമാത്രത്താൽ ജ്ഞാനം നൾകാൻ സാധിക്കുമെന്നു അവൻ തെളിയിക്കും' എന്നു വളരെനാൾമുമ്പു ശ്രീരാമകൃഷ്ണൻ പറഞ്ഞിരുന്നു. അൽമോറായിലെ ആ സായാഹ്നവേളയിലുണ്ടായ സമാഗമത്തിൽ ഞാൻ ഈ ദീൎഘദൎശനത്തിന്റെ സത്യാവസ്ഥ വെളിപ്പെടുത്തി."

ഇങ്ങനെ സ്വയം വിശ്വാസം നേടിയതിനുശേഷം മിസ് നോബിൾ, നിവേദിത (നിവേദിക്കപ്പെട്ടവൾ, എന്ന നൂതനവും, പൗരസ്ത്യവും ആയ പേരോടുകൂടി ശ്രീരാമകൃഷ്ണപരമ്പരയിൽ ചേൎന്നു. ഇന്ത്യയുടെ സേവനത്തിനായി സകല പ്രകാരത്തിലും നിവേദിക്കപ്പെട്ടവളാണു് സിസ്റ്റർ നിവേദിതയെന്നു് ആ മഹതിയുടെ അനന്തരജീവിതം വിശദമാക്കുന്നതാണു്. ഹിന്ദുമതം സ്വീകരിച്ചെങ്കിലും മതത്തിന്റെ നേതൃത്വം വഹിക്കുന്നവൾ എന്ന ഭാവം നിവേദിത ഒരിക്കലും സ്വീകരിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. മററുള്ളവരുടെ സേവനത്തിനായി മാത്രമാണു് അവരുടെ ജീവിതം സമപ്പിക്കപ്പെട്ടതു്. സ്വാമി വിവേകാനന്ദൻ ഇന്ത്യയ്ക്കു നൾകിയ അമൂല്യനിധികളിലൊന്നു നിവേദിതയത്രെ.

തന്റെ ഗുരുവിന്റെ നിയോഗമനുസരിച്ചുള്ള പ്രവൃത്തി ചെയ്യുന്നതിനു്, ആചാരനിഷ്ഠതികഞ്ഞ ഹൈന്ദവസമുദായത്തിൽ നിവേദിതയ്ക്കു് ഒരു നല്ല സ്ഥാനം നേടേണ്ടിയിരുന്നു ഇതൊരു ഭഗീരഥപ്രയത്നംകൊണ്ടു മാത്രമേ സാധിക്കുമായിരുന്നുള്ളു എന്നു പറയേണ്ടതില്ല ഈ വിഷയത്തെപ്പററി മിസിസ് ജെ. സി. ബോസ് പറയുന്നതുതന്നെ നോക്കാം: —

"നിവേദിത അസാദ്ധ്യമായതിനെ സാധിച്ചിരിക്കുന്നതായി ഞാൻ കണ്ടപ്പോൾ, എന്റെ അത്ഭുതം എന്തായിരുന്നു! യാഥാസ്ഥിതികരായ ഹിന്ദുക്കളുടെ ഇടയിൽ ഒരു സ്ഥലമെടുത്തു താമസിച്ച അവൎക്കു യാതൊരു ഹിന്ദുവും ഒരു സഹായവും ചെയ്തുകൊടുക്കുമായിരുന്നില്ല. അനേകം ദിവസങ്ങൾ

## —൧000-റാത്തൽ ഭാരമുള്ള വസ്ത്രങ്ങൾ—



കാൺസ്റ്റൻസ്ബെന്നററ (നടുവിൽ) എന്ന നടിക്കു് 100-റാത്തൽ തൂക്കമേയുള്ളുവെങ്കിലും "Affairs of Cellini" എന്ന കഥയിൽ 1000-റാത്തൽ ഭാരമുള്ള വസ്ത്രങ്ങൾ ധരിച്ചു് അഭിനയിക്കേണ്ടിവന്നു. ഈ വസ്ത്രങ്ങൾ എല്ലാം ഒരേസമയത്തു് അവൾ ധരിക്കേണ്ടിവന്നില്ല എന്നുള്ളതു് ആശ്വാസപ്രദമാണു്. വലതുവശം (താടിമീശക്കാരൻ) മി. ഫ്രെഡ്രിക്മാർച്ച്.

നിവേദിത ആഹാരം പാകംചെയ്യാതെ പഴങ്ങളും മററും ഭക്ഷിക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടേണ്ടിവന്നു. കുറേനാൾ ഇങ്ങനെ കഴിഞ്ഞപ്പോൾ, അവരുടെ അതിഥിയായി ചെല്ലുന്നതു് ഒരു പ്രത്യേകാവകാശമായി അയൽക്കാർ ഗണിച്ചുതുടങ്ങി.

"ഇങ്ങനെ അല്പാല്പമായി അവിടെയുള്ള ഹിന്ദുക്കളുടെയെല്ലാം ഹൃദയം കവരാൻ ക്ഷമാപൂർവമായ സ്നേഹംകൊണ്ടു നിവേദിതയ്ക്കു സാധിച്ചു. അതോടുകൂടി ഒരു കിൻഡർഗാർട്ടൻ പള്ളിക്കൂടം സ്ഥാപിക്കാനിടയായി. കുട്ടികളോടൊപ്പംതന്നെ അവരുടെ മാതാക്കൾക്കും ആ സ്കൂളിൽ പ്രത്യേകം ക്ലാസ്സുകൾ ഏർപ്പെടുത്തപ്പെട്ടു. ഈ രീതിയിൽ ആചാരനിഷ്ഠാജടിലമായ സമുദായമദ്ധ്യത്തിൽ 'സഹോദരീമന്ദിരം' സ്ഥാപിതമായിത്തീർന്നു. നിവേദിതയുടെ മഹത്തായ സേവനം യൂറോപ്പിലും അമേരിക്കയിലുംനിന്നു് അനേകം സന്ദർശകന്മാരെ ആകർഷിക്കയും, അവരെല്ലാം ഈ യൂറോപ്യൻവനിതയുടെ ചിററമ്മയായ ഭാരതഭൂമിയെപ്പററി ബഹുമാനാദരങ്ങളോടെ തിരിച്ചുപോകയും ചെയ്യാനിടയായിട്ടുണ്ടു്.

"ഇടവഴികളും, താമസസ്ഥലത്തിന്റെ പരിസരങ്ങളും മററും വൃത്തിയാക്കിയിടാൻ നിവേദിത മററുള്ളവരെ പ്രേരിപ്പിച്ചു. ഇതു് എളുപ്പമായ ഒരു കാര്യമായിരുന്നില്ല. എന്തെന്നാൽ സ്വന്തം കൈകൊണ്ടു് നിവേദിതതന്നെ ഇടവഴികളും മററും തൂത്തു് വൃത്തിയാക്കി കാണിച്ചുകൊടുക്കുകയാണു് ഉണ്ടായതു്. ഇക്കാലത്തു് കൽക്കട്ടായിൽ അതിഭയങ്കരമായ പ്ലേഗു പടർന്നുപിടിച്ചു തീവണ്ടികളും കപ്പലുകളും അഭയാർത്ഥികളായ ജനങ്ങളാൽ നിറഞ്ഞു. മററനേകം പേർ സംഭ്രാന്തരായി നാലുപാടും ഓടി. എന്നാൽ നിവേദിത അവരുടെ കൂട്ടത്തിൽ ഓടിയില്ല. ഒരുകൂട്ടം യുവാക്കന്മാരെ ശേഖരിച്ചു നഗരത്തിന്റെ ഏററവും വൃത്തികെട്ട സ്ഥാനങ്ങൾ ശുചിയാക്കുകയും പ്ലേഗുബാധിച്ചവരെ സ്വയം ശുശ്രൂഷിക്കയുമാണു് അവർ ചെയ്തതു്. ദരിദ്രരായ മാതാപിതാക്കന്മാരുടെ ഒരു കൊച്ചുകുഞ്ഞു സ്വന്തം മാതാവാണെന്നുകരുതി നിവേദിതയെ കെട്ടിപ്പിടിച്ചുകൊണ്ടു് അവരുടെ മടിയിൽകിടന്നു മരിച്ചു".

കിഴക്കെ ബംഗാളിൽ 1906-ൽ ഉണ്ടായ വെള്ളപ്പൊക്കത്തിലും ക്ഷാമത്തിലും സിസ്റ്റർനിവേദിത വീരോചിതമായ മനുഷ്യസേവനം ചെയ്തു.

"കിഴക്കെ ബംഗാളിലെ ക്ഷാമത്തെപ്പററി സിസ്റ്റർനിവേദിത അറിഞ്ഞു. അനേകം ദിവസങ്ങൾ അവർ വെള്ളത്തിൽ മുങ്ങിയ ഓരോ ഗ്രാമവും നീന്തിനടന്നു സന്ദർശിച്ചു. അതോടുകൂടി അതിഭയങ്കരമായ മലേറിയാ ബാധിച്ചു നിവേദിത കിടപ്പിലായി. വളരെനാൾ കഴിഞ്ഞു ആ രോഗം ഭേദപ്പെട്ടപ്പോൾ കുറേക്കൂടി ആരോഗ്യകരമായ മററുവല്ല സ്ഥലത്തേക്കും താമസം മാററണമെന്നു പലരും ഉപദേശിച്ചു. പക്ഷേ നിവേദിത താമസം മാററിയില്ല. ലെയൻ എന്ന സ്ഥലത്താണു് അവർ താമസിച്ചിരുന്നതു്. കിൻഡർഗാർട്ടൻസ്കൂളിൽ നിവേദിത പഠിപ്പിച്ചിരുന്ന കുട്ടികളെല്ലാം പ്രായമായിരുന്നു. അവരെല്ലാം നിവേദിതയെ സ്വന്തം മാതാവിനെപ്പോലെയാണു് സ്നേഹിച്ചിരുന്നതു്".

പ്ലേഗു ബാധിച്ചകാലത്തു തന്റെ സഹജീവികളെ രക്ഷിക്കാൻ നിവേദിത ചെയ്ത ശ്രമം മാത്രമായിരുന്നാൽപോലും അവരുടെ പേരിനെ ശാശ്വതമാക്കിത്തീർക്കാൻ അതു മതിയാകുന്നതാണു്.

നിവേദിതയുടെ ആദ്യത്തെകൃതി, 1900ൽ പ്രസിദ്ധമായ "കാളിമാതാ" എന്ന ഗ്രന്ഥമാണു്. ഈ ചെറിയ കൃതിയിൽ ഗ്രന്ഥകർത്രി കാളിയെപ്പററിയുള്ള ബോധത്തെ നിർവചിക്കുന്നു. കാളി എന്നതു അപരിഷ്കൃതരായ കിരാതന്മാർ ഭജിക്കുന്ന രക്തപാനോൽസുകയായ ഒരു ഘോരമൂർത്തിയാണെന്നു വിശ്വസിക്കുന്ന അഭ്യസ്തവിദ്യരായ ഇന്ത്യാക്കാർതന്നെ ധാരാളമുണ്ടു്. അത്തരം ആളുകൾക്കു് ഈ പുസ്തകം ഒരു നൂതനപ്രകാശം നൾകുന്നതാണു്. ഈശ്വരനെ സ്നേഹമൂർത്തിയായി സങ്കല്പിക്കുമ്പോൾ സത്യത്തിന്റെ പകുതിമാത്രമേ ആകുന്നുള്ളു എന്നുള്ളതിനാൽ, ഘോരതയുടെ മൂർത്തിയായും അദ്ദേഹത്തെ സങ്കല്പിക്കേണ്ടിയിരിക്കുന്നു. ഇതാണു് ഈ ഗ്രന്ഥത്തിന്റെ ഒററവാക്യത്തിലുള്ള സാരം.

1902-ജൂലൈമാസത്തിൽ ശ്രീവിവേകാനന്ദൻ മരിച്ചതിനുശേഷം സിസ്റ്റർനിവേദിത ഇന്ത്യയുടെ പലഭാഗങ്ങളിലും സഞ്ചരിക്കയും പ്രധാനനഗരങ്ങളിലെല്ലാം പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. പഴയകാലത്തെ തീർത്ഥയാത്രക്കാരെപ്പോലെ അവർ കാൽനടയായി പല പുണ്യസ്ഥലങ്ങളും സന്ദർശിക്കയുമുണ്ടായി.

(തുടരും)

# ക ടു ക്.

(വി. എൻ. എം.)

ക കാരംകൊണ്ടു തുടങ്ങുന്നതും തിരിച്ചാലും മറിച്ചാലും സ്വാതന്ത്ര്യമുള്ള രൂപത്തിനു വലിയ മാററവും മറിച്ചിലും വരാത്തതുമായ ഒരു വസ്തുവാണ് കടുക്. പരിണാമാവസ്ഥയിൽ വട്ടരൂപമാണു കടുകിനുള്ളതെങ്കിലും തടിയന്മാരേക്കാൾ ചടുലമായിട്ടാണ് അതിന്റെ പ്രവൃത്തി. ചെറിയൊരു വിടവിൽകൂടി ചോർന്നു പോകുവാൻ സാധിക്കുന്നതുകൊണ്ട് കടുകിനെ തടവിലിടാമെന്നു നൊടിയിടപോലും ഓർക്കേണ്ട. ഒട്ടു സാധിക്കയുമില്ല.

കടുകിന്റെ ആകൃതിതന്നെ അതിനൊരു മാഹാത്മ്യമാണ്. സൂര്യാദിസമസ്തഗോളങ്ങളും ഉരുണ്ടതായിരിക്കെ അനന്തൻചേട്ടന്റെ ഞാഞ്ഞൂളനിയനെപ്പോലെ കടുകിനും കട്ടകോളമെങ്കിലും പ്രാധാന്യം ഇല്ലാതില്ല. പുരോഗമനം ചെയ്യേണ്ട സകല വസ്തുക്കളും ഉരുണ്ടതായിരിക്കണമെന്നാണ് പരന്റെ നിനവെന്നു തോന്നുന്നു. കടുകിന്റെ വടിവു പുരോഗമനത്തിന്റെ സംഗ്രഹരൂപമാണെന്നു സംക്രന്ദനംവിനാ പറയുന്നതിൽ തെററും തെറിയുമൊന്നുമില്ല.

കടുകു വറുക്കാത്ത വീട്ടം പാടലാധരികളും സമമെന്നു പറയാം. ഓണം, വിഷു, തിരുവാതിര, സംക്രമം ഇത്യാദി ഉഗ്രപ്പെട്ട ദിവസങ്ങളിൽ കടുകു വറുക്കണമെന്നൊരു നിയമമുണ്ട്. ശുഭസൂചകമാണിതെന്നു ലേശവും കൂസൽകൂടാതെ പറയാം. "കൺമുനകൊണ്ടു 'കടുകു' വറുക്കുന്ന പെണ്ണിനു" ഒരു പകിട്ടും മട്ടും വേറെതന്നെയാണെന്നാണ് മഹിമയേറുന്ന മലയാണ്മയുടെ പുഞ്ചിരിയായി ലസിച്ച കുഞ്ചൻനമ്പ്യാരുടെ ബലമായ അഭിപ്രായം കടുകിന്റെ ചപലത്തരമാണിതെന്നു വിശ്വസിക്കരുത്. ചഞ്ചലാക്ഷികൾ എന്നാൽ കൺമുനകൊണ്ടു കടുകു വറുക്കുന്നവർ എന്നുതന്നെയാണർത്ഥം. തേഞ്ഞൊരുംവാണി കിട്ടാതെ നാണിക്കുന്ന ശോണാധരികൾക്കു കൺമുനകൊണ്ടു കടുകു വറുക്കൽ തന്നെയാണൊരു ശരണം.

കടുകു പണ്ടത്തെക്കാലം മുതൽക്കുണ്ടെന്നുള്ളതു നിർവിവാദമായ ഒരു സംഗതിയാണ്. ഹനുമാനും കടുക് ഒരു മാർഗ്ഗദർശിയായിത്തീർന്നിട്ടുണ്ട്. "ഉടനേ കടുകിനൊടുസമമിടത്തുകാൽ മുമ്പിൽവെ—ച്ചുള്ളിൽകടപ്പാൻ തുടങ്ങി"യ ഹനുമാൻ ലങ്കാലക്ഷ്മിയുടെ അക്ഷികളെ ലക്ഷീഭവിച്ച കഥ കേട്ടാൽ കണ്ണുകളായിരമുള്ള വിണ്ണോർനാഥനും തുണ്ണും കണ്ണുമിഴിച്ചുപോകും. "കടുകു ചോരുന്നതു പടഞ്ഞാൽ ആനചോരാതെ കഴിച്ചുകൂട്ടാം" എന്ന പഴമൊഴിയെ അണുവും പിഴപററാതെ നിനച്ചിരുന്ന ലങ്കാസ്ത്രീ മഹാകായന്മാരേക്കാൾ പേടിച്ചിരുന്നതു് കടുകുപ്രമാണക്കാരെയാണ്. കടുകു ചോരാതെ കണ്ണിൽ എണ്ണ ഒഴിച്ചിരുന്ന അണ്ണോജാക്ഷിയായ ആ ലങ്കാസ്ത്രീക്കു കടുകുസമനായിചെന്ന ഹനുമാനെ അതിനാലത്രെ കണ്ടുപിടിക്കുവാൻ സാധിച്ചതു്.

ഇക്ഷിതിയിൽ അക്ഷീണം അസ്തിത്വത്തെ പ്രാപിച്ചിട്ടുള്ള സകല ജീവരാശികൾ, പുല്ലുപുഷ്പങ്ങൾ, കല്ലു കട്ട കാഞ്ഞിരക്കുററിമുള്ളു ചരട്ട മൂർഖപ്പാമ്പ് ഇത്യാദി സകലത്തിനും ഒരു നില (Equilibrium) ഉണ്ട്. എന്നാൽ ഈ നിലയ്ക്കു അല്പസ്വല്പം വ്യത്യാസമുണ്ട്. സ്ഥിരസമത്തുക്കനില (Stable Equilibrium) അസ്ഥിരസമത്തുക്കനില (Unstable Equilibrium) നിരപേക്ഷനില (Neutral Equilibrium) ഈ മൂന്നാണ് നിലകളുടെ അവാന്തര വിഭാഗങ്ങൾ. നിരപേക്ഷനില കൈക്കൊള്ളുന്ന വസ്തുക്കളെ എങ്ങിനെ തിരിച്ചാലും മറിച്ചാലും അവയുടെ നില തെററുകയില്ല. നില തെററാത്ത 'കടുക്' എന്നും ഏതവസ്ഥയിലും 'കടുകു'തന്നെ.

കടുകിന്റെ വടിവു ചെറുതെങ്കിലും വറക്കാൻ തുടങ്ങിയാൽ അവൻ ഒരു വെറിയനെപ്പോലെയാണ്. 'ചടപട' എന്നു പൊട്ടിത്തെറിച്ചു അവിടക്കും ഇവിടക്കും ചാടി കാട്ടിക്കൂട്ടുന്ന പരാക്രമം കണ്ടാൽ നരസിംഹവുംകൂടി തലതാഴ്ത്തി ഗമിക്കേണ്ടതായി വരും. വിടാതെ പിടിച്ചുപൊരിച്ചു പാകപ്പെടുത്തി ഭരതിന്റെ മുഷ്കൊന്നു കുറച്ചാൽ ആളു പട്ടാണ്. പിന്നെ അതിന്റെ സ്വഭാവത്തിനെന്തു സ്വാദായിരിക്കും! അതിനോടു സമ്പർക്കവും സാമീപ്യവും ലഭിച്ച വസ്തുക്കൾക്കും അതുപോലെതന്നെ. എരുപുളി, എരിശ്ശേരി, ഇത്യാദിയായ 'എ' ക്ലാസുകൂട്ടാൻഎല്ലാം കടുകിന്റെ ധാടികൊണ്ടാണ് മേത്തരമായി വർത്തിക്കുന്നതു്. കടുമാങ്ങാക്കറിയും അങ്ങിനെതന്നെ.

തടിയില്ലെന്നു വിചാരിച്ചു കടുകിനെ ആരും പരിഹസിപ്പാൻ തുടരേണ്ട. അഷ്ടൈശ്വര്യസിദ്ധികളിൽ 'ഗരിമ' സിദ്ധിച്ചിട്ടില്ലെങ്കിലും അണിമ കടുകിന്റെ കുടുംബസ്വത്താണ്. അണോരണീയത്വം മഹതോ മഹീയത്വത്തിനോടു കിടപിടിക്കുമെന്നുള്ളതു നിർവിവാദമാണ്. മഹീധരങ്ങൾപോലും അണുക്കളുടെ സംഘടിതാവസ്ഥയാണു എന്നാണല്ലോ ശാസ്ത്രസിദ്ധാന്തം. മഹത്തുക്കളുടെ ഉൽപ്പത്തിസ്ഥാനം അണുപ്രായമായ അതായതു കടുകിനു സമമായ വസ്തുക്കളിൽ നിന്നാണെന്നുള്ള വസ്തുതയും ഇതിൽനിന്നു സിദ്ധമാവുന്നുണ്ട്. "കംഭഃ പരിമിതമംഭഃ പിബതിപിപീലികംഭസം ഭവാംഭോധിം" എന്നാണു പ്രമാണം.

കടുകിനെ വടിവിനോടെ അടച്ചുസൂക്ഷിക്കാതെ അങ്ങിങ്ങു തൂകിൽ അട്ടിക്കിൽ തമ്മിത്തല്ലുണ്ടാകുമെന്നു ചിലരുടെ ഇടയിൽ ഒരു വിശ്വാസമുള്ളതിൽ എത്രകണ്ടു നേരുണ്ടാവോ? 'കടുകു ചോരാതെ' കഴിച്ചുകൂട്ടാനായിരിക്കും ഈ പ്രമാണം. 'കടുകിന്റെ തൊണ്ടുകളക' എന്നു പറഞ്ഞാൽ വേണ്ടാതെ കണ്ടു കുണ്ടാമണ്ടി പിടിച്ചു ഒരു ജോലിയിൽ ഏർപ്പെടുക എന്നാണർത്ഥം. കടുകുവറക്കാൻ മാത്രം ഇംഗ്ലീഷുശീലമുള്ള മുറിയിംഗ്ലീഷു കേൾക്കാൻ ഭേഷാണ്. 'ട്രിവാൻഡ്രം' 'ട്രിച്ചിനാപ്പള്ളി' 'ട്രിച്ചൂർ' ഇതൊക്കെ കേട്ടപ്പോൾ 'ട്രി' കൂട്ടിയാൽ ഇംഗ്ലീഷായെന്നു കരുതി പട്ടവാണെന്നു നടിച്ചു ഒരു കടുകിംഗ്ലീഷൻ 'എറണാകുളം'ത്തെ 'ട്രിണാകുള'മാക്കി 'ട്രാൻസ്ഫർ' ചെയ്തതായി ഒരു കഥയുണ്ട്.

കടുകൊരു മഹാവൈദ്യനും കൂടിയാണ്. പുഴക്കടി മുതലായതിനു കടുകരച്ചു പുരട്ടിയാൽ പൊറുക്കുമത്രെ. കടുകിട്ട് എണ്ണ കാച്ചി പുരട്ടിയാൽ ദുര്യോധനവംശക്കാർ നശിക്കുമത്രെ. കൃഷ്ണന്റെ നിറമായതുകൊണ്ടോ എന്തോ? കുരുക്കളും കൃഷ്ണനും പണ്ടേ വൈരികളാണല്ലോ. കടുകെണ്ണ നാട്ടിൽ നടപ്പില്ലെങ്കിലും വടക്കേക്ക് അതിൽ അല്പം പ്രതിപത്തി കൂടുതലാണ്. 'കോക്കനട്ടോയിൽ' സെക്ഷൻകാരേക്കാൾ കടുകെണ്ണക്കാരാണ് അട്ടിക്കിൽ അധികം. പച്ചമുളകും കടുകും മെച്ചമേറുന്ന കറിവേപ്പിലയുമുണ്ടെങ്കിൽ വച്ചതശേഷം അമൃതോപമമാക്കാമെന്നു മലയാളികൾ കണ്ടുപിടിച്ചിട്ടു കാലം കുറെയായി. നടുവിൽ പറഞ്ഞ കടുകാണിതിൽ സരസൻ. കറിക്കു രസം കൂടണമെങ്കിൽ കടുകിനെ മറക്കരുതെ!

—*—


സ്വാദും, ശരീരത്തിനു സുഖവും നൾകുന്നതും പാചകത്തിനു എളുപ്പവുമുള്ള

"രുക്മിണികുക്കർ"

വാങ്ങുവിൻ.

ഒരാൾക്കുമുതൽ 16 പേർക്കുവരെ ചോറും കറികളും ഒരേസമയം പാകംചെയ്യാവുന്ന കുക്കറിനു് ക്രമംപോലെ, 10–41 രൂപാവരെ വിലയുണ്ട്. വില വിവരപ്പട്ടിക ഇനാം.

രുക്മിണികുക്കർ C/o
റായപുരം, മദ്രാസ്.

ഏജൻറന്മാർ.

1. സി. വീ. കുഞ്ഞുവറീതു്, ബ്രാഡ്വേ
എറണാകുളം.

2. എസ്. പി. കൃഷ്ണപിള്ള,
വലിയകട, കൊല്ലം.

ഇൻഡ്യൻഎംപോറിയം,
മെയിൻറോഡ്, തിരുവനന്തപുരം.

**Cure for Tooth Trouble etc.**

**Consult Dr. Philip Modiel,**

**Surgeon Dentist,**

**Statue Road, Trivandrum.**

# ബുദ്ധിമതിയായ ഒരു ബാലിക.

(എസ്സ്. എസ്സ്.)

മേരി മാഡലീൻെറ പിതാവ് ക്യാനഡയിലെ കുടിപാർപ്പുകാരിൽവച്ചു ഏററവും പുരാതനനായിരുന്നു. സെയിൻറ് ലാറൻസ്നദിയുടെ തീരത്തുള്ള കുറേസ്ഥലം ഫ്രഞ്ചുരാജാവായ ലൂയി പതിനഞ്ചാമൻ അയാൾക്കു ദാനംചെയ്യുകയും അയാൾ ഭാര്യയോടും കുട്ടികളോടും ഒരു ചെറിയ സൈന്യത്തോടുംകൂടി അവിടെ കുടിപാർക്കുകയും ചെയ്തു.

തൻെറ പത്നിയേയും മൂന്നുകുട്ടികളെയും ലാവയലററ് എന്ന ഏകഭടൻെറ സംരക്ഷണയിലാക്കിയിട്ടു പ്രവാസം ചെയ്യേണ്ട ഒരു അവസരം അയാൾക്കു നേരിട്ടു.

അയാൾപോയി ഉദ്ദേശം ഒരു മണിക്കൂർ കഴിയുന്നതിനുമുമ്പു വനത്തിൽനിന്നു ഒരു ചൂളത്തിൻെറ ശബ്ദം പുറപ്പെട്ടു. ഐറോകായിസ്സിലെ നാട്ടുകാരുടെ തലവനായ കൃഷ്ണജംബുകൻ അഭിക്രമണം ചെയ്യാൻ പോകുന്നതിൻെറ ശംസനമായിരുന്നു ആ ചൂളം.

ഗൃഹനായകൻ വിയുക്തനായിരിക്കുന്നു എന്നുള്ള വിവരം ചാരന്മാർമുഖാന്തരം അവൻ ഗ്രഹിക്കുകയും പ്രാകാരം കൈവശപ്പെടുത്തുവാൻ അതു നല്ലൊരു തക്കമാണെന്നു അവൻ നിർണ്ണയിക്കയും ചെയ്തു.

പതിന്നാലുവയസ്സുമാത്രമുണ്ടായിരുന്ന ഒരു ബാലികയായ മേരിമാഡലിനാണു പ്രാകാരത്തെ സംരക്ഷിക്കുവാൻ വേണ്ട സന്നാഹങ്ങൾ ചെയ്തതു എന്നുള്ളതു ആശ്ചര്യകരമായ ഒരു വാസ്തവമാകുന്നു. അവൾ ഒരു തോക്കെടുത്തു മാതാവിനെ ഏൽപിച്ചു, മറെറാന്നു അവളുടെ അനുജൻെറ കൈയിലും നൽകി. എല്ലാവരും ഒരേസമയത്തു വെടിവയ്ക്കണമെന്നു അവൾ ആജ്ഞകൊടുത്തു. കോട്ടയ്ക്കകത്തു ഒരു പ്രബലമായ സൈന്യം ഉണ്ടെന്നു വിരോധികൾ അനുമിക്കട്ടെ എന്നായിരുന്നു അവളുടെ ഉദ്ദേശ്യം. ഭടനും അവളുടെ ജനനിയും ഒരു സ്ഥലവും അവൾ തനിച്ച് വേറൊരു സ്ഥലവും രക്ഷിച്ചുനില്ക്കണമെന്നു അവൾ നിശ്ചയിച്ചു.

പ്രാകാരസ്തംഭങ്ങളിൽക്കൂടി കയറി കോട്ടയ്ക്കുള്ളിൽ കടക്കാനായിരുന്നു ശത്രുക്കളുടെ ഉദ്യമം. എന്നാൽ കുറിയ്ക്കു കൊള്ളത്തക്കവണ്ണം വെടിവയ്ക്കുവാൻ സമർത്ഥരായ പ്രാകാരവാസികൾ അവരെ പിന്നോട്ടു പായിച്ചു. തൂണുകളുടെ അററത്തു തൊപ്പികൾ വച്ചും അവയെ അങ്ങോട്ടുമിങ്ങോട്ടും നീക്കിയും ഭടന്മാർ അവിടവിടെ ചലിക്കുന്നതുപോലെ അവൾ കാഴ്ചകാണിച്ചു. നാട്ടുകാരുടെ വെടിയുണ്ടകൾ ഈ കൃത്രിമഭടന്മാരുടെ തൊപ്പികളിലാണു ചെന്നു ഏററതു്.

രാത്രിയായപ്പോൾ ദൈവാധീനതകൊണ്ടു ആകാശം താരകിതമായിരുന്നു അതുകൊണ്ടു അന്ധകാരനിലീനരായി കൃഷ്ണജംബുകാനുയായികൾക്കു കോട്ടയെ ആക്രമിക്കാൻ തരംകിട്ടാതെപോയി. അടുത്തദിവസം തോക്കുകളും വില്ലമമ്പും ഉപയോഗിച്ചുള്ള യുദ്ധം നടന്നു. അന്നു നിശാമുഖത്തിൽ മേഘങ്ങളുടെ കാർണ്ണ്യമാവിർഭവിച്ചു. കൃഷ്ണജംബുകൻ ഉത്സാഹംകൊണ്ടു വിജയഗർവം നടിച്ചു. അവിചാരിതമായ ഒരു ആക്രമണത്താൽ കോട്ട കൈവശപ്പെടുത്താൻ തരംകിട്ടിപ്പോയി എന്നായിരുന്നു അവൻെറ വിചാരം.

അപ്പോൾ മേരിമാഡലിനു ഒരു ഉപായംതോന്നി. അവരിലൊരാൾ കോട്ടയ്ക്കകത്തുനിന്നു പതുങ്ങി ആററിൻെറ കരയ്ക്കെത്തി അവിടെയുള്ള ഒരു ചെറുവഞ്ചിയിൽക്കയറി ഒഴുക്കത്തു കീഴ്പോട്ടുപോകണം. അങ്ങനെ സഞ്ചരിക്കുമ്പോൾ കുറെ വെടികൾവയ്ക്കുകയുംവേണം. വെടിയുടെ ശബ്ദം കേൾക്കുമ്പോൾ പ്രാകാരസ്ഥരെ സഹായിക്കാൻ ഭടന്മാർ വരുന്നു എന്നു കൃഷ്ണജംബുകനും സഖാക്കളും വിചാരിക്കും. അവർ കാന്ദിശീകരായി പ്രതിനിവർത്തിക്കയുംചെയ്യും.

അവളുടെ ഈ സൂത്രത്തിനു അനുസരിച്ചു വള്ളത്തിൽകേറി വെടിവയ്ക്കുന്ന ഭാരം ലാവയലററുതന്നെ ഏററു.

തിമിരചരന്മാരായി കൃഷ്ണജംബുകൻെറ കൂട്ടുകാർ കോട്ടയുടെ സമീപത്തേക്കു ഇഴഞ്ഞുചെല്ലുമ്പോൾ ആററിൽനിന്നു വെടിയുടെയും ആർപ്പിൻെറയും ശബ്ദം ഉൽഭൂതമായി. കൃഷ്ണജംബുകൻ സസംഭ്രമം വീണ്ടും ചൂളംവിളിച്ചു. എന്നാൽ ഇത്തവണത്തെ ചൂളം തൻെറ കൂട്ടുകാർ തിരിച്ചുപോകാൻ ആജ്ഞാപിക്കുന്നതായിരുന്നു.

മേരിമാഡലിനെ ഫ്രഞ്ചുരാജാവു അത്യന്തം അഭിനന്ദിച്ചുവെന്നു മാത്രമല്ല ആ ചെറുബാലികയുടെ ധീരപ്രവൃത്തിയുടെ സ്മാരകമായി അവളുടെ ഒരു പ്രതിമ സെയിൻറ് ലാറൻസ്നദിയുടെകരയ്ക്കു അദ്ദേഹം സ്ഥാപിക്കയും ഉണ്ടായി. അവളുടെ അചഞ്ചലമായ ധൈര്യവും സമയോചിതമായ പ്രവൃത്തിയും നിമിത്തമാണല്ലോ പ്രധാനപ്പെട്ട ഒരു പ്രാകാരം രക്ഷിക്കപ്പെട്ടതു്.

---

## കൌതുകപംക്തി.

### മൂവായിരം കണ്ണുള്ള ചിലന്തി.

അമേരിക്കയിലെ ഒരു ജന്തുശാസ്ത്രജ്ഞൻ മൂവായിരം കണ്ണുള്ള ചിലന്തികളെ കണ്ടുപിടിച്ചിട്ടുണ്ടുപോൽ.

### പഴയ ക്ഷേത്രങ്ങൾ.

പ്രൊഫസർ രക്കൻദാസ്ബാനർജി 1200 വർഷം പഴക്കമുള്ള രണ്ടു ഹൈന്ദവക്ഷേത്രങ്ങൾ ഉത്തരേന്ത്യയിൽ കണ്ടുപിടിച്ചിട്ടുണ്ടത്രെ.

### വിലകുറഞ്ഞ പാനീയം.

പച്ചവെള്ളത്തെ ഒഴിവാക്കിയാൽ ഏററവുംവിലകുറഞ്ഞപാനീയം തേയിലയാണെന്നത്രെ വിദഗ്ദ്ധമതം. ഒരുറാത്തൽ തേയില കൊണ്ടു കുറഞ്ഞതു 200 കോപ്പത്തേയില തയ്യാറാക്കാംപോൽ.

### ഭാര്യമാരെ വിററുവന്നത്രെ.

നൂററാണ്ടിനു മുമ്പു ശീമയിൽ ഭാര്യമാരെ വില്ക്കുന്ന സമ്പ്രദായം നടപ്പായിരുന്നത്രെ. 1832-ൽഒരാംഗ്ലേയൻ തൻെറ ഭാര്യയെ ലേലംവിളിച്ചതിൽ ഒരു പവനും ഒരു പട്ടിയും കിട്ടിപോൽ. വേറൊരുവൻ അഞ്ചുഗിനിക്കാണു സ്വന്തം കമനിയെ വിററതെന്നുകാണുന്നു. 1790-ൽഒരാൾ വെറും ആറുപെൻസിനു ഭാര്യയെ വിററതായി ലണ്ടൻടൈംസിൽ കുറിച്ചിരുന്നു. 1887-ൽ ഒരുവൻ ഷെഫീൽഡിൽ ഒരുവളെ അഞ്ചു ഷില്ലിംഗിനു വിററതായും ലക്ഷ്യമുണ്ടു്.

### വിവേകപൂർത്തി.

മനുഷ്യനു മുപ്പതാമത്തെ വയസ്സിലും, കുരങ്ങിനു മൂന്നാമത്തെ വർഷത്തിലുമാണു പോൽ അറിവു പൂർത്തിയാകുന്നതു്.

### കടലിനടിയിലും പർവതങ്ങൾ-

കടലിനടിയിലും വൻപർവതങ്ങൾ ഉള്ളതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഇവയുടെ നീളം, പൊക്കം, സ്വരൂപം, മുതലായവയുംഗവേഷണവിദഗ്ദ്ധന്മാർ കണ്ടുപിടിച്ചിട്ടുണ്ടത്രെ.

---


## ഒരേറിനു രണ്ടു പക്ഷിയെക്കൊല്ലാൻ

സുവർണ്ണാവസരം.



പുഴക്കടി ഭേദപ്പെടുത്തുന്നതിനും മഴനനയാതിരിക്കുന്നതിനുംകൂടി, ഞങ്ങളുടെ പുഴക്കടിതൈലം ഒർ മണിക്കൂർകൊണ്ടു പുഴക്കടിയെ ഭേദപ്പെടുത്തുന്നു. ഇതിനെ പ്രചാരപ്പെടുത്തുന്നതിനായി ഒർ ഡപ്പി ഒരുമിച്ചു ൩ ക. വിലയ്ക്കു വാങ്ങുന്നവർക്കു ഇനാമായി പട്ടയോടുകൂടിയ ഡമ്മി റിസ്ററുവാച്ചു ൧, ചങ്ങലയോടുകൂടി ഇൻഫൻറു പാക്കററുവാച്ചു ൧, ൧൦ വർഷത്തെ ഗാരൻറിയുള്ളതും കൃത്യമായി സമയം സൂചിപ്പിക്കുന്നതുമായ 'ബീ' ടൈംപീസ് ൧, ബാററിയോടുകൂടിയ ടാർച്ചുവിളക്കു ൧, ഫൗണ്ടൻ പേന ൧, ബ്ലേഡുസഹിതം സേഫ് ടിറേസർ ൧, ബ്രഷ്, സോപ്പ്, ചീപ്പ് അല്ലെങ്കിൽ കൂടിയതരം വാട്ടർപ്രൂഫ് (മഴക്കോട്ടു) കോട്ടു ൧. പാക്കിംഗും പോസ്റേറജും പ്രത്യേകം (കോട്ടിൻെറനിറവും അളവുംഅയയ്ക്കണം തൃപ്തികരമല്ലെങ്കിൽ വിലതിരിച്ചുതരുന്നതാണ്.)

International Trading Co., Post Box No. 6714 (Sect. No 11, M. Q.)Calcutta.

# സാമ്പിൾസംബന്ധയാലോചന.

["അച്ചു."]

സ്ത്രീസന്താനസമ്പത്തിൽ സന്തുഷ്ടി അടയുന്നവർ നന്നേ ചുരുങ്ങും. ബ്രാഹ്മണർ, ക്രിസ്ത്യാനികൾ, വെള്ളാളർ തുടങ്ങിയ 'കെട്ടുറപ്പുജാതിക്കാർ' ഒരു പെൺകുഞ്ഞിന്റെ ജനനം ദൈവകോപത്തിന്റെ സൂചനയായിട്ടാണു കരുതുന്നതു്. പഴയകാലത്തെ തറവാടികളായ നായന്മാരാകട്ടെ കുടുംബം നിലനിൽത്തുന്നതിനുതകുന്ന പെണ്ണുങ്ങളിൽ അത്യധികം കുതുകം പ്രദർശിപ്പിച്ചുപോന്നു. അമ്മാവന്റെ വീട്ടുഭരണന്യൂനതകളെ അനുനിമിഷം അസഹ്യതയോടെ സൂക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ഗുരുത്വംകെട്ട ധിക്കാരിയാണു് അനന്തിരവൻ. സാധുവും, 'വല്ല കഞ്ഞിയോ വെള്ളമോ തിളപ്പിച്ചു്' കൊടുക്കാൻ ശേഷിയും മനസ്സും ഉള്ളവളാണു അനന്തിരവൾ. ഇങ്ങനെയുള്ള ഒരനന്തിരവളുടെ രംഗപ്രവേശത്തോളം സുഖപ്രദമല്ല ആ അനന്തിരവന്റെജനനംഎന്നുള്ളതാണു കാരണവന്മാർക്കുണ്ടാകുന്ന സ്ത്രീപ്രതിപത്തിയുടെ പരമരഹസ്യം. എന്നാൽ ഇന്നത്തെ നായന്മാരുടെ കഥ ഒന്നു മാറിയതാണു്. നസ്രാണിക്കും ബ്രാഹ്മണനും സ്ത്രീധനം കൊടുക്കാനുള്ള പണം കയ്യിലുണ്ടെങ്കിൽ പിന്നെ ഭയപ്പെടാനൊന്നുമില്ല. സ്വത്തുള്ള പെണ്ണിന്റെ സൗന്ദര്യം അവരുടെ യുവാക്കന്മാർ നോക്കുന്നില്ല.—അഥവാ, അവരുടെ ഇടയിൽ ഗുരുജനങ്ങൾ യുവഹൃദയങ്ങൾക്കു് ഏവം വിധങ്ങളായ മനോവ്യാപാരങ്ങളിൽ ക്രീഡിക്കുന്നതിനു് ആനുകൂല്യാനുമതികൾ നൽകുന്നില്ല. വിദ്യയുടെ അഭാവമോ, സ്വഭാവദൂഷ്യംപോലുമോ വിവാഹത്തിനു് പ്രതിബന്ധമായി നിൽക്കുന്നുമില്ല. പണത്തിന്റെ ഏററ കുറച്ചിലനുസരിച്ചിരിക്കും വരന്റെ യോഗ്യതായോഗ്യതകളും.

എന്നാൽ അഞ്ചാറു് പെൺകുഞ്ഞുങ്ങളെ വഹിച്ച നായർസ്ത്രീയുടെ ഗർഭം, ക്രിസ്തീയ വേദഭാഷയിൽ പറയുന്നതായാൽ "ശപിക്കപ്പെട്ടതു്"തന്നെ. ഇതിൽ ഓരോ പെൺകുഞ്ഞിനേയും തേടി അടുക്കുന്ന ഓരോ നായർയുവാവിനേയും പ്രത്യേകശക്തിയുള്ള ഭൂതക്കണ്ണാടിയുടെ പരിശോധനക്കു് അധീനപ്പെടുത്തേണ്ടതാണു്. ഈ യുവസമൂഹത്തിൽനിന്നും ഒരു സാമ്പിൾഎടുത്തു് ആ സാമ്പിളിന്റെ സങ്കല്പക്കോട്ടയിൽ അധിവസിക്കുന്ന സുന്ദരിയെ ഒന്നു സൂക്ഷിച്ചുനോക്കാം. അവൾ സുന്ദരിമാരിൽ സുന്ദരി ആയിരിക്കണം. ദമയന്തിയേയും പാറുക്കുട്ടിയേയും പോരെങ്കിൽ സകല ചലനചിത്രതാരങ്ങളേയും തോല്പിക്കുന്ന സൗന്ദര്യം അങ്ങനെ ഗ്യാലൺ ഗ്യാലണായി ഒഴുകണം. അവളുടെ ഓഹരിക്കുള്ള സ്വത്തു് മി. ഹെൻറിഫോർഡിൽപോലുംഅസൂയഉളിപ്പിക്കണം. അതിൽ കീശച്ചിലവുകൾക്കു് മാത്രം ഒരു ഇരുപതിനായിരം മാററി പ്രത്യേകം ബാങ്കിൽ കറൻറക്കൗണ്ടിൽ ഉണ്ടെങ്കിലോ നന്നു്. പെണ്ണിന്റെ—ക്ഷമിക്കണം, മാഡത്തിന്റെ—സംസ്കാരം പാശ്ചാത്യപൗരസ്ത്യകലകളുടെ ഒരു സൗഹാർദ്ദസമ്മേളനംതന്നെയായിരിക്കണം. ബി. ഏ. പാസ്സായി അല്പം വള്ളത്തോൾരീതിയിൽ ചില കവിതകളും സി. വി. മട്ടിൽ കുറെ "ഗദ്യഗീർവ്വാണങ്ങളും" എഴുതാനുള്ള ശേഷികൂടി ഉണ്ടെങ്കിൽ അതൊരു കുറവായി അയാൾ കരുതുകയില്ല. ബി. ഏ. യ്ക്കു് ഒന്നാംക്ലാസ്സും മെഡലിസ്ററും കൂടി ആണെങ്കിലോ ഭേഷ്! പ്രസംഗംചെയ്യാൻ മടിയില്ലെങ്കിൽ ബഹുബഹു ഭേഷ്! അവൾ കാളേജിൽ പഠിച്ചിരുന്നകാലത്തു് ദുർവൃത്തികളായ യുവാക്കന്മാരുടെ ദൃഷ്ടിദോഷം അവളെ മലിനപ്പെടുത്തിയിരിക്കാൻ പാടില്ലെന്നുള്ളതു പ്രത്യേകം ഓർമ്മിക്കേണ്ട ഒരു സംഗതിയാണു്. എന്നിരുന്നാലും ബർനാർഡ്ഷായുടെ ഒരു കഥയിൽ പറഞ്ഞിട്ടുള്ളതുപോലെ രസികശിരോമണികൾ അവളുടെ ഗുണഗണങ്ങളെ വാഴ്ത്തി ആനന്ദസാഗരത്തിൽ മജ്ജനംചെയ്യുന്നതിനു അവളുടെ സൗന്ദര്യം പര്യാപ്തമാകുന്നില്ലെങ്കിൽ അയാൾക്കു അതു് ഇച്ഛാഭംഗത്തിനു കാരണമാകുന്നതുകൂടിയാണു്. അവളുടെ കുലം, ആരോഗ്യം, [illegible]യിൽ എന്നിവകളെപ്പററി പ്രത്യേകം ഒന്നും പറയേണ്ടതില്ല. ഇതാണു നമ്മുടെ യുവനായർകാമുകന്റെ സങ്കല്പക്കോട്ടയിൽ അധിവസിക്കുന്ന സൗന്ദര്യധാമം.

ഇനി ആ സാമ്പിൾകാമുകനെക്കൂടി സൂക്ഷിച്ചുനോക്കിയെങ്കിലല്ലേ ഇവരുടെ യോജിപ്പു് മനസ്സിലാകയുള്ളൂ. കറുത്തിരുണ്ടു കഷ്ടിച്ച അഞ്ചടിഉയരം. വസൂരിത്തഴമ്പുകൊണ്ടു വികൃതമാക്കിയ മുഖത്തിൽ ഒരുനേത്രത്തിനു് അല്പം ഊർജ്ജസ്വലതക്കുറവു കാണുന്നു- കോങ്കണ്ണെന്നു് ചിലർ ശഠിച്ചേക്കും. സാരമില്ല. മുള്ളൻപന്നിയുടെ പുറംപോലെ ജൃംഭിച്ചുനിൽക്കുന്ന കേശസൂചികൾ നടുവിൽനിന്നു കോതിഒതുക്കുന്നതിനുള്ള സകല ശ്രമങ്ങളെയും വിഫലമാക്കുകയാണു ചെയ്യുന്നതു്. മാർദ്ദവമെന്നതറിയാത്ത തൊലിയുടെ വൈരൂപ്യം വർദ്ധിപ്പിക്കുന്നതിനു് ഉണങ്ങിത്തുടങ്ങിയ വരട്ടുചൊറിക്കു് ഏറെക്കുറെ സാധിക്കുന്നുണ്ടു്. ഈ കോമളമൃദുഗാത്രത്തിന്റെ തേജസ്സ് കാററിൽ ലയിക്കാതെഇരിക്കാൻ ഒരു മഞ്ഞക്കിറിത്തുടങ്ങിയ ഖദ്ദർഷർട്ടും, സാൽവയും മുണ്ടും [illegible] പണിചെയ്യുന്നുണ്ടു് ഇതിനെല്ലാത്തിനും പുറമേ ഇടത്തുകാലിനു് അല്പം നീളക്കുറവു തോന്നിക്കുന്നതു വലതുകാലിന്റെ നിളക്കൂടുതൽകൊണ്ടു മാത്രമായിരിക്കാമെന്നു ചില സൂക്ഷ്മദൃക്കുകൾ വാദിക്കുന്നുണ്ടു്. എന്തുതന്നെ പറഞ്ഞാലും ഇദ്ദേഹം അടുത്തുവന്നെങ്കിൽ ഇംഗ്ലീഷിലെ അയാംബിക്ക മീററും മററും അടങ്ങിയിരിക്കുന്ന കവിതാരീതികൾ പഠിപ്പിക്കാൻ അദ്ധ്യാപകന്മാർക്കു സൗകര്യംകിട്ടുമെന്നുള്ളതേ എനിക്കു നിശ്ചയമായിപ്പറയാൻ സാധിക്കയുള്ളൂ. സൗന്ദര്യദേവതയുടെ പരിരംഭണത്തിനു് മുതിർന്നുനില്ക്കുന്ന ഇദ്ദേഹത്തിന്റെ സന്മാർഗ്ഗബോധം, കുലമഹിമ, സ്വത്തു്, മനഃപരിഷ്കാരം ഇതുകളും ഒട്ടുംതന്നെ അപ്രധാനങ്ങളല്ല. ദാരിദ്ര്യത്തിൽ ആണ്ടുകിടന്ന അമ്മക്കു കാപ്പിക്കടക്കാരൻ പിച്ചുഅയ്യൻ 'സാമിയുടെ' കെട്ടിയവൾ നൽകിയഉപദേശവും ആഹാരാവശിഷ്ടങ്ങളുംകൊണ്ടു മകൻ ഇംഗ്ലീഷുപഠിച്ചു്, ഓരോക്ലാസിലും രണ്ടിൽക്കുറയാതെ വർഷങ്ങൾ പണിപ്പെട്ടു അഗാധപരിജ്ഞാനസമ്പത്തോടുകൂടി ഇരുപത്തിനാലാമത്തെ വയസ്സിൽ ഒരുവിധം ബി. ഏ. പാസായി. പഴയ 'പിച്ചുഅയ്യൻസാമിയുടെ' ഒരു ബന്ധുക്കാരന്റെ സഹായത്തോടുകൂടി ഇരുപത്തഞ്ചുവയസ്സു തികയുന്നതിനുമുമ്പു ഒന്നരമാസത്തേക്കു പന്ത്രണ്ടുരൂപാ ശമ്പളത്തിൽ ഒരുപകരം മൊച്ചിവേലയും കരസ്ഥമാക്കിയിട്ടുണ്ടു്. "ആട്ടപീററ് സ്പെഷ്യലിസ്ററുകളായ എം. ഏ. "സ്ഥൂലകൃശാദ്യാംഗികൾ തുടങ്ങി മത്സ്യവിക്രയ ഡിപ്ലോമാധാരികളായ ശൃംഗാരി ധീവരദന്തിഗാമിനികൾ വരെ ജാതിമതഭേദമെന്യേ പലതരം തരുണീമണികളുമായി ലൌമേക്കിങ്ങ് (love-making) അഭ്യസിക്കുന്നതിലും ഇദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പരദേശികളായ ബി. എൽ വിദ്യാർത്ഥികളുടെ ലോഡ്ജുകളിൽ തുത്തുതളിക്കുപോകുന്ന ചില പെൺപിള്ളേരുടെ സ്വയസിദ്ധമായ കറക്കൽചിമിട്ടുലുകൾക്കും അദ്ദേഹത്തിന്റെ കരുണാജൃംഭിതമായ ഹൃദയകിസലയം ആടിഅലയാതിരുന്നിട്ടില്ല. ഇയാൾ സംബന്ധമാലോചിക്കാത്ത പെണ്ണും കേറിഇറങ്ങാത്ത വീടും കാണാൻ പ്രയാസം. അവിവാഹിതയായ ഒരു പെണ്ണിന്റെപേർ ഇയാളോടു ആരെങ്കിലും എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, വേറൊരവസരത്തിൽ ആ പെൺകുട്ടിയുടെ അച്ഛൻ തന്നെക്കൊണ്ടു ആ വീട്ടിൽ സംബന്ധംചെയ്യിക്കാൻ നന്നാശ്രമിച്ചുവെന്നും പക്ഷെ ഭാഗ്യംകൊണ്ടു താൻ അകപ്പെടാതെ ഒരുവിധം രക്ഷപ്രാപിച്ചു എന്നും മാറുഅടിച്ചുമൂളിക്കാനും മടിക്കയില്ല. ഇങ്ങനെയുള്ള ഒരു പുരുഷക്കുറുനരിയുടെ സങ്കല്പതല്പത്തെ അലങ്കരിക്കാനാണു മുമ്പു വർണ്ണിച്ചതുപോലെയുള്ള ഒരു പെൺകുട്ടിയെ അന്വേഷിക്കുന്നതു് കടംവാങ്ങിച്ച നേര്യതും ഷർട്ടും ധരിച്ചു അയാൾ 'പെണ്ണുകാണാൻ' വരുമ്പോൾ ആ 'ദല്ലാലു്' കാട്ടിക്കൂട്ടുന്ന കൃതികൾ പ്രത്യേകം രസിക്കാനുള്ളതാണു്.

വിവാഹത്രികോണത്തിലെ കേന്ദ്രമായ ഈ ദല്ലാലിനെക്കൂടി പരിചയമാകാതെ മുന്നോട്ടുപോയാൽ കുഴപ്പം പലതുമുണ്ടു്. ഇയ്യാളാണു് വിവാഹാലോചനാരാശിചക്രത്തിലെ ലഗ്നാധിപൻ. കല്യാണപ്പന്തലിലെ പൂപ്പന്തൽ. സംബന്ധസദ്യയിലെ പാ

ൽപ്രഥമൻ വിവാഹസംഗതികളിൽ, "രത്നങ്ങളിൽവച്ച് വജ്രമാകുന്നതും........." എല്ലാം ഇദ്ദേഹംതന്നെ. ഇദ്ദേഹത്തെപ്പോലെ 'അത്യന്താപേക്ഷിതമായ ഒരുഅനൎത്ഥം' (a very necessary evil) സമുദായസ്ഥാപനങ്ങളുടെ കൂട്ടത്തിൽ വേറെ ഉണ്ടോ എന്നു സംശയമാണു്. ഈ കൂട്ടരെ വ്യാപാരികൾ ദല്ലാൽ അല്ലെങ്കിൽ കമീഷൻ ഏജൻറു് എന്നാണു് അവരുടെ ഭാഷയിൽ അറിയുന്നതു്. നിയമഭാഷാപ്രണയികൾ മദ്ധ്യസ്ഥർ എന്നും, വിവാഹകേന്ദ്രങ്ങളിൽ ദമ്പതിമാരെ സംയോജിപ്പിക്കുന്നതുകൊണ്ടു സംയോജകരെന്നും, രാഷ്ട്രസേവകർ പൊളിററിക്കൽവയർപുള്ളേഴ്സ് (political wire pullers) എന്നും, അതിൎത്തിദേശത്തിലെ ഭാഷയിൽ 'ബഫർ' എന്നും മററും കൂടി അറിയപ്പെട്ടുപോരുന്നുണ്ടു്. വിവാഹയോഗ്യകളായ പെൺകുട്ടികൾ ഉള്ളതോ അടുത്ത ദശാബ്ദത്തിൽ ഉണ്ടായേക്കാവുന്നതോ ആയ ഏതു ഗൃഹത്തിലും ഇയാൾക്കു പ്രവേശനവും ഒരു നല്ല സ്ഥാനവും ഉണ്ടു്. ഗൃഹനായകൻതുടങ്ങി ഭൃത്യന്മാർവരെയുള്ള സകലരോടും ഓരോ നിലയിൽ പെരുമാറുന്നതിനു ഇയാൾക്കുള്ള സാമൎത്ഥ്യം ഒന്നു പ്രത്യേകംതന്നെയാണു്. ഇദ്ദേഹത്തെ സംബോധനചെയ്യുന്നതിൽ വീട്ടിലെ അംഗങ്ങൾ പ്രായത്തിൻെറ കൂടുതൽകുറവനുസരിച്ചു് രൂപഭേദങ്ങൾ വരുത്താറുണ്ടു്. വടക്കനായ ഗൃഹനായകൻെറ 'ജ്യേഷ്ഠൻ,' തെക്കത്തി ഭാൎയ്യയുടെ 'അണ്ണൻ,' തുടങ്ങി അമ്മാവൻ; മാമൻ, അപ്പൂപ്പൻ, പോററി ആദിയായ യുവബാലിശ സഹോദരങ്ങളുടെ സ്നേഹബഹുമാനപരിപൂരിതമായ സംജ്ഞാപ്രയോഗങ്ങളിൽകൂടി കടന്നു്, ഭൃത്യചതുരന്മാരുടെ 'അങ്ങുന്നും' 'ഇവിടന്നും' മററുമുള്ള പ്രത്യക്ഷസംബോധനങ്ങൾക്കുകീഴടങ്ങി 'ശനിയൻ,' 'ബോറ്,' 'തൊരപ്പൻ,' 'കിഴടൻ,' എന്നിങ്ങനെയുള്ള പരോക്ഷപദപ്പെരുമാററങ്ങൾവരെയുള്ള സഹസ്രനാമസമുച്ചയം ഇയാളുടെ പൎയ്യായപദങ്ങൾതന്നെയാണു്. ഇതുമാത്രമോ? 'പേരായിരമുള്ള രവിന്ദാക്ഷ'നെപ്പോലും തോല്പിക്കുന്ന തന്ത്രകുശലതയോടുകൂടി 'ചക്കരഅമ്മാവൻ,' 'കൽക്കണ്ടം,' 'വെൺചാമര,' 'നട്ടവൻ,' 'സിൽക്കു്,' 'ജോർ' ആദിയായ ഓമനപ്പേരുകളും അഥവാ കമ്പിമേൽവിലാസങ്ങളും ഇവർ ഇവരുടെ പേരിൽതന്നെ രജസ്റ്റർചെയ്യിച്ചിട്ടുണ്ടു്. വയസ്സും ഒരമ്പത്തിഅഞ്ചിൽ കുറയാതെ വേണം. എങ്കിൽമാത്രമേ ത്രിലോകസഞ്ചാരിയുടെ കൎമ്മദീക്ഷണത്തിൽ കാണുന്ന കിഴവൻെറ ശൃംഗാരകൃത്തിനു് സൗകൎയ്യമുള്ളുവല്ലോ. ഇയാളുടെ വ്യാപാരച്ചരക്കു് അരേഅരയ്ക്കാൽ ചാക്കു് കള്ളവും, കാൽചാക്കു് പൊള്ളവും, ശേഷിച്ച അരയ്ക്കാൽചാക്കു് (കണക്കു ശരിയാണോ, എന്തോ?) വിവാഹയോഗ്യരായ സ്ത്രീപുരുഷന്മാരുടെ ജീവചരിത്രരഹസ്യങ്ങളുമാണു്. പരസ്പരവിവാഹമാണു് ഇവരുടെ സ്പെഷ്യൽ സബ്ജക്ററ്. കാരണം പ്രത്യക്ഷമാണല്ലോ. വെളുത്ത മുണ്ടും ഷർട്ടും, നേരിയതും, ചിലപ്പോൾ ഒരു കോട്ടുംകൂടി കാണും. കുടയും, വടിയും തോൽത്തും ഒരിക്കലും ഒഴിച്ചുകൂടാൻ പാടില്ലാത്ത അനുബന്ധങ്ങളാണു്. ഇവരുടെ വരവു് സാധാരണയായി വെയിൽമൂത്തു തുടങ്ങുന്ന പത്തുപത്തര മണിക്കാണു്. ഒട്ടിക്കൂടുന്ന വീട്ടിൽ രാവിലെയുള്ള കാപ്പികുടിക്കുശേഷമേ യാത്ര പറയുവാൻ തരമുള്ളു. ഊണിനുമുമ്പു് അടുത്ത താവളം പിടിക്കയും വേണം. അതുകൊണ്ടാണു പത്തുമണിയോടുകൂടി ഈ ദല്ലാൽ മഹാവിഷ്ണുവിൻെറ വിശ്വരൂപദൎശനം അവിവാഹിത കുരുക്ഷേത്രത്തിലെ അൎജ്ജുനാദികൾക്കു സിദ്ധിക്കുന്നതു്. വീട്ടിൽവന്നാൽ ഉടനെ 'അപ്പുറ'ത്തേക്കു് പോകുകയായി. ഒരു പക്ഷേ തൻെറ അന്നദാതാവായ പെൺകുട്ടിക്കു തൻെറ അഭാവവേളയിൽ പറയത്തക്ക വ്യത്യാസങ്ങൾ നേരിട്ടിട്ടുണ്ടോ എന്നു് പരീക്ഷിച്ചു നോക്കുന്നതിനായിരിക്കാം ഈ പോക്കു്. അല്ലെങ്കിൽ ആ ഗൃഹത്തിൽ തനിക്കുള്ള സ്വാതന്ത്ര്യത്തെ, നിയമനിൎമ്മാണസഭയിലും മററും ചെയ്യുന്നതുപോലെ, ഒരു പുതിയ സത്യപ്രതിജ്ഞകൊണ്ടു പുനഃസ്ഥാപിക്കുന്നതിനുമായിരുന്നേക്കാം. എന്തുതന്നെയായാലും 'അമ്മാവൻ, വന്നുകയറിയതോടുകൂടി നിസ്തേജതയിൽ മുങ്ങി കിടന്ന ആ വീട്ടിനു ഒരു നവജീവൻ ഉളവാകുന്നു. 'ദല്ലാൽ' ഇപ്പോൾ സൎവ്വപ്രധാനിയായ 'അമ്മാവൻ' ആയിരിക്കയാണു്. ഓരോരുത്തരും അമ്മാവൻെറ സുഖശുശ്രൂഷകളിൽ ഉത്സുകരായി പ്രവൎത്തിച്ചുതുടങ്ങുന്നു. അമ്മാവൻെറ ദൗത്യഫലം അറിവാൻ അക്ഷമരായി, കൂട്ടിലിട്ട വെരുവിനെപ്പോലെ ചരിക്കുന്ന ഗൃഹനായികാനായകന്മാരെ കൎമ്മകുശലനും കൂൎമ്മബുദ്ധിയുമായ ഉഗ്രമാതുലൻ ഗണിക്കുന്നേ ഇല്ലാ. ഒഴിയാബാധകളായി തന്നോടു ചെങ്ങാത്തം പിടിച്ചിരിക്കുന്ന വടി, കുട, കോട്ടു മുതലായ സഹചരന്മാരെ സാവധാനം അതതിൻെറ സ്ഥാനങ്ങളിൽ നിക്ഷേപിച്ചു്, വാൎദ്ധക്യവൈക്ലബ്യത്താൽ ക്ഷീണിച്ചതെങ്കിലും മാനസോല്ലാസത്താൽ "യൗവ്വനികരിച്ച" തൻെറ കൃശഗാത്രത്തെ ഒരു ചാരുകസാലയിൽ സമൎപ്പിക്കുന്നു. പണ്ടു ഹനുമാനും അല്ലറചില്ലറ വ്യത്യാസങ്ങളോടുകൂടി "നിശ്ചലനായ് കിടന്നാൻ കാൎയ്യഗൗരവാൽ" എന്നുള്ളതു് ഓൎക്കേണ്ടതായിരിക്കുമല്ലോ. ഇതിനുശേഷം ഗൃഹയോഗ്യങ്ങളായ സല്ക്കാരങ്ങൾക്കിടയിൽ അവിവാഹിതകളുടെ കൂട്ടത്തിൽ മൂത്തപെണ്ണിനെ നേത്രാന്തസംജ്ഞയാ അരുകിൽ ആകർഷിച്ചു ആ പട്ടുകിഴവപ്പഞ്ചബാണസാരഥി ഒരു മന്ദഹാസപ്പൂമഴകൊണ്ടു് അവളെ അഭിഷേകം ചെയ്തു് കോൾമയിർ കൊള്ളിക്കുന്നു. കമ്പക്കയ്യാൽ താങ്ങപ്പെട്ട ശുഷ്കമായ വാമഹസ്തത്തിൽ ആ കൃശാംഗിയുടെ ഇരുകരങ്ങളും ഗ്രസിക്കുന്നു. വൃദ്ധൻെറ മറേറകരം എന്തെന്നില്ലാത്ത സംഭ്രമത്തോടുകൂടി ഷൎട്ടിൻെറ പോക്കററിൽ അണഞ്ഞു കട്ടി കൂടിയ ഒരു കടലാസുകഷണം വലിച്ചു് പുറത്താക്കുന്നു. ഒരു ചെറിയ വലിച്ചിൽകൊണ്ടു യുവതിയുടെ ശ്രദ്ധയെ ആ കടലാസിലേക്കു ക്ഷണിക്കുന്നു. വൃദ്ധനാകട്ടെ കണ്ണെടുക്കാതെ പെൺകുട്ടിയുടെ മനോഗതത്തെ അവളുടെ മുഖഗ്രന്ഥത്തിൽ കൂടി പാരായണം ചെയ്യുകയാണു്. അവളുടെ മുഖത്തു വിളയാടുന്ന സംതൃപ്തിയിൽ വൃദ്ധദൂതൻ അനുഗൃഹിതനായി, "എന്താ, പിടിച്ചോ?, ഇങ്ങനെ ഇരിക്കും അമ്മാവൻ ഏല്ക്കുന്ന കാൎയ്യങ്ങൾ എല്ലാം" എന്നുള്ള ആത്മവിശ്വാസഗർഭമായ സ്വനിൎമ്മിത സട്ടിഫിക്കെററും എഴുതി യുവതിയുടെ കരപല്ലവങ്ങളെ സ്വാതന്ത്ര്യരസം ആസ്വദിക്കുന്നതിനായി മോചിപ്പിക്കുന്നു. ഇതിനിടയിൽ കള്ളൻ, 'കൊച്ചനിയൻ' (പെൺകുട്ടിയുടെ ഇളയ സഹോദരൻ) അമ്മാവൻെറ കിശാബദ്ധമായ കടലാസു് (അതു് ഒരു ഫോട്ടോ ആണെന്നു് ഊഹിച്ചിരിക്കുമല്ലോ) ഒരു കണ്ണു കണ്ടുംകൊണ്ടു് വായുംപൊത്തി ചിരിച്ചു വെളിയിലേക്കു ചാടുന്നു ഇതു അമ്മാവൻ കാണാതിരിക്കുന്നുമില്ല. മുറിയിൽ ദല്ലാലും അച്ഛനും അമ്മയും ശേഷിക്കുന്നു. താംബൂലചൎവ്വണത്തിനിടയിൽ അരമണിക്കൂറിൽ ഒരിക്കൽ വെളിയിൽ വരുന്ന "വാക്കാമൃത"ബിന്ദുക്കൾ പാനംചെയ്യാൻ വേഴാമ്പലിനെപ്പോലെ വായുംപിളൎന്നു് ഇരിക്കുന്ന മാതാപിതാക്കന്മാരുടെ കണ്ണുപുടങ്ങൾക്കു് ഒരാനന്ദാനുഭൂതിയാണു് അമ്മാവൻ നല്കുന്നതു്. വരനാകാൻപോകുന്ന യുവകേസരിയുടെ കുലം ബലം മുതലായ സകലവിധസൗഭാഗ്യകോടികളും സ്വയംസിദ്ധമായ പുളുപ്രാഭവത്തോടുകൂടി എന്തും ദഹിക്കാൻ തയ്യാറിൽ ഇരിക്കുന്ന അച്ഛനമ്മമാരുടെ അശനത്തിനായി വിളമ്പുന്നു. ഈ കേശാദിപാദവൎണ്ണനക്കു് അൎഹനായ കേസരി ആരെന്നു നമുക്കറിയാമല്ലോ. വൎണ്ണനക്കിടയിലും കൊച്ചനിയൻ ചിരിച്ചുംകൊണ്ടു ചാടിയതു് ഓൎത്തു് അമ്മാവനു അല്പം ആപൽശങ്കതോന്നാതിരിക്കുന്നുമില്ല. എങ്കിലും ആസന്നമാകാത്ത ആപത്തിനെപ്പററി ചിന്തിച്ചു മനം പുണ്ണാക്കുന്ന കൂട്ടത്തിലല്ല ദല്ലാലമ്മാവൻ. അതുകൊണ്ടു് വിവാഹാലോചനയുടെ അടുത്ത ചടങ്ങായ പെണ്ണും ചെറുക്കനും തമ്മിൽ കാണുക എന്നുള്ള രംഗം ശരിപ്പെടുത്തുന്നതിനു ഗൃഹനായകനേയും നായികയേയും ഉൽബോധിപ്പിച്ചു് അതിനു ദിവസവും തീർച്ചപ്പെടുത്തി ആ വീട്ടുകാരുടെ കൃതജ്ഞതയും കൊച്ചനുജൻെറ പൊത്തിപൊതിഞ്ഞുള്ള പരിഹാസവും, യുവതിയുടെ മനഃകുളുത്ത അനുഗ്രഹവും, അമ്മാവൻെറ അന്നത്തെ കാലയാപനവും എല്ലാം ഒന്നിച്ചുനേടുന്നു.

—o—


സൈൻറിഫിക്കു്
സ്വൎണ്ണാഭരണങ്ങൾ

—*—

(തനി സ്വൎണ്ണത്തിനു പകരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം.

**The Scientific Gold Bangles Co., Ltd,**

Head Office:- 43, Byragimatam Street,.

Post Box No. 203. MADRAS

# സാർപ്രദേശത്തിലെ പൊതുജനവോട്ട്.

**മി. സന്തോഷകുമാർ മാഡേൺറിവ്യൂവിൽ ഇങ്ങനെ എഴുതുന്നു: –**

യൂറോപ്പിനെ ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന വിഷയം സാർപ്രദേശവും അവിടത്തെ പൊതുജനവോട്ടും ആകുന്നു. ഒരു ചെറിയ തീപ്പൊരിമതി യൂറോപ്പിനെ മുഴുവൻ ആളിത്തകിക്കുവാൻ. ഒരു പക്ഷെ സാർപ്രദേശമാണോ ആ തീപ്പൊരിയെന്നു നിശ്ചയിക്കാൻവയ്യ. അതിൻെറ വിധിയെ അടുത്തകൊല്ലം നിർണ്ണയിക്കുന്നതാണ്. ഫ്റാൻസിനോടാണോ, ജർമ്മനിയോടാണോ ചേരേണ്ടതു്, അതോ ആരോടും ചേരാതെ സ്വതന്ത്രമായി നിൽക്കുകയാണോ വേണ്ടതു എന്നു തീർച്ചപ്പെടുത്തുന്നതു അടുത്തകൊല്ലം അവിടെ നടക്കുന്ന വോട്ടായിരിക്കും. ഫ്റാൻസും ജർമ്മനിയും തമ്മിൽ ഒരുസ്വരച്ചേർച്ചയുമില്ലാത്തതിനാൽ അതേപ്പററി ഒരു ഹൃദയവ്യഥ രണ്ടുകൂട്ടർക്കും ഉണ്ടായിരിക്കും,

സാർ എന്നതു ജർമ്മനിയുടേയും, ഫ്റാൻസിൻേറയും അതിർത്തിയിൽ കിടക്കുന്ന ഒരു ചെറിയ ജില്ലയാണ്. അത്യന്തം രണോത്സുകനായിരുന്ന ലൂയി പതിന്നാലാമൻ (1648-1715) ഒരു സിദ്ധാന്തം കൊണ്ടുവന്നു. അദ്ദേഹം ഫ്റാൻസിലെ രാജാവായിരുന്നതിനാൽ ഫ്റാൻസിൻെറ അതിർത്തിയെ വർദ്ധിപ്പിക്കാനാണു ഈ സിദ്ധാന്തം കൊണ്ടുവന്നതെന്നു സ്പഷ്ടമാകുന്നു. ഓരോ രാജ്യത്തിനും പ്രകൃത്യാ ഉള്ള അതിർത്തി വേണം എന്നായിരുന്നു ഈ സിദ്ധാന്തം. അതിനാൽ കിഴക്കുഭാഗത്തു ജർമ്മനിയിൽകൂടി ഒഴുകുന്ന റൈൻനദിവരെ ഫ്റാൻസിൻെറ വിസ്താരം വർദ്ധിപ്പിക്കുവാൻ അദ്ദേഹം ഉററു ശ്രമിച്ചുകൊണ്ടിരുന്നു. 1648 ൽ വെസ്ററു ഫേലിയായിൽവച്ചു നടന്ന സന്ധികൊണ്ടു അദ്ദേഹത്തിനു 'ആൽസേസ്' എന്ന സ്ഥലവും, പിരണീസ്സിലെ സന്ധികൊണ്ടു ലോറെയിൻ എന്ന സ്ഥലത്തിൻെറ രക്ഷാകർത്തൃത്വവും ലഭിച്ചു. അദ്ദേഹത്തിൻെറ പിൻഗാമിയായ ലൂയി പതിനഞ്ചാമൻ ലോറെയിൻ എന്ന സ്ഥലത്തെ ശരിക്കു ഫ്റാൻസിനോടു ചേർത്തു.

രാജാധികാരത്തിലിരുന്ന ഫ്റാൻസിനു സാധിക്കാത്ത കാര്യം റിപ്പബ്ലിക്കൻഫ്റാൻസിനു സാധിച്ചു. റൈൻനദിയെ ഫ്റാൻസിൻെറ കിഴക്കേഅതിർത്തിയാക്കണമെന്നുള്ള ലൂയി പതിന്നാലാമൻെറ മോഹം അദ്ദേഹം തീരെ ഉദ്ദേശിക്കാത്തതരത്തിൽ അദ്ദേഹത്തിൻെറ മരണശേഷം ൮0 കൊല്ലം കഴിഞ്ഞപ്പോൾ സാധിച്ചു. ബേസ്സൽ എന്ന സ്ഥലത്തെ സന്ധിപ്രകാരം പ്രഷ്യ ഫ്റാൻസ്സിനു റൈൻനദിയുടെ ഇടതുകരയിൽ എന്തും ചെയ്യാനുള്ള അധികാരം 1795 ൽ നൽകി. അങ്ങനെ ഇന്നത്തെ ബൽജിയംരാജ്യവും സാർതാഴ്‌വരയുംഫ്റാൻസിൻെറ കൈവശം വന്നുചേർന്നു.

അക്കാലത്തിനുശേഷം യൂറോപ്പിൽ പാറനാടിച്ചു പൊടിപാറിയ ഫ്റഞ്ചുവിപ്ലവം പുതിയ ആശയങ്ങളേയും സ്ഥാപനങ്ങളേയും യൂറോപ്പിൽ പരത്തി. ആൽസ്സേസ്സ് ലോറെയിനും ഒരു ദേശീയബോധം ഉദിച്ചു. അവ ഫ്റഞ്ചുരാഷ്ട്റീയശരീരത്തിൻെറ അവയവങ്ങളായിത്തീർന്നിരുന്നു. 1871-ൽ ബിസ്മാർക്കു ജർമ്മനിയെ ഏകീകരിക്കയും ആൽസ്സേസ്സ്‌ലോറെയിനിനെ കൂട്ടിച്ചേർക്കയുംചെയ്തു. ഫ്റാൻസു ഈ അക്രമത്തെ ഒരിക്കലും സഹിക്കയില്ല, സഹിച്ചിട്ടുമില്ല. "ബിസ്മാർക്കു ഒരു രാജ്യത്തെ വെട്ടിക്കണ്ടിച്ചു. ആ വ്രണം ഒരിക്കലും ഉണങ്ങുകയില്ല" എന്നാണു ഇതിനെപ്പററി ഫ്റഞ്ചുകാരുടെ അഭിപ്രായം. 1871-ൽ ഫ്റാൻസിൻെറ പക്കൽനിന്നു ബിസ്മാർക്കു ആൽസ്സേസ്സുലോറെയിൻപ്രദേശങ്ങൾ പിടിച്ചുപറിച്ചതാണ് 1914-ലെ ലോകമഹായുദ്ധത്തിൻെറ കാരണങ്ങളിലൊന്ന്. 1871-മുതൽ ഫ്റാൻസിൻെറ വൈരാഗ്യം ജർമ്മനിയോടു പകവീടാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. മഹായുദ്ധം അവസാനിപ്പിച്ച വെഴ്‌സെയിൽസു ഉടമ്പടിയിൽ, ഫ്റാൻസു പകവീട്ടുകയും ചെയ്തു. അഥവാ ആൽസ്സേസ്സു ലോറെയിൻ വീണ്ടും ഫ്റാൻസു കൈവശപ്പെടുത്തി. അത്രമാത്രമല്ല, സാർപ്രദേശത്തെ ജർമ്മനിയിൽനിന്നു വെട്ടിക്കണ്ടിച്ചു മാററുകയും ചെയ്തു.

സാർപ്രദേശം ജർമ്മനിയുടെ വ്യാവസായികജീവിതത്തിൽ അതിപ്രധാനമായ ഒരു ഭാഗം വഹിക്കുന്നു. അവിടത്തെ കൽക്കരിഖനികൾ ജർമ്മൻവ്യവസായത്തിൻെറ ജീവനാണ്. അതിനാൽ വെഴ്‌സയിൽസു ഉടമ്പടിമൂലം സാർപ്രദേശത്തെ സ്വന്തമാക്കണമെന്നു ഫ്റാൻസു കരുതി. ഈ അഭിലാഷത്തെ അമേരിക്കയിലെ യൂണൈറഡ് സ്റ്റേററ്സു അതിശക്തിയായി എതിർത്തു. പ്രസിഡൻറു വിത്സൻ അതനുവദിക്കയില്ലെന്നു പറഞ്ഞപ്പോൾ പ്രസിദ്ധ ഫ്റഞ്ചുമന്ത്രിയായ ക്ലെമൻഷോ ഉടമ്പടി ഒപ്പിടുന്ന ഹാളിൽനിന്നിറങ്ങിപ്പോയി. ബ്രിട്ടനും ഫ്റാൻസിൻെറ ഈ അഭിലാഷത്തെ ശക്തിയായി എതിർക്കയാൽ ഫ്റാൻസിൻെറ അവകാശവാദം പിൻവലിക്കപ്പെട്ടു. ഫ്റാൻസിൻെറ കൽക്കരിഖനികൾ വേലചെയ്യാതിരിക്കയും സാർപ്രദേശത്തുനിന്നും കൽക്കരിയെടുക്കുകയും ചെയ്തുകൊള്ളുന്നതിൽ വിരോധമില്ലെന്നു എല്ലാ ശക്തികളും സമ്മതിച്ചു. സാറിനെ ഫ്റാൻസിൻെറ സംരക്ഷണത്തിൽ ഒരു സ്വതന്ത്രരാഷ്ട്റമാക്കണമെന്നു മി, ലായിഡ്ജാർജ്ജ് പറഞ്ഞപ്പോൾ പ്രസിഡൻറു വിൽസൺ അതിനെ എതിർത്തുകൊണ്ടു സാറിൽനിന്നു കപ്പമായി കുറെ കൽക്കരിമാത്രം ഫ്റാൻസു വാങ്ങിക്കൊള്ളട്ടെ എന്നു അഭിപ്രായപ്പെടുകയാണു ചെയ്തതു്. സാറിലെ ജനങ്ങൾ ജർമ്മൻകാരാകയാൽ, ആ പ്രദേശത്തെ ഫ്റാൻസിനോടു കൂട്ടിച്ചേർക്കുന്നതു ദോഷകരമായിത്തീരുമെന്നു ഫ്റഞ്ചു രാജ്യതന്ത്രജ്ഞന്മാർ കരുതാതെയിരുന്നില്ല. എന്നാൽ ഖനികൾ ഉള്ള സ്ഥലത്തിനു ഒരു പ്രത്യേക സംരക്ഷണവ്യവസ്ഥ ഏർപ്പെടുത്തണമെന്നു അവർ വാദിച്ചു. ഒടുവിൽ ലീഗ് അഫ് നേഷൻസു നിയമിക്കുന്ന മൂന്നുപേരും, ഫ്റാൻസു നിയമിക്കുന്ന ഒരാളും, സാർപ്രദേശവാസികൾ നിയമിക്കുന്ന മററൊരാളും



സാർപ്രദേശങ്ങളുടെ ആധിപത്യം ജർമ്മനിക്കോ ഫ്റാൻസിനോ അടങ്ങേണ്ടതു് എന്നപ്രശ്നത്തിൽ അവിടത്തെ നിവാസികളുടെ അഭിപ്രായം ജർമ്മൻആധിപത്യത്തെ അനുകൂലിക്കുന്നു. മേയ്മാസത്തിൽ സാർ അതിർത്തിയിൽ സെപ്പുക്കൽ എന്ന സ്ഥലത്തുവച്ചു നടന്ന ഒരു മഹാസമ്മേളനത്തിൽ രണ്ടുലക്ഷത്തിൽപരം ആളുകൾ സംബന്ധിച്ചിരുന്നു. ജർമ്മനിയിലെ പ്രോപ്പഗാൻഡാ മിനിസ്ററരായ ഡാക്ടർ ഗെബ്ബൽസ് മഹാസമ്മേളനത്തിൽ ഒരു ഗംഭീരമായ ഉൽബോധനം നടത്തി 'സാർ എന്നും ജർമ്മനായിരുന്നു. മേലും ജർമ്മനായിരിക്കയും ചെയ്യും' എന്നു പ്രഖ്യാപനം ചെയ്തുകൊണ്ടു് 'ഭൂമി കൈമാറുന്ന' ഒരു രംഗമാണു ചിത്രത്തിൽ കാണുന്നതു്. അതിൻെറ ചിഹ്നമായി മണ്ണുനിറച്ച പാത്രം ഗെബ്ബൽസിനു കാഴ്ചവയ്ക്കുന്നു. ഈ ചിത്രം വാരികവായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ

ഉൾപ്പെടെ അഞ്ചുപേരടങ്ങിയ ഒരു ഭരണസംഘം നിയമിക്കപ്പെട്ടു. ഫ്റാൻസിനോടു സാറിനെ കൂട്ടിച്ചേർക്കണോ, അതോ ജർമ്മനിക്കു വിട്ടുകൊടുക്കണോ, ഇതുരണ്ടുമല്ലെങ്കിൽ, ഒരു സ്വതന്ത്രരാഷ്ട്രമായവശേഷിക്കണോ എന്നുള്ളതിനെപ്പററി തീരുമാനിക്കാൻ 15-കൊല്ലം കഴിയുമ്പോൾ ഒരു പൊതുജനവോട്ടു നടത്തണമെന്നും നിശ്ചയിച്ചു. ജർമ്മനിക്കു വിട്ടുകൊടുക്കാനാണു് 15-കൊല്ലത്തിനു ശേഷം വോട്ടുകൊണ്ടു നിശ്ചയിക്കുന്നതെങ്കിൽ അവിടത്തെ കല്ക്കരിഖനികളുടെ വില ജർമ്മനി ഫ്രാൻസിനു കൊടുക്കണം.

1919-നുശേഷം ഇതാ 15 കൊല്ലം കഴിഞ്ഞിരിക്കുന്നു. അടുത്തകൊല്ലം പൊതുജനവോട്ടു് നടക്കുന്നതാണു് ഇവിടെ പൊതുജനവോട്ടിനു പ്ലിബിസൈററു് എന്നു പറയുന്നു. ഏതെങ്കിലും ഒരു പ്രശ്നത്തെപ്പററിയുള്ള പൊതുജനഹിതം എന്നേ ഇതിനർത്ഥമുള്ളു. ആ ഹിതം ഗവർമ്മെണ്ടു സ്വീകരിക്കണമെന്നു നിർബന്ധമില്ല. എങ്കിലും ഗവർമ്മെണ്ടിന്റെ നയത്തെ അതു സാരമായി ബാധിക്കാവുന്നതാണു്. ഇവിടെ സാർപ്രദേശത്തിലെ ജനങ്ങളോടു ചോദിക്കുന്ന ചോദ്യം ഇപ്പോഴത്തെപ്പോലെതന്നെയിരിക്കണോ അതോ ഫ്റാൻസിനോടോ, ജർമ്മനിയോടോ, ചേരണോ എന്നുള്ളതാണു്. പൊതുജനവോട്ടിനെപ്പററി അവർ വളരെ ഉൽക്കണ്ഠാകുലരായിരിക്കുന്നു എന്നാൽ ജർമ്മനിയും, ഫ്റാൻസും അതിൽകൂടുതൽ ഉൽക്കണ്ഠാകുലരാണു്. സാർപ്രദേശത്തിലെ ജനങ്ങൾ ജർമ്മൻകാരേക്കാൾ ജർമ്മൻകാരാകുന്നു. തന്റെ മാതൃഭൂമിയിൽനിന്നു ബലാൽക്കാരമായി വേർപെടുത്തപ്പെട്ട അവർ വീണ്ടും മാതൃഭൂമിയിൽ ലയിക്കാൻ ആഗ്രഹിക്കുന്നു. ജർമ്മനിയോടു ചേരാനുള്ള അവരുടെ കാംക്ഷയെ അവർ മറച്ചുവയ്ക്കുന്നില്ല. അടുത്തകൊല്ലം പൊതുജനവോട്ടെടുക്കുമ്പോൾ ജർമ്മനിയിലേക്കു ചേരുന്നതിനു അനുകൂലമായി തങ്ങൾ വോട്ടുചെയ്യുമെന്നുള്ളതിനെ സൂചിപ്പിക്കാൻ കഴിഞ്ഞ മേമാസത്തിൽ എട്ടുലക്ഷംപേർ സാർ അതിർത്തികടന്നു് ജർമ്മനിയിൽ പ്രവേശിച്ചു എന്നു റായിട്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നു. എത്രതന്നെ ഘോരത പ്രവർത്തിച്ചാലും, രാജ്യദ്രോഹമോ വഞ്ചനയോ ചെയ്താലും സാർപ്രദേശം ജർമ്മനിയുടേതുതന്നെ ആയിരിക്കുമെന്നു് അത്യാഹ്ളാദപൂർവ്വമായ ചിയേഴ്സുവിളികൾക്കിടയിൽ ഡാക്ടർ ഗീബൽസു് പ്രസംഗിച്ചു. പ്രസംഗാവസാനത്തിൽ സാർപ്രദേശത്തിലെ ഒരു പെൺകുട്ടി ഒരുപാത്രം മണ്ണെടുത്തു ഗീബൽസിനു കാഴ്ചവച്ചു. ഫ്റാൻസിനേയും, ലീഗ് അഫ് നേഷൻസിനേയും എതിർക്കാൻ ഇപ്പോൾ തങ്ങൾ തയാറാണെന്നും, എന്തുവന്നാലും അങ്ങിനെ ചെയ്യുമെന്നും ഡാക്ടർ ഗീബൽസു് പ്രസംഗിച്ചതായിട്ടാണു് ഫ്റഞ്ചുപത്രങ്ങൾ പറയുന്നതു്. സാർപ്രദേശത്തിലെ ജനങ്ങളിൽ ൯൦-ശതമാനവും ജർമ്മനിക്കു അനുകൂലമാണെന്നു ഡാക്ടർ ഗീബത്സ് ലീഗ് അഫ് നേഷൻസിനെ അറിയിക്കുന്നു. ഫ്രഞ്ചുരാഷ്ട്രീയപ്രാക്ടർമാരുകളിൽ ഈ പ്രസംഗം ഒരു ചിറകടി ഉണ്ടാക്കാതിരുന്നില്ല എന്നുസ്പഷ്ടമാണു്. സാർപ്രദേശം ജർമ്മനിയോടു ചേരുന്നതു കണ്ടുകൊണ്ടിരിക്കാൻ ഫ്റാൻസിനു ഉൾക്കരുത്തില്ല. സാർ ജർമ്മനിയിൽ ലയിക്കുന്ന പക്ഷം ജർമ്മനിയുടെ ജനസംഖ്യകൂടും. ജർമ്മനിയുടെ വിസ്താരം വർദ്ധിക്കും; അങ്ങനെ ജർമ്മനിയുടെ അതിർത്തി ഫ്റാൻസിന്റെ തലസ്ഥാനമായ പാരീസിനോടു കൂടുതൽ അടുക്കും. ഇതൊക്കെയാണു ഫ്റാൻസിന്റെ ഭയം. പോരെങ്കിൽ സാറിലെ കൽക്കരിഖനികൾ ജർമ്മനിയുടെ അധീനതയിലായിത്തീരും. അപ്പോൾ ജർമ്മൻവ്യവസായം വർദ്ധിക്കും. അതോടെ ജർമ്മനിയുടെ സാമ്പത്തികശക്തി ദൃഢതരമാകും. അമിതമായ യുദ്ധക്കടങ്ങളാലും മററും ജർമ്മനിയുടെ രക്തംഊററി മററുള്ളവർ കുടിച്ചുകൊണ്ടിരിക്കയാണു്. ആ കടങ്ങൾ കൊടുത്തുതീർത്തിട്ടു പഴയനില വീണ്ടെടുക്കാൻ ജർമ്മനിക്കു സാധിക്കുമെങ്കിൽ അതൊരു വലിയ ഭീതിഹേതുവായിത്തീരുന്നതാണു്. ഫ്റാൻസിനു ഇതിനേക്കാൾ ഭയപ്പെടേണ്ടതായി മറെറാന്നുമില്ല. ജർമ്മനി അശക്തമായിരിക്കത്തക്കവണ്ണം വേണ്ടതെല്ലാം ഫ്റാൻസു ചെയ്യും. അതുകൊണ്ടാണു ജർമ്മനിക്കു ആയുധസമത്വം അനുവദിക്കാൻ ഫ്റാൻസു ഇഷ്ടപ്പെടാത്തതു്. സാർപ്രദേശത്തിന്റെ ഭാവിയെപ്പററി ഫ്റാൻസും ജർമ്മനിയുംതമ്മിൽ കലഹമുണ്ടാകുമെന്നുള്ളതിൽ തർക്കമൊന്നുമില്ല. ഒരുപക്ഷെ സാർപ്രദേശത്തിലും അടുത്തയുദ്ധത്തിന്റെ വിത്തുവിതച്ചിട്ടുണ്ടായിരിക്കണം.

ലീഗ് അഫ് നേഷൻസിനു നേരിടേണ്ടതായ മറെറാരു പ്രശ്നംകൂടിയുണ്ടു്. ഹിററ്ലർ പീഡിപ്പിച്ച ജൂതന്മാർ പലരും സാർപ്രദേശത്തിലാണു അഭയംപ്രാപിച്ചിരിക്കുന്നതു്. സാർ ജർമ്മനിയിൽ അടങ്ങുകയാണെങ്കിൽ ഈ അഭയാർത്ഥികളുടെസ്ഥിതി അസൂയാവഹമായിരിക്കയില്ല. അവരെ ഉപദ്രവിക്കയില്ലെന്നു ഒരു ഉറപ്പു ജർമ്മൻ ഗവർമ്മെണ്ടിന്റെപക്കൽനിന്നു ലീഗ് അഫ് നേഷൻസു സമ്പാദിക്കേണ്ടതായുണ്ടു്.

സാറിലെ പൊതുജനവോട്ടിനെപ്പററിലീഗ് അഫ് നേഷൻസു ആലോചിക്കുന്നുണ്ടു്. പൊതുജനവോട്ടുനടത്താൻ അവർ ഒരുപദ്ധതി തയാറാക്കുന്നു. ആൽസേസു്, ലോറെയിൻ, സാർ എന്നിവയടങ്ങിയ റൈൻലൻഡു് യൂറോപ്യൻ രാജ്യതന്ത്രജ്ഞന്മാർക്കു പോംവഴി കണ്ടുപിടിക്കാൻ വയ്യാത്ത ഒരു പ്രശ്നമായിട്ടാണിരിക്കുന്നതു്. പതിനേഴാംശതകംമുതൽ അവ യൂറോപ്പിലെ സമാധാനത്തെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇന്നും സ്ഥിതി ഇതുതന്നെയാണു്. മാക്ഡൊനാൾഡുകളും, റൂസ്‌വെൽട്ടുകളും, ഡ്യൂമെർഗ്ഗുകളും എങ്ങനെ ഈ കീറാമുട്ടിയെ പൊട്ടിക്കുമെന്നു നമുക്കു കാണാം. സാർപ്രശ്നം ലീഗിന്റെ കാര്യക്ഷമതയ്ക്കു ഒരു ഉരകല്ലായിരിക്കും. അതു ലോകസമാധാനംപാലിക്കാൻ ഇച്ഛിക്കുന്നു എന്നുള്ള പ്രസംഗം എത്രകണ്ടു സത്യമാണെന്നും ഇപ്പോൾ നമുക്കറിയാം. ഈ പ്രശ്നം സൗമ്യമായി തീരുമാനിക്കപ്പെടുന്നെങ്കിൽ അതു ലീഗിന്റെനിലനിൽപ്പിനെ സാധൂകരിക്കും. അങ്ങനെയാണെങ്കിൽ, ലോകസമാധാനത്തെ അതു ആശ്വസിക്കുന്നു എന്നു പറയുന്നതു വാസ്തവവുമായിരിക്കും.

# മുരളീഗാനം.

(കെ. എം. വറുഗീസു് ബി. എ.)

കേൾക്കുന്നു,പ്രേമമുരളീ - ഗാനം
നേക്കടമ്പിൻചുവട്ടിൽ.

ആനന്ദസാഗരവീചീ—നാദ
സുന്ദരാലാപമെന്നോണം

ആർതന്നപാംഗവിലാസം--കൊണ്ടു
ജാതമാകുന്നുവസന്തം?

ആതൻമൃദുഹാസലേശം-_ദ്യോവിൽ
സൗരഭ്യസ്രോതസ്സിൻമൂലം?

ആരുടെപാദമധൂളീ—കുങ്കു-
മാരങ്ങളായ്മിന്നിടുന്നു?

ആരുടെപൂവൽപദങ്ങൾ- കാണ്മാൻ
താരണി,കൺകൾതുറപ്പൂ?

ആക്കുളിട്ടുന്നുപാദ്യം—ശഷ്പ-
സംഘംതുഹിനജലത്താൽ?

അത്തമ്പുരാനെഴുന്നള്ളു — ന്നിന്നൊ-
ന്നാത്മാവേ!നിന്നെവരിക്കാൻ.

പങ്കത്തിലേക്കുവലിക്കും—ലോക-
ശൃംഖലക്കണ്ണികളെല്ലാം

പൊട്ടിത്തകരുന്നെഴുന്നേ—റവുടൻ
വേണ്ടതുസജ്ജീകരിക്കാം.

ക്ഷിപ്രംമണിയറതന്നിൽ—വെള്ളി
ക്കർപ്പൂരദീപംകൊളുത്തു;

ചെമ്പനിനീർപൂവിളംതു—മെത്ത-
യമ്പോടൊരുക്കിവിരിക്കൂ;

ഭദ്രമണിപീഠമഗ്രേ – വച്ചു
ഭദ്രേ!കൈകൂപ്പിവണങ്ങൂ.

പാദത്തിനാനന്ദബാഷ്പം—വാക്ക്-
മാത്രംമതിയാമിത്തവ്വിൽ.

വേഗമുണരുക,കാന്ത—നിഹ
സ്വാഗതമോതാനിദാനീം.

---


# പൊയ്പോയ ലോകം.

സർ ആർതർ കോണൺഡായിലിന്റെ

**THE LOST WORLD**


എന്ന നോവലിന്റെ അധികൃതമായ

പരിഭാഷ പുസ്തകരൂപത്തിൽ

തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,
കൊല്ലം.



ജമ്മൻജനതയുടെ ഒരു പുതിയ ചരിത്രം എഴുതുന്നതിന്ന വിശ്രുതരായ നാലു നാസികളെ നാസികക്ഷി ഔദ്യോഗികമായി നിയോഗിച്ചിരിക്കുന്നു

*   *   *

അമേരിക്കൻകപ്പലായമൊറൊക്യാസിൻ തീ പിടിച്ചു നശിച്ചിരിക്കുന്നു. 318 യാത്രക്കാരും അതിൽ ഉണ്ടായിരുന്നു അതു ന്യൂയാക്കിൽനിന്നു സാവന്നായിലേക്കു പോകുകയായിരുന്നു

*   *   *

തലയുടെ പിൻവശത്തുള്ള ഗ്രന്ഥിയിൽനിന്നു ബ്രോമയിൻ എന്നൊരു വസ്തു രക്തത്തിൽ കലരുമ്പോഴാണത്രെ ഉറക്കം ഉണ്ടാകുന്നതു്. കൃത്രിമമായി ഉറക്കം ഉണ്ടാക്കാമോ എന്നാണു ഇപ്പോൾ പരീക്ഷിച്ചുവരുന്നതു്.

*   *   *



നൃത്തകലാവിദഗ്ദ്ധർ.

നൃത്തകലയ്ക്കു് ൧൯൩൩-ൽ പാരിസ്സിൽവച്ചു സമ്മാനം നൽകപ്പെട്ട റീൻഗൻ സെററ, മാർസിയാ എന്നിവർ.

*   *   *

ടാഷിലാമായുടെ ഒരു ഉദ്യോഗസ്ഥൻ ടിബററൻകാര്യങ്ങളെപ്പററി ടിബററിൽവച്ചു ആലോചിക്കുന്നതിന്നു ചൈനീസ് മിഷനെ സഹായിക്കുന്നതിനായി ലാസായിലെത്തിയിരിക്കുന്നു. ടാഷിലാമാ താമസിയാതെ ടിബററിൽ വരുന്നതിനാൽ അദ്ദേഹത്തിൻെറ താമസസ്ഥലവും മററും വൃത്തിയാക്കിയിട്ടുന്നു.

*   *   *

സോവിയററുറഷ്യയിൽ വിമാനങ്ങളിൽനിന്നു വിത്തു വിതയ്ക്കുന്ന സമ്പ്രദായം പതിവായിരിക്കുന്നു. ഇക്കഴിഞ്ഞ വസന്തകാലത്തു പത്തുലക്ഷം ഏക്കർ ഇങ്ങനെയാണു വിതച്ചതു്. വയലുകളുടെ അസാധാരണ വലിപ്പം ഓക്കുമ്പോൾ ഈ സമ്പ്രദായം വളരെ സൌകര്യപ്രദമാകുന്നു.


*   *   *

സാർപ്രദേശത്തെ നാസികൾ ജനങ്ങളുടെനേരേ ഭീഷണി പ്രയോഗിക്കയും ഉദ്യോഗസ്ഥന്മാക്കു ദുർബോധന നൾകുകയും ചെയ്തുവരുന്നു എന്നൊരു ദോഷാരോപണം സാറിലെ കമ്മ്യൂണിസ്ററുകളും സോഷ്യലിസ്ററുകാരുംകൂടി ലീഗ്കൌൺസിലിൽ സമപ്പിച്ചിരിക്കുന്നൊരു മെമ്മോറാണ്ടത്തിൽ അടങ്ങിയിരിക്കുന്നു. ആകെ 84 നിയോജകക്കമ്മെററികളുള്ളതിൽ 76 എണ്ണം മുഴവൻ നാസികൾക്കധീനമാണത്രെ.

*   *   *

നാലു പെൻസിൻെറ ഫൌണ്ടൻപേന, ആറുപെൻസിൻെറ സൈക്കിൾടയറുകൾ, ഒരു ഷില്ലിംഗിൻെറ ക്യാമറാകൾ മുതലായവയാണു ബ്രിട്ടനിൽ വില്പനയ്ക്കു വന്നിരിക്കുന്ന ജപ്പാൻസാമാനങ്ങൾ. ചുങ്കം വളരെ കൂടുതലാണെങ്കിലും, ഇത്ര കുറഞ്ഞ വിലയ്ക്കാണു ജപ്പാൻ ഈ സാമാനങ്ങൾ വിൽക്കുന്നതു്. ഇത്തരം മത്സരത്തെ നേരിടാൻ ബ്രിട്ടീഷ വ്യവസായികൾക്കു സാധിക്കയില്ലെന്നാണു പറയപ്പെടുന്നതു്.

*   *   *



സാമ്രാജ്യകായികമത്സരങ്ങളിൽ ചേരുന്നതിനായി ചില ഭാരതീയർ വൈററുസിററിയിൽ പരിശീലനം നടത്തുന്നതു്. ഇടത്തുനിന്നും—മെ. ആർ. എ. വെർണോ, ജി. ഒ. ഡല്ലു, നിരഞ്ജൻസിംഗു്.

*   *   *



ജനറൽ ഈവാ ബൂത്തു്.

രക്ഷാസൈന്യത്തിൻെറ പുതിയ ജനറൽ ആയി തിരഞ്ഞെടുക്കപ്പെട്ടിരുക്കുന്ന മിസ്സ് ഇവാൻജലിൻ ബൂത്തു്.

U. P. S.

*   *   *

സിലോൺഉല്പന്നങ്ങളുടെ ഒരു സ്ഥിരം പ്രദർശനം നടത്തണമെന്ന നിർദ്ദേശത്തെപ്പററി സിലോൺ വ്യവസായാഭിവൃദ്ധിക്കമ്മിററി താമസിയാതെ ആലോചിക്കുന്നതാണു്. ഇതിലേക്കുള്ള കെട്ടിടത്തിന്നു ഗവണ്മെൻറു പണമിറക്കുകയും സ്റ്റാളുകൾ വാടകയ്ക്കുകൊടുത്തു ക്രമേണ ആ തുക ഈടാക്കുകയും ചെയ്യണമെന്നും സഞ്ചാരികളിൽ താല്പര്യം ഉളവാക്കുന്നതിനായി പ്രദർശനത്തോടനുബന്ധിച്ചു സഞ്ചാരികളുടെ ഒരു ബ്യൂറൊ ഉണ്ടായിരിക്കണമെന്നും നിർദ്ദേശിക്കപ്പെടുന്നു

*   *   *

തലച്ചോറു തലയിലല്ല, അതു ശരീരത്തിൽഎല്ലായിടത്തും വ്യാപിച്ചിരിക്കുന്നു എന്നാണു ബർണാഡ്ഷായുടെ പുതിയവാദം. തലയിലാണു തലച്ചോറിരിക്കുന്നതെന്നഭിപ്രായം വെറും തെററന്നു അദ്ദേഹത്തിന്നു വളരെക്കാലമായി തോന്നിയിരുന്നു. ബുദ്ധി എന്നതു ശരിരത്തിൽ എല്ലായിടത്തും ഉണ്ടു്. ഏതൊരു അവയവത്തിൻെറ ഉപയോഗത്തിൽ ഒരുവൻ വൈദഗ്ദ്ധ്യം കാണിക്കുന്നോ ആ അവയവമാണത്രേ അവൻെറ ബുദ്ധിയുടെ സ്ഥാനം

*   *   *

ചൈനയുടെ വെള്ളിനിയന്ത്രണത്തിന്നു ലണ്ടനിൽ എന്തു ഫലമാണുണ്ടാകുന്നതെന്നുള്ളതിനെപ്പററി ഒരു നിശ്ചയവും കാണുന്നില്ല. അമേരിക്കക്കു എതിരായുള്ള ഒരു നടപടിയാണു അതെന്നു എല്ലാവരും സമ്മതിക്കുന്നുണ്ടു്. ഇതുവരെ വിചാരിച്ചിരുന്നതു വളരെ ലാഭത്തോടുകൂടിയാണു ചൈനാ വെള്ളിവിററുകൊണ്ടിരുന്നതെന്നാണു് പക്ഷെ മേലാൽ വെള്ളി കയററുമതിചെയ്യുന്നതായാൽ അന്യരാജ്യങ്ങളുമായുള്ള കച്ചവടത്തിൽ ചൈനയുടെ നില ആപൽക്കരമായിത്തീരുമത്രെ.

*   *   *

ജർമ്മനിയിൽ ആണ്ടുതോറും ഒരുലക്ഷം സൈക്കിൾഅപകടംവീതം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ പരിഹാരത്തിനായി, ഇന്നു പണിതീർന്നുവരുന്ന എക്സ്പ്രസ്സുമോട്ടോർ റോഡുകൾപോലെ രാജ്യത്തെല്ലായിടത്തും സൈക്കിൾറോഡുകൾ നിർമ്മിക്കാൻ ആലോചിച്ചുവരുന്നു. ജർമ്മനിയിൽ ഒന്നരക്കോടി ജനങ്ങൾ, അതായതു നാലുപേരിൽ ഒരാൾവീതം സൈക്കിൾ ഉപയോഗിക്കുന്നു. റൂർ എന്ന ഡിസ്ട്രിക്ടിൽ 47 ശതമാനവും നഗരങ്ങളിൽ 6 ശതമാനവും സൈക്കിൾ ഉപയോഗിക്കുന്നവരാണ്. ആഫീസുജോലിക്കാരിൽ ഇരുപതു ശതമാനവും ഫാക്ടറിജോലിക്കാരിൽ അറുപതുശതമാനവും ജോലിക്കുവരികയും പോകയുംചെയ്യുന്നതു സൈക്കിളിലാകുന്നു.

* * *

അമേരിക്കയുടെ ദേശീയപുനരുദ്ധാരണത്തിനുള്ള എൻ. ആർ. എ. പദ്ധതിയെ ഒന്നുകൂടി ലഘൂകരിക്കയും പുനസ്സംഘടിക്കയും ചെയ്യുന്നതിനു പ്രസിഡന്റു റൂസ്വെൽററും ജനറൽ ജാൺസനുംകൂടി നിശ്ചയിച്ചിരിക്കുന്നു. ഫെഡറൽഗവണ്മെന്റിനെപ്പോലെതന്നെ എൻ. ആർ. എ-യ്ക്കും എക്സിക്യൂട്ടീവു,ജുഡിഷ്യൽ, ലെജിസ്ലേററീവുഎന്നു മൂന്നു ശാഖകൾ ഉണ്ടായിരിക്കും. എക്സിക്യൂട്ടീവിന്റെ സർവ്വാധിപത്യം ജനറൽ ജാൺസനു ആയിരിക്കും. തൊഴിലാളിത്തർക്കങ്ങൾ, വ്യാവസായികറോഡുകൾ എന്നിവ ജുഡിഷ്യൽ വകുപ്പിന്റെ നിയന്ത്രണത്തിലും നയരൂപീകരണം ലെജിസ്ലേററീവു ശാഖയുടെ അധീനതയിലും ആയിരിക്കും.

* * *

ജർമ്മനിയുടെ വടക്കുഭാഗത്തു ഹെലിഗൊലൻഡ് എന്ന ദ്വീപിൽ നിൽക്കുന്ന ദീപസ്തംഭം ജർമ്മനിയിലേക്കു ഏററവും പഴക്കംചെന്നതാണ്. ആറു നൂററാണ്ടുകളായി അതിഭയങ്കരങ്ങളായ അലകൾ അതിൽ തകർന്നുകൊണ്ടിരിക്കുന്നതല്ലാതെ, കേടുവരുത്താൻകഴിഞ്ഞിട്ടില്ല. 19-ാം ശതകത്തിന്റെ ആദ്യകാലത്തു നെപ്പോളിയൻ ഇംഗ്ലണ്ടിനെ ആക്രമിക്കാൻ ശ്രമിച്ചപ്പോൾ ഈ ദീപസ്തംഭത്തെ തകർത്തുകളയാൻ ആരംഭിച്ചു. പക്ഷെ അതു ഇന്നും അവശേഷിക്കുന്നു. 1299-ൽ ഉണ്ടാക്കിയ ഈ സ്തംഭത്തിനു 190 അടി പൊക്കം ഉണ്ട്. താഴെ അതിന്റെ ഭിത്തിക്കു ഒൻപതടിയും മുകളിൽ നാലര അടിയും ഘനമാണുള്ളതു്. പഴയ കാലങ്ങളിൽ അതിന്റെ മുകളിൽ വിറകിട്ടാണ് എരിച്ചുകൊണ്ടിരുന്നതെങ്കിലും, ഇപ്പോൾ 21 പ്രത്യൽഭാസനസ്പടികങ്ങളോടുകൂടി ഒരു നല്ല ദീപം അതിൽ ഉണ്ട്.

* * *

അമേരിക്കൻഐക്യനാടുകളിലെ ഫലസമൃദ്ധമായ താഴ്വരകളിൽ പാർപ്പുറപ്പിച്ചിരിക്കുന്ന ജപ്പാൻകാർ പൊയ്ക്കൊള്ളണമെന്നു ആജ്ഞയുണ്ടായിരിക്കുന്നു. അരിസോണായിലെ സാൾട്ട് നദീതീരങ്ങളിൽ പാർപ്പുറപ്പിച്ചിരിക്കുന്ന ആയിരത്തിൽപരം ജപ്പാൻകാരെ ബാധിക്കുന്ന ഈ ശാസനം വല്ലാത്ത സ്ഥിതിഗതികളാണുണ്ടാക്കിത്തീർത്തിരിക്കുന്നതു്. ഫെഡറൽ ഗവണ്മെന്റു ഇടപെട്ടു കുഴപ്പങ്ങളെനിവാരണംചെയ്യാൻശ്രമിക്കുന്നു. അമേരിക്കയുംജപ്പാനും തമ്മിലുള്ള ബന്ധത്തിനു തകരാറുവരുത്തുന്ന സംഭവങ്ങളുണ്ടാകാതെ സൂക്ഷിക്കണമെന്നു അരിസോണായിലെ ഗവർണ്ണരോടു ഫെഡറൽഗവർമ്മെന്റു ശട്ടം കെട്ടിയിരിക്കുന്നു. ആരിസോണായിൽ വിദേശികളെ സംബന്ധിച്ചുള്ള ഭൂസ്വത്തുനിയമത്തിനു വിരുദ്ധമാണു ഈ ജപ്പാൻകാരുടെ അവിടത്തെ വാസമെന്നുആരിസോണാ വാദിക്കുന്നു. കുഴപ്പമുണ്ടാക്കിയാൽ അതു മഞ്ചൂക്കുവോയിൽ അമേരിക്കാക്കു് അപായമുണ്ടാക്കുമെന്നു സ്റ്റേററുഡിപ്പാർട്ടുമെന്റു ഗവർണ്ണർക്കുതാക്കീതു നൽകിയിട്ടുണ്ട്. ജപ്പാൻഗവർമ്മെന്റു സ്റ്റേററുസിക്രട്ടറിയുമായി നേരിട്ടു ഇതേപ്പററി ആലോചന തുടങ്ങിയിട്ടുമുണ്ട്.

* * *

മി. ആർ. സി. ബോവൻ എന്നുപേരുള്ളതും, 32-വയസ്സുപ്രായമുള്ളതും ആയ ഒരു ലണ്ടൻസ്ക്രൾമാസ്റ്റർ ബ്രിട്ടനുചുററുംഒരുവള്ളത്തിൽ തുഴഞ്ഞു് യാത്രചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. ഇദ്ദേഹം ലങ്കാസ്ററർഎന്ന സ്ഥലത്തു ജനിക്കയും ആസ്ത്രേലിയായിൽ വളരുകയും ചെയ്തു. വെസ്റ്റ്മിനിസ്റ്ററിലെ കടൽപ്പാലത്തിൽ നിന്നാണു ഇയ്യാൾ യാത്ര ആരംഭിക്കുന്നതു്. ഒരു ദിവസം പത്തുമൈൽവീതം സഞ്ചരിച്ചാൽഒൻപതു മാസംകൊണ്ടു യാത്ര പൂർത്തിയാകും. 14 അടി നീളമുള്ള ഒരു വള്ളത്തിലാണു അയാൾ സഞ്ചരിക്കുന്നതു്. ദിക്കറിയാനുള്ള ഒരു യന്ത്രം അയാളുടെ കൈവശമുണ്ടായിരിക്കും. ജീവരക്ഷനേടുന്നതിനുള്ള ലൈഫ്ബെൽട്ട് അയാൾ കൊണ്ടുപോകുന്നില്ല. വള്ളം മറിഞ്ഞാൽതന്നെയും, മുങ്ങിപ്പോകാതിരിക്കത്തക്കവണ്ണം അതിന്റെ രണ്ടററത്തും, കാററുകയററിയ റബ്ബർസഞ്ചികൾ കെട്ടി സൂക്ഷിച്ചിരിക്കും. ആഹാരം പാകം ചെയ്യുന്നതിനും ഉറങ്ങുന്നതിനും അയാൾക്കു കടൽക്കരയിൽ വരേണ്ടിവരും. അതിനുള്ള സാധനസാമഗ്രികൾ വള്ളത്തിലുണ്ടായിരിക്കും. ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ സ്കാട്ടുലൻഡിന്റെ വടക്കുവശത്തെത്തുമ്പോൾ കടൽ വളരെക്ഷോഭിച്ചിരിക്കും. ഹെബ്രിഡിസ് കടലിടുക്ക് അത്യന്തം അപായകരമാണ്. കരയിൽനിന്നും രണ്ടു മൈലെങ്കിലും ദൂരെക്കൂടി പോയെങ്കിൽമാത്രമേ കരയിൽ അടുത്തു വള്ളം അടിയാതെ സൂക്ഷിക്കാൻ സാധിക്കയുള്ളൂ.

* * *

കാലിഫോർണിയായിലെ ഒരു ജ്യോതിർന്നിരിക്ഷണശാലയിൽ പുതുതായി ഉണ്ടാക്കുന്ന ഏററവും ശക്തിയേറിയ ദൂരദർശിനിക്കണ്ണാടിക്കു 20 ടൺ തൂക്കമുണ്ട്. അതു കണ്ണാടി ഉരുക്കി മൂശയിലൊഴിച്ചു തണുപ്പിച്ചു എടുക്കുന്നതാണ്. മുപ്പതുകോടി പ്രകാശവർഷമാണു ഇന്നുള്ള ഏററവും വലിയ ദൂരദർശിനികൊണ്ടു കാണാവുന്നതു്. ഒരു നിമിഷത്തിൽ വെളിച്ചം 186000 മൈൽ സഞ്ചരിക്കുമ്പോൾ ഒരു കൊല്ലത്തിൽഅതു എത്ര ദൂരം സഞ്ചരിക്കുമോ അത്രയും ദൂരമാണു ഒരുപ്രകാശവർഷം. അതുകാലത്തെയല്ല, ദൂരത്തെയാണു കുറിക്കുന്നതു എന്നു ഇതിനാൽ മനസ്സിലാകുമല്ലൊ. പുതിയ ദൂരദർശനികൊണ്ടു 100 കോടി പ്രകാശവർഷം കാണാമെന്നാണു പറയുന്നതു്. അതിന്റെ കണ്ണാടിക്കു അഥവാ "കാചം"ത്തിന അത്രമാത്രം ശക്തിയാണുള്ളതു്. താഴെ കാണുന്ന ചില കാര്യങ്ങൾ ശ്രദ്ധേയമാണ്. ആ കാചം കണ്ണാടി ഉരുക്കിഒഴിച്ചാണല്ലൊ ഉണ്ടാക്കുന്നതു. പത്തു മാസംകൊണ്ടുമാത്രമെ അതു തണുക്കുകയുള്ളൂ. കാലിഫോർണിയായിലെ വല്ല പർവ്വതശൃംഗത്തിലുമായിരിക്കും അതു സ്ഥാപിക്കാൻപോകുന്നതു്. ആ ദൂരദർശിനിക്കണ്ണാടിക്കും കുഴലിനും മററും ആകെ അറുപതുലക്ഷം ഡാളർ വിലയാകുന്നു. അതു വസ്തുക്കളെ വലുതാക്കി കാണിക്കയില്ല ഇന്നു കാണുന്നതിന്റെ മുപ്പതു ഇരട്ടി കൂടുതൽ ആകാശം അതുകൊണ്ടു കാണാൻ കഴിയും. പുതിയ നക്ഷത്രങ്ങൾ എങ്ങനെ ഉണ്ടാകുന്നു എന്നു അതു കൂടുതൽ വിശദമാക്കും ഇന്നു ഫോട്ടോ എടുക്കാൻ സാധിക്കാത്തവിധം അത്ര വേഗത്തിൽ പായുന്ന തേജോമേഘങ്ങളുടെ ഫോട്ടോ എടുക്കാൻ അതിനു സാധിക്കും. വാൽനക്ഷത്രങ്ങളും ഉൽക്കകളും എന്തുകൊണ്ടു ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നു അതു കണ്ടുപിടിക്കും. ആകാശത്തിന്റെ വക്രത എന്നറിയപ്പെടുന്നതിനെ അതുവിശദീകരിക്കും.

* * *

ഇരുനൂറുവർഷം മുമ്പു റോമിൽ സ്ഥാപിതമായ ഫെറാറാ ലൈബ്രറിയുടെ ഷെൽഫിന്റെ മുകളിലത്തെ തട്ടിലുള്ള പുസ്തകങ്ങൾ ഇദംപ്രഥമമായി ഈയിടെ പരിശോധിമ്പനോക്കിയപ്പോൾ നാലു ശതാബ്ദം മുമ്പു അച്ചടിച്ചിട്ടുള്ള അനേകം പുസ്തകങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു.

* * *



പുരുഷന്മാർക്കുള്ള ഫാഷൻ.

യൂറോപ്യൻസ്ത്രീകളുടെ വസ്ത്രധാരണരീതി നാൾക്കുനാൾ മാറുന്നുണ്ടെങ്കിലും പുരുഷന്മാർ വേഷാദികളിൽ യാഥാസ്ഥിതികന്മാരായാണു കാണപ്പെടുന്നതു്. എന്നാൽ ഈയിടെയായി പുരുഷന്മാരുടെവേഷത്തിലും ചില ഭേദഗതികൾ വരുത്തണമെന്നു് അഭിപ്രായപ്പെടുന്നവരുടെ സംഖ്യകൂടി വരുന്നുണ്ട്. ചില പരിഷ്കാരനിർദ്ദേശങ്ങളാണു മുകളിൽ കാണുന്നതു്.

# മലയാളരാജ്യം

1110 കന്നി 1-ാംനു- തിങ്കളാഴ്ച

നാട്ടുരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടരുതെന്നുള്ളതാണ് കാൺഗ്രസ്സിന്റെ നയമെന്നും കാൺഗ്രസ്സിന്റെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ നാട്ടുരാജ്യപ്രജകൾക്ക താല്പര്യം പ്രദർശിപ്പിക്കാതിരിക്കാൻ കഴിയുന്നതല്ലെങ്കിലും ഖദർ, ഹരിജനപ്രവർത്തനം, സ്വദേശി വർഗ്ഗീയസൌഹാർദ്ദം എന്നിങ്ങനെയുള്ള കാൺഗ്രസ്സിന്റെ സൃഷ്ടിപരമായ കാര്യപരിപാടികളുടെ നിർവ്വഹണത്തിനാണ് നാട്ടുരാജ്യപ്രജകൾ മുഖ്യമായി ശ്രദ്ധിക്കേണ്ടതെന്നും ഇതിനുമുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കാൺഗ്രസ്സ് സിവിലാജ്ഞാലംഘനം മുതലായ നിയമവിരുദ്ധപ്രവർത്തനങ്ങൾ നടത്തിയിരുന്ന കാലത്തുപോലും തിരുവിതാംകൂറിലെ കാൺഗ്രസ്സ് പ്രവർത്തകന്മാരും കാൺഗ്രസ്സ്സംഘടനകളും ആ പദ്ധതികളെ ഇവിടെ അനുകരിക്കുവാൻ ശ്രമിച്ചിട്ടില്ല. കമ്മ്യൂണിസത്തിന്റെയോ സോഷ്യലിസത്തിന്റെയോ തത്വങ്ങളെ കാൺഗ്രസ്സ് ഇതുവരെ അംഗീകരിച്ചിട്ടില്ല. ഈ തത്വങ്ങളെ കാൺഗ്രസ്സിന്റെ പേരുംപറഞ്ഞു പ്രസംഗിക്കുന്നതിനോ പ്രചരിപ്പിക്കുന്നതിനോ ഈ രാജ്യത്ത് ആരെങ്കിലും മുതിർന്നിട്ടുള്ളതായും അറിയുന്നില്ല. എന്നിരുന്നിട്ടും ഇന്നു നിയമാനുസാരമായ ഉദ്ദേശത്തെ ലാക്കാക്കി നിയമാനുസാരമായ മാർഗ്ഗത്തിൽക്കൂടി പ്രവർത്തിച്ചുപോരുന്ന കാൺഗ്രസ്സിന്റെ പ്രചരണങ്ങളെ കമ്മ്യൂണിസ്റ്റുപ്രചരണവുമായി കൂട്ടിയിളക്കി അതിനെ നിരോധിക്കുന്ന കമ്മ്യൂണിക്കിലെ വാചകരചനയും ആശയഘടനയും എല്ലാം അതിന്റെ ഉത്തരവാദികളുടെ ചിന്തയിലുള്ള വലുതായ ഒരു കുഴപ്പത്തെ പ്രദർശിപ്പിക്കുകയാണു ചെയ്യുന്നത്. ഗവണ്മെന്റിന്റെ അഭിനന്ദനീയമല്ലാത്ത ഈ പ്രവൃത്തിയെ കയ്യോടെതന്നെ ലഘുപത്രികമുഖാന്തിരം ചൂണ്ടിക്കാണിക്കയുംതിരുവനന്തപുരം റെയിൽവേമൈതാനത്തെ പൗരമഹാജനയോഗംമുഖാന്തിരം പ്രതിഷേധിക്കയും ചെയ്തുകാണുന്നതിൽ ഈ ശ്രമങ്ങളുടെ ഭാരവാഹികളായ പൗരനേതാക്കന്മാർ അഭിനന്ദനാർഹരാണ്. കാൺഗ്രസ്സിന്റെ ഉദ്ദേശത്തിലും പ്രവർത്തനരീതിയിലും നിരോദ്ധ്യമായി ഒന്നുംതന്നെ ഇന്നു ഇല്ലാതിരിക്കെ ആ ദേശീയസംഘടനയെ അകാരണമായിഅപലപിക്കയും അതിനോട് ഈ നാട്ടുകാർക്കുള്ള അനുഭാവത്തെ നിരോധിക്കയും ചെയ്യുന്നതു പ്രതിഷേധാർഹമായ ഒരു നടപടിയാകുന്നു. അതുപോലെതന്നെ സങ്കല്പമാത്രമായ കാരണങ്ങൾ പറഞ്ഞു പ്രബുദ്ധരും രാജഭക്തരും ആയ ഒരുജനതയുടെ പ്രസംഗസ്വാതന്ത്ര്യം സംഘസ്വാതന്ത്ര്യം എന്നീ പ്രാഥമികപൗരാവകാശങ്ങളെ ഹനിക്കുന്നതും ഒരിക്കലും പ്രശംസാർഹമല്ല. വിദ്യാഭ്യാസത്തിൽ മുന്നിട്ടുനിൽക്കുന്ന ഇത്തരം ഒരു രാജ്യത്തിൽ കാൺഗ്രസ്സുപ്രചരണത്തെയോ കമ്മ്യൂണിസ്റ്റുപ്രചരണത്തെയോകാൾ ജനഹൃദയങ്ങളിൽ അസംതൃപ്തിവളർത്തുന്നതിനു കൂടുതൽ പര്യാപ്തമായിത്തീരുന്നതു ഇത്തരം നയങ്ങളാകുന്നു. പഠിപ്പും വിവരവും ഉള്ള ജനങ്ങൾക്ക ബോദ്ധ്യംവരാത്തവിധത്തിലുള്ള ഉദ്യോഗസ്ഥശാസനങ്ങളെ സ്വതേ സമാധാനപ്രിയരും രാജഭക്തരും ആയ ജനങ്ങൾ അനുസരിക്കതന്നെ ചെയ്യുമെങ്കിലും അതു ഗവണ്മെന്റിനെപ്പററി ജനങ്ങൾക്കുള്ള മതിപ്പിനു കാലക്രമത്തിൽ കേടുവരുത്തുമെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു ശരിയായ ന്യായമോ യുക്തിയോ ഇല്ലാത്ത ആ കമ്മ്യൂണിക്കിനെപ്പററി ഉത്തരവാദിത്വമുള്ള പൗരാവലിയുടെയിടയിൽ ഉണ്ടായിരിക്കുന്ന പ്രതിഷേധത്തെ പരിഗണിച്ചു ഗവണ്മെൻറ് അതിനെ അവിളംബം പരിഹരിക്കുമെന്നു വിശ്വസിക്കുന്നു.

*     *     *

ഇൻഡ്യയിൽ കുഷ്ഠരോഗനിവാരണത്തിനുള്ള ഒരു മിഷൻ ആരംഭിച്ചതിന്റെ രത്നജൂബിലി (അറുപതു കൊല്ലംതികയുമ്പോൾ നടത്തുന്ന ഉത്സവം) ഈ മാസത്തിൽ നടത്തുന്നു എന്നറിയുന്നതു നമ്മുടെ ആളുകൾക്ക ഒരു വിശേഷവർത്തമാനമായിരിക്കും. ഈ മിഷൻ ഇന്ത്യയിൽ ആരംഭിച്ച മി. വെല്ലസ്ലിബെയിലി എന്ന മഹാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്. ഇദ്ദേഹം പഞ്ചാബിലുള്ള അമ്പാലാനഗരത്തിലാണു അറുപതുകൊല്ലം മുമ്പേ ഈ മിഷൻ ചെറിയതോതിൽ ആരംഭിച്ചതു്. 1874-ൽ ഇദ്ദേഹം അയർലണ്ടിൽ പോയി അവിടെയുള്ള മൂന്നുനാലു മഹതികളോടു തന്റെ മിഷന്റെ നടത്തിപ്പിനു പ്രതിവർഷം മുപ്പതുപവൻ വീതം സംഭാവന ശേഖരിച്ചു അയച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടു. ആ വർഷം അവസാനിച്ചപ്പോൾ ആ മഹതികൾ ശേഖരിച്ചയച്ചുകൊടുത്തതു ഏകദേശം 600 പവൻ ആയിരുന്നു. കഴിഞ്ഞ കൊല്ലം ഈ മിഷനിൽ നിന്നു ഇന്ത്യയിൽമാത്രം ചിലവാക്കിയതു ഏഴുലക്ഷത്തി നാലായിരത്തി അറുനൂററി അറുപത്താറു രൂപയായിരുന്നു. ഇതിനു പുറമെ ഈ മിഷന്റെ ശാഖകൾ ചൈന, ജപ്പാൻ, കൊറിയ, ഫർമോസ്സാ, സയാം, ആഫ്രിക്കാ, അമേരിക്ക മുതലായ സ്ഥലങ്ങളിലും സ്ഥാപിച്ചു ഇതിലും വലിയതുകകൾ ചിലവാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഈ മിഷന്റെ വകയായി പല സ്ഥലങ്ങളിലായി 36 ആതുരശാലകളും അവയിൽ എല്ലാററിലും കൂടി 6500 കുഷ്ഠരോഗികളുമുണ്ട്. ഈ മിഷനിൽ നിന്നു ഗ്രാൻറുവാങ്ങി നടത്തിപ്പോരുന്ന പതിനഞ്ചു ആതുരശാലകൾ വേറെയുമുണ്ട്. ബാംബെസംസ്ഥാനത്തിൽ ബൽഗാം, മിറാജ്, നാസിക്ക് പൂനാ, കോലട്ടൂർ, പൂയി, വിംഗുർലാ മുതലായ സ്ഥലങ്ങളിൽ ഈ മിഷന്റെ ആസ്പത്രികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കൊല്ലം 710 രോഗികളെ രോഗമുണ്ടായതിന്റെ പാടുപോലുമില്ലാതെ ഈ ആസ്പത്രികളിൽ നിന്നു സുഖപ്പെടുത്തി വിട്ടിട്ടുണ്ട്. ആറായിരത്തിൽപരം രോഗികൾ ഈ മിഷൻ വകആസ്പത്രികളിൽ നിന്നു മരുന്നുവാങ്ങി ഉപയോഗിക്കുന്നവരായി ഉണ്ടെന്നു മാത്രമല്ല രോഗികളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവൎക്ക രോഗം പകരാതിരിക്കുന്നതിനും വേണ്ട ഏർപ്പാടുകളും മിഷനിൽ നിന്നു ചെയ്തിട്ടുണ്ട്. ആണ്ടുതോറും ഈ ആസ്പത്രികളിൽ രോഗികളുടെ സംഖ്യ വർദ്ധിച്ചാണു വരുന്നതു്. രോഗികളെ ചികിത്സിക്കുക മാത്രമല്ല, അവരെ കൃഷി മുതലായ തൊഴിലുകൾ അഭ്യസിപ്പിക്കുകയും ചെയ്യുന്നുണ്ട്. ചില ആസ്പത്രികളോടുചേൎന്നുള്ള കൃഷിത്തോട്ടങ്ങൾ മാതൃകാതോട്ടങ്ങളുമാണ്. രോഗികളുടെ വിനോദത്തിനു കളികൾ, സദിരുകൾ, ലൈബ്രറികൾ മുതലായവയും നടത്തപ്പെടുന്നുണ്ട്- ധർമ്മതല്പരന്മാർ സദുദ്ദേശത്തോടുകൂടി ആരംഭിക്കുന്ന ധർമ്മസ്ഥാപനങ്ങൾക്ക ഉണ്ടാകുന്ന അഭിവൃദ്ധിക്കു ഈ മിഷൻ ഒരു ഉത്തമദൃഷ്ടാന്തമാകുന്നു. ഇങ്ങനെയുള്ള ധർമ്മസ്ഥാപനങ്ങൾ നമ്മുടെ ഇടയിലും ചിലർ ആരംഭിക്കുകയും അവിടെയുംസ്വാർത്ഥതകടന്നു തകരാറുണ്ടാക്കുകയുമാണല്ലോ ചെയ്തുവരുന്നതു്. സനാതനധർമ്മത്തെ ഘോഷിക്കുന്നവർ വാസ്തവധർമ്മം എന്തെന്നു ഈ മിഷന്റെ പ്രവൃത്തികൾ കണ്ടു മനസ്സിലാക്കട്ടെ.

*     *     *

ആലപ്പുഴവച്ച് അഖിലതിരുവിതാംകൂർ മുനിസിപ്പൽ കാൺഫറൻസിന്റെ നാലാമതുസമ്മേളനം ഉൽഘാടനംചെയ്തുകൊണ്ടു ദിവാൻ സർ മഹമ്മദുഹബിബുള്ളായും അദ്ധ്യക്ഷസ്ഥാനത്തുനിന്നു അസംബ്ലി ഡെപ്യൂട്ടിപ്രസിഡൻറ് രാജശ്രീ ററി. കെ. വേലുപ്പിള്ള അവർകളുംചെയ്ത സാരഗർഭമായ പ്രസംഗങ്ങൾ അത്യന്തം ശ്രദ്ധേയങ്ങളാണ്. പരിഷ്കാരാഭിവൃദ്ധിയോടുകൂടി നഗരജീവിതത്തിന്റെ പ്രശ്നങ്ങൾ കൂടുതൽ പ്രാധാന്യമുള്ളവയായി തീൎന്നുകൊണ്ടിരിക്കുകയാണ്. ഈ ജീവൽപ്രശ്നങ്ങളെ നേരിട്ടു കാര്യക്ഷമമായ തീരുമാനങ്ങൾ ഉണ്ടാക്കി മുനിസിപ്പൽഭരണത്തിന്റെ പ്രയോജനങ്ങളും പ്രശസ്തിയും വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇത്തരം കാൺഫറൻസുകൾ അത്യന്തം സഹായപ്രദമാണെന്നു ദിവാൻജിയും അദ്ധ്യക്ഷനും പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. അദ്ധ്യക്ഷൻ അത്യുചിതമായി ചൂണ്ടിക്കാണിച്ചതുപോലെ സാമ്പത്തികവും വ്യാവസായികവും ആയ വലിയ പദ്ധതികളും രാഷ്ട്രസൃഷ്ടിപരമായ പരിപാടികളും കൈക്കൊണ്ടു അവയുടെ വിജയപ്രദമായ നിർവ്വഹണത്തിൽ ഗവമ്മെൻറ് ബദ്ധശ്രദ്ധമായിരിക്കേണ്ട കാലമാണ് ഇനി വരുന്നതും ഇപ്പോഴുള്ളതും. അതുകൊണ്ടു തദ്ദേശഭരണസമിതികളെ വിശാലമായ ഒരു അടിസ്ഥാനത്തിന്മേൽ ഉറപ്പിച്ചു അവയ്ക്കു കൂടുതൽ വിപുലമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും കൊടുത്തു അവയെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവരേണ്ടതു രാജ്യശ്രേയസ്സിനുതന്നെ അത്യന്താപേക്ഷിതമാകുന്നു. മുനിസിപ്പൽ കാൺഫറൻസിന്റെ ഒരു സ്റ്റാൻഡിംഗ്കമ്മററി ഉണ്ടായിരിക്കണമെന്ന അദ്ധ്യക്ഷാഭിപ്രായം നടപ്പാകുന്നപക്ഷം മുൻസിപ്പൽഭരണരീതികളിൽ ഒരു ഐകരൂപ്യം വരുത്തുന്നതിനും, മുൻസിപ്പൽകാര്യങ്ങളിൽ പൊതുവേ ഒരു നിയന്ത്രണവും മേൽനോട്ടവും വഹിക്കുന്നതിനും മുൻസിപ്പൽഭരണകാര്യങ്ങളിൽ ഗവണ്മെന്റിനു അധികൃതവും കാര്യക്ഷമവും ആയ ഉപദേശം നൽകുന്നതിനും പുരവാസികളെ പ്രബുദ്ധരാക്കുന്നതിനു ആവശ്യമായ സംഘടിതപ്രചരണങ്ങൾ നടത്തുന്നതിനും സുഗമമായ ഒരു മാർഗ്ഗം തുറന്നുകിട്ടുന്നതാണ്. പൊതുക്കാര്യജീവിതത്തിൽ ഏറിയപങ്കും തദ്ദേശഭരണസമിതികളിൽ ചിലവഴിച്ചിട്ടുള്ള സർ മഹമ്മദ് ഹബീബുള്ളായുടെ കാലത്തുതന്നെ സംസ്ഥാനത്തെ മുൻസിപ്പൽ ഭരണചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുന്ന ഒരു മുൻസിപ്പൽറഗുലേഷൻ ഉണ്ടാകുമെന്നാശിക്കാം.




ഡാക്ടർ ഗ്ബൽസ് (ജർമ്മൻ മിനിസ്റ്റർ ആഫ് പ്രോപഗാൻഡ;
ഹിററ്ലറിൻെറ തിരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തിക്കൊണ്
പോളിംഗ്സ്റേറഷൻ വിടുന്ന രംഗം.

U- P- S-

സെക്കോസ്ലവേക്കിയായിലെ പ്രസ
എം. മസാറിക്കിനെ ആ രാജ്യത്തിലെ
അനുമോദിക്കുന്നു. അവിടെ റിപ്പബ്ലി
നാറുവർഷകാലമായി മസാറിക്കു് ഉദ്യോ





ഇടതുവശം: — ജർമ്മനിയിൽ സ്പ്രാം ഡിസ്ട്രിക്കി
ലുള്ള യാതൊരു ഉപകരണങ്ങളും
കൊയ്ത്തരിവാൾകൊണ്ടുതന്നെ
ഇന്നും കൊയ്ത്തുനടത്തുന്നതു്
കളാണു കൊയ്ത്തുകാരൽ പുര
സ്കർട്ട്സ്" ധരിച്ചിരിക്കുന്നു.

വലതുവശം:—സ്പ്രാംപ്രദേശത്തിലെ കൊയ്ത്
കൊയ്ത്തരിവാളുമായി നിൽക്കു

Photos by the kind cct

ിഡണ്ടായി നാലാമതും തിരഞ്ഞെടുക്കപ്പെട്ട
സർവ്വസൈന്യാധിപനായ ജനറൽ സീറോവി
ിക്കൻഭരണം അരംഭിച്ചതിനെ തുടൎന്ന പതി
ഗം ഭരിച്ചുവരുന്നു.

U- P- S-





മുസ്സോളിനി കററ മെതിക്കുന്ന ജോലിയിൽ ഏൎപ്പെട്ടിരിക്കുന്ന ചിത്രം.

ലിറേറാറിയായ്ക്കു സമീപമുള്ള ചുറ്റുപ്രദേശങ്ങൾ ഒരുകാലത്തു കൃഷിക്ക് ഉപയുക്തമല്ലാതെയും കൃഷിവീഴ്ചകൾക്കു വിഷയമായും കഴിഞ്ഞിരുന്നു. ആ പ്രദേശത്തു സ്ഥാപിച്ച സാബുവാഡിയാ എന്ന നഗരത്തിൽ മുസ്സോളിനി അവിടത്തെ കററകൾ മെതിച്ചു ധാന്യം ശേഖരിക്കുന്ന ജോലിയിൽ പങ്കെടുത്തു. കൂലിക്കാരുടെ രജിസ്റ്ററിൽ മൂന്നു മണിക്കൂർ നേരത്തേക്കു മുസ്സോളിനിയുടെ പേർ ഉൾപ്പെട്ടിരുന്നു സമുചിതമായ ഒരു പ്രസംഗത്തോടുകൂടി അദ്ദേഹം ജോലി പൂൎത്തിയാക്കി ആ രംഗത്തിൽനിന്നു വിരമിച്ചു.

U. P. S.

ിലെ ഒരു കൊയത്തുകാലം. യന്ത്രരൂപത്തി
ളും ആശ്രയിക്കാതെ മാമൂലനുസരിച്ചു വെറും
ാണു ഭൂലോകത്തെ ഈ ചെറിയ കോണിൽ
ദേഹത്തോടു ചേൎന്നുകിടക്കുന്ന ലിനൻടസ്സു
ഷന്മാർ ധരിച്ചിരിക്കുന്നതു്. സ്ത്രീകൾ 'ഫ്രം

തു്. പഴയ മാമൂലനുസരിച്ചുള്ള വസ്ത്രങ്ങളും
ററ രണ്ടു കൊയത്തുകാർ.

urtesy of the E. R. D. Bureau, London
through K. P. P. Tampy, Trivandrum.



# പ്രപഞ്ചപുസ്തകം.

(വി. നാരായണമേനോൻ.)

ദിവ്യമായിരിപ്പോരുതത്വങ്ങൾനിറഞ്ഞതും
സുവ്യക്തമായെല്ലാക്കുംപഠിപ്പാനാവുന്നതും
ആയൊരുസൽഗ്രന്ഥമുണ്ടായതുവായിച്ചീടാൻ
ആയാസമണുവുമി,ല്ലാത്മനൈമ്മല്യംപോരും.

പരമാത്മാവാംനാഥൻതന്നുടെമഹനീയ
കരപല്ലവങ്ങളാലീഗ്രന്ഥംവിരചിതം
നമ്മുടെമേൽഭാഗത്തുംകീഴിലുംപരിസര-
ദേശത്തുമന്തരംഗത്തിൻെറയന്തർഭാഗത്തും
അച്ചിരന്തനകൃതമാകിയകൃത്യങ്ങളാ-
ണച്ചാരുഗ്രന്ഥത്തിലെപ്രതിപാദിതവസ്തു.

അഗ്രന്ഥകർത്താവിനെയഗ്രേകണ്ടീടാനുള്ള
മാർഗ്ഗമാണതിൽകാണുമന്ത്യമായുള്ളദ്ധ്യായം
ബുധശുക്രരിത്യാദിയാകിയനക്ഷത്രങ്ങൾ
സതതംസുധമ്മയിൽവത്തിക്കുംദിവ്യരത്രേ.

അവനിത്തട്ടിൽവാഴുംമുനിമാരുടെമേന്മ
യവരേക്കാളുംവരമെന്നത്രേകഥിക്കാവൂ
സകലാഭീഷ്ടസിദ്ധിതരുവാൻസന്നദ്ധരായ്
സകൃത്തുഫലംനില്ക്കുംകല്പവൃക്ഷങ്ങളവർ

ഭൂമിഭാഗംതാനത്രേവേരുകളവരുടെ
കാമ്യമാംസുമങ്ങൾതാൻഭക്തിയെന്നോതുംവസ്തു
നിഷ്കാമകമ്മധമ്മമിവയാണവരേകും
സൽഫലങ്ങളെന്നതുംചിത്തത്തിൽചിന്തിച്ചാലും.

അവക്കുവേണ്ടവതുമാരുവാൻകൊടുക്കുന്നു?
അവരേയവനംചെയ്തീടുന്നതാരാകുന്നു?
അവനാണവനിയിൽഅവിളംബിതംമാരി,
വെയിൽമഞ്ഞിവയെല്ലാംചേക്കുന്നതതിമോദാൽ.

അങ്ങയിൽനിന്നുവിനിർഗ്ഗളിക്കുമനുഗ്രഹം
മങ്ങാതെയൊരുമഹാഭൂമിയിൽപതിച്ചാലും
അങ്ങെല്ലാംപുഷ്പലതാവേഷ്ടിതമാകുംന്തനം
മംഗലംതാനേവന്നുമന്ദമായ്നൃത്തംചെയ്യും.

പാരാവാരമാംഗംഭീരാകാരനേതുദിവ്യ-
നാമമുച്ചരിക്കുന്നുവിചിജിഹ്വകളാലേ?
സംശയിപ്പാനെന്തുള്ളു?കന്മഷവിഹീനൻെറ-
ശാശ്വതൻതൻെറ — നാമമല്ലാതെമറെറാന്നാമോ?

ജ്വലിക്കുമനലനുംവന്മരങ്ങളെക്കൂടി
യിളക്കിപ്പുഴ്ക്കുമനോരക്കൊടുങ്കാററുംതഥാ
സ്ഫുരിക്കുമോളങ്ങളുംപരൻെറമഹിമയെ
സ്മരിപ്പിക്കുവാൻമാത്രമേവംവത്തിപ്പതാവാം

ഇക്ഷിതിതലത്തിങ്കലുള്ളൊരിക്കാഴ്ചയെല്ലാം
ഈക്ഷിപ്പാൻകഴിവേകിടയാരുശാശ്വതവിഭോ!
സവ്വദിക്കിലുംതവസുസ്മേരവദനത്തെ
സവ്വദാതെളിഞ്ഞുകണ്ടീടുവാൻകനിയുക.

ഇപ്രപഞ്ചമാംഗ്രന്ഥമായതിന്നേടുകളിൽ
എപ്പോഴുംതവകഥവായിക്കുമാറാകണേ!
കല്ലിലുംകല്ലോലത്തിൻസ്മിതമാംനുരയിലും
എല്ലാനേരവുംനിന്നെക്കാണുമാറാകേണമേ!!

---

## വിഷയവിവരം.


| | | പേജ് |
|---|---|---|
| 1. | സിസ്റ്റർനിവേദിത | 4 |
| 2. | കടുക് | 7 |
| | വി. എൻ. എം, | |
| 3. | ബുദ്ധിമതിയായ ഒരു ബാല്യക | 8 |
| | എസ്. എസ്. | |
| 4. | കൌതുകപംക്തി | 8 |
| 5. | സാമ്പിൾസംബന്ധയാലോചന | 9 |
| | 'അച്ഛ' | |
| 6. | സാർപ്രദേശത്തെ തിരഞ്ഞെടുപ്പ് | 11 |
| 7. | മുരളീഗാനം | 12 |
| | കെ. എം. വർഗ്ഗീസ് ബി. എ. | |
| 8. | ലോകചക്രം | 13 |
| 9. | വിമർശനം | 15 |
| 10. | പ്രപഞ്ചപുസ്തകം (കവിത) | 18 |
| | വി. നാരായണമേനോൻ. | |
| 11. | ഭാരതം | 19 |
| 12. | അന്ധവിശ്വാസിക്കുപററിയ അപകടം (ചെറുകഥ) | 21 |
| | ആർ. കേശവൻനായർ ബി. എ. ബി. എൽ. | |
| 13. | പാചകകല | 26 |
| | എസ്. ഏ. പിള്ള. | |
| 14- | ചന്ദ്രോദയം | 28 |


**മുഖചിത്രം.**

ഗണേശചതുത്ഥി ഇൻഡ്യയൊട്ടുക്കു ആഘോഷിക്കപ്പെടുന്നു. ഈ ആഴ്ചയിൽ കഴിഞ്ഞ ഗണേശചതുത്ഥിദിവസം ഗണേശൻ മഹാത്മജിയെ അനുഗ്രഹിക്കുന്നതായി സങ്കല്പിച്ചിട്ടുള്ള വിഗ്രഹത്തിൻെറ ഒരു ചിത്രമാണു ഈ ലക്കത്തിലെ മുഖചിത്രമായിക്കാണുന്നതു്.

U. P. S.

ചിത്രവാരികയുടെ മുൻലക്കങ്ങളിൽ ഏതാനുംചിലതൊഴികെയുള്ളവ വില്പനയ്ക്കു തയാറുണ്ട്. താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജർ
മലയാളരാജ്യം ആഫീസ്
കൊല്ലം.

N. B. 1, 2, 3, 4, 6, 7 ഈ ലക്കങ്ങൾ വളരെ ചുരുക്കമാകയാൽ ഒററപ്രതിക്കു 8 ണ. വിലയാകുന്നതാണ്.

---



## കുസുമോത്സവം

ഗ്രന്ഥകർത്താ, എസ്സ്. രാമവാര്യർ
ബി. എ. ബി. എൽ.

കുസുമകുമാരിയുടെ ജീവിതത്തിൽ നേരിടുന്ന വിഷമദശകളും, സ്വാത്ഥമൂത്തിയും കുടിലബുദ്ധിയും ആയ വനചരൻെറ നിഷ്ഠുരതകളും, വിനയചന്ദ്രൻെറ അനുരാഗപവാനതയും എന്നു സമഗ്രമായ കവനകലാകുശലതയോടുകൂടിയാണ് വർണ്ണിച്ചിരിക്കുന്നതെന്നു വിവരിക്കുക എളുപ്പമല്ല.

വില 1 രു. 8 ണ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.



## ഭാരതം.

ശ്രീ. കമലാനെഹ്റുവിന്റെ രോഗം ക്രമേണ ഭേദപ്പെടുന്നു. മൂന്നുനാലാഴ്ചയ്ക്കകം അവർ സുഖവാസത്തിനായി അൽമോറായിലേക്കു പുറപ്പെടാൻ ഇടയുണ്ട്. ഡാക്ടർ അറാലും, മിസ്സ് ആർ. എസ്. പണ്ഡിറ്റും നൈനിജയിലിൽച്ചെന്നു പണ്ഡിതജവഹരിലാലിനെ സന്ദർശിച്ചിരിക്കുന്നു.

* * *

സർദാർ പട്ടേലിനും, അബ്ദുൾജാഫർഖാനും വർധാ മുനിസിപ്പാലിറ്റി മംഗളപത്രങ്ങൾ സമർപ്പിച്ചിരിക്കുന്നു. ഖുദയ്ഖിദ്മദ്ഗാർസ് (ചെംകുപ്പായക്കാർ) വിപ്ലവകാരികളല്ലെന്നും, കാൺഗ്രസ്സിലെ ഭിന്നിപ്പ് വിലപനീയമാണെന്നും, ഗാന്ധിജിയുടെ നേതൃത്വത്തെ അംഗീകരിച്ചു പിൻതുടരുന്നതാണു ഐക്യത്തിനുള്ള ഏകമാർഗ്ഗമെന്നും അബ്ദുൾജാഫർഖാൻ മറുപടി പറഞ്ഞു.

* * *

മദ്രാസു സർവകലാശാലാ സിൻഡിക്കേറ്റിന്റെ ക്ഷണമനുസരിച്ചു ജനുവരിയിൽ 'ശ്രീനിവാസശാസ്ത്രിയാർ എൻഡൊവ്മെന്റ്' പ്രസംഗങ്ങൾ നടത്താമെന്നു അസംബ്ളി അദ്ധ്യക്ഷൻ സർ ഷണ്മുഖംചെട്ടി സമ്മതിച്ചിരിക്കുന്നു. ഇന്ത്യയെ പ്രത്യേകമായി പരാമർശിച്ചുകൊണ്ടു രാഷ്ട്രീയശാസ്ത്രത്തെപ്പറ്റിയായിരിക്കും അദ്ദേഹം പ്രസംഗങ്ങൾ നടത്തുന്നതു്.

* * *

ചില വ്യവസ്ഥകൾ നിറവേറുന്നില്ലെങ്കിൽ ഗാന്ധിജി തന്റെ നേതൃത്വം ഉപേക്ഷിക്കുമെന്നുള്ള നിശ്ചയത്തെ പ്രയോഗത്തിൽ വരുത്തുന്നതായാലുള്ള ഗുണദോഷങ്ങളെപ്പറ്റി വർധായിൽ കൂടിയിരുന്ന നേതാക്കന്മാർ ഔപചാരികമായും, അല്ലാതെയും അദ്ദേഹവുമായി ആലോചിച്ചെങ്കിലും അതിന്റെ ഫലം എങ്ങനെയെന്നുള്ളതിനെപ്പറ്റി അവർ മൗനം അവലംബിക്കുന്നതേയുള്ളു. പക്ഷെ അദ്ദേഹത്തിന്റെ നിശ്ചയം കുറേനാളത്തേക്കുകൂടി മാറ്റിവയ്ക്കാൻ അവർ അദ്ദേഹത്തെ പ്രേരിപ്പിക്കുമെന്നു് വിശ്വസിക്കപ്പെടുന്നു. തന്റെ സഹപ്രവർത്തകന്മാരുടെ വാദങ്ങളും ന്യായങ്ങളും കേൾക്കാൻ അദ്ദേഹം തയ്യാറാണ്. കറച്ചുദിവസത്തിനുമുമ്പുണ്ടായിരുന്ന നിർബന്ധബുദ്ധി അദ്ദേഹം ഇപ്പോൾ പ്രദർശിപ്പിക്കുന്നില്ല. അതുകൊണ്ടു പ്രേരണക്കു ഫലമുണ്ടായേക്കുമെന്നു് നേതാക്കന്മാർ വിശ്വസിക്കുന്നു.

* * *

വള്ളത്തോൾമഹാകവി താമസിയാതെ റംഗൂൺ സന്ദർശിക്കുന്നതിനെ പരിഗണിച്ചു റംഗൂണിലെ മലയാളികൾ സെപ്തംബർ ഒന്നാംതീയതി മലബാർ ക്ലബ്ബിൽ ഒരു യോഗം കൂടുകയും ജൂബിലി ഹാളിൽവച്ചു് മഹാകവിക്കു കേമമായ ഒരു സ്വീകരണം നൽകുന്നതിനും കലാമണ്ഡലത്തിലേക്കു ഒരു പണക്കിഴി സംഭാവന ചെയ്യുന്നതിനും ഐകകണ്ഠ്യേന നിശ്ചയിക്കയും ചെയ്തു. അതിലേക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനും സ്വീകരസംഘത്തിൽ അംഗങ്ങളെ ചേർക്കുന്നതിനും ആയി മി. എ. കെ. പിള്ള ബാരിസ്റ്റർ അറ്റ്ലാ അദ്ധ്യക്ഷനായും മററു പതിനഞ്ചു അംഗങ്ങളോടുകൂടിയും ഒരു പ്രവർത്തകസമിതി രൂപീകരിക്കപ്പെട്ടു. ഒരു ബർമീസ്ഡ്രാമയും ഏർപ്പാടുചെയ്യുന്നുണ്ട്.

സ്വീകരണം കെങ്കേമമായിരിക്കുമെന്നും പണക്കിഴി വലുതായിരിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

* * *

ജൂൺ പതിനാറാംതീയതി ഇന്ത്യാഗവണ്മെന്റിന്റെ ഫിനാൻസ്ഡിപ്പാർട്ടുമെന്റു ബാൻഡ്റോൾ ഇല്ലാത്ത തീപ്പെട്ടികൾ അടുത്തമാസം ഒന്നാംതീയതി കഴിഞ്ഞാൽ പിന്നെ വിററുകൂടെന്നു പരസ്യം ചെയ്തിരുന്നതിനെക്കുറിച്ചു ഹർജികൾ കിട്ടിയിരിക്കുന്നു എന്നും, വളരെ ശ്രദ്ധയോടെ ആലോചിച്ചാണു ഈ തീയതി നിശ്ചയിച്ചിട്ടുള്ളതു എന്നുള്ളതിനാൽ അതിനെമാററാൻ നിവൃത്തിയില്ലെന്നും, ബാൻഡ്റോൾ ഇല്ലാത്ത തീപ്പെട്ടികൾ കൈവശം വച്ചിരിക്കുന്നവർ അടുത്ത ഒന്നാംതീയതിക്കകം അവരവരുടെ കൈവശം അതെത്രമാത്രമുണ്ടെന്നു പ്രഖ്യാപനം ചെയ്യണമെന്നും, അതേപ്പററി അതതുസ്ഥലത്തുള്ള എക്സൈസിന്റെ ഉത്തരവുകൾ കാത്തിരുന്നുകൊള്ളണമെന്നും പ്രസ്തുത തീപ്പെട്ടി കൈവശം വില്പനയ്ക്കു വച്ചിരിക്കുന്നവർ അതു വെളിപ്പെടുത്തിയില്ലെങ്കിൽ, അവരുടെ തീപ്പെട്ടിസ്റ്റോക്കു കണ്ടുകെട്ടുമെന്നും, ബംഗാളിലെ ബാൻഡ്റോളില്ലാത്ത തീപ്പെട്ടിയുടെ വില്പനയ്ക്കുള്ള കാലാവധി ഡിസംബർ മുപ്പത്തൊന്നാംതീയതിവരെ അനുവദിച്ചിരിക്കുന്നു എന്നും ഒരു കമ്മ്യൂണിക്കിൽ പറയുന്നു.

* * *

"സുശിക്ഷിതമായിരുന്നാൽ എന്തും ചെയ്യാൻ കഴിവുള്ള ഒരു ശക്തിയാണു സിവിലാജ്ഞാലംഘനം" എന്നാണു ഗാന്ധിജിയുടെ സുവിശേഷത്തെ ബ്രിട്ടീഷ്ജനങ്ങൾക്കായി വിശദീകരിച്ചുകൊണ്ടു വിഗാർ എന്ന സ്ഥലത്തുവച്ചു് ഒരു പ്രസംഗത്തിൽ മിസ് സ്ലേഡ് പറഞ്ഞതു്. "അതിനുള്ള ശിക്ഷണം നമുക്കു ഇതുവരെ ലഭിച്ചിട്ടില്ല. അതു ലഭിച്ചുകഴിഞ്ഞാൽ നാം അനിരോധ്യരായിത്തീരും. നൂററിഅൻപതു വർഷമായി അടിമത്തത്തിൽ കഴിയുന്ന ഒരു ജനതയ്ക്കു ശിക്ഷണം അത്ര എളുപ്പം ലഭിക്കയില്ല എങ്കിലും അതുണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നു......................

"സിവിലാജ്ഞാലംഘനം പിൻവലിക്കാൻ ഗാന്ധിജി ഉദ്ദേശിക്കുന്നില്ല. അതുകൂടാതെ കഴിക്കാൻ അദ്ദേഹം കഴിയുന്നത്ര ശ്രമിക്കും. എങ്കിലും ഗത്യന്തരമില്ലെന്നുകണ്ടാൽ ഒരിക്കൽ ലോകത്തെവിടെയും പ്രചുരപ്രചാരമുള്ളതായിത്തീർന്നേക്കാവുന്ന ആ ആയുധത്തെ അദ്ദേഹം വീണ്ടും ധരിക്കതന്നെ ചെയ്യും. ഇംഗ്ലണ്ടിൽ താമസിക്കുന്ന നിങ്ങൾ വിചാരിക്കുന്ന എന്തുംഅതുകൊണ്ടുസാധിക്കാം. പക്ഷെ ദ്വേഷത്തോടുകൂടി അതിനെ ഉപയോഗിക്കരുതു്. അതുകൊണ്ടു ഏതൊരു ഗവമ്മെണ്ടിനേയും ഏതാനും ദിവസത്തിനകം തകർക്കാം. അതൊരത്ഭുതസാധനമാകുന്നു"

* * *

"വിദേശങ്ങളിലെ ഇന്ത്യൻവിദ്യാർത്ഥിസംഘത്തിന്റെ സിക്രട്ടറിയായ മി. പി. ഡി. കാത്യാർ ഇങ്ങനെ ഹിന്തുസ്ഥാൻടൈംസിൽ എഴുതുന്നു — നാസികൾ പ്രാബല്യത്തിൽ വന്നതിനുശേഷം ജർമ്മനിയിലെ ഇന്ത്യാക്കാരുടെ സ്ഥിതിയും, ബഹുമാനവും വളരെ ഇടിഞ്ഞിട്ടുണ്ട്. താഴെപറയുന്നസംഗതികളാണു ശ്രദ്ധേയമായിട്ടുള്ളതു്. ജർമ്മനിയിലെ വർഗ്ഗീയപ്രചരണവേല ജൂതന്മാർക്കെതിരായിട്ടാണു ആരംഭിച്ചതെങ്കിലും, അതിപ്പോൾ നീഗ്രോകൾക്കെന്നല്ല, തൊലികറുത്തവർക്കെല്ലാം എതിരായി തീർന്നിരിക്കയാണ്. ഇന്ത്യാക്കാരെ ആര്യന്മാരായി ഗണിക്കുന്നതിനുപകരം നീഗ്രോകളായി ഗണിക്കയും അങ്ങനെ സംബോധന ചെയ്കയും ചെയ്യുന്നതിനു പല ഉദാഹരണങ്ങളും ഉണ്ട്. ജർമ്മൻകാരും മററുള്ളവരും തമ്മിൽ യാതൊരു ഉററബന്ധവും ഉണ്ടാകരുതെന്നുള്ള ഒരു നിയമം നീതിന്യായമന്ത്രി എഴുതി തയാറാക്കിയിരിക്കുന്നു. ജപ്പാൻഗവമ്മെന്റു ഔദ്യോഗികമായും ഇന്ത്യാക്കാർ അനൗദ്യോഗികമായും ഇതിനെ എതിർത്തിരിക്കുന്നു പക്ഷെ ആ നിയമം ഇപ്പോൾ ആലോചനയിൽതന്നെയാണിരിക്കുന്നതു്. വെള്ളക്കാർ പൊതുവേയും ജർമ്മൻകാരുടെ വർഗ്ഗമായ നാർഡിക് വർഗ്ഗം പ്രത്യേകമായും മറെറല്ലാ മനുഷ്യവർഗ്ഗങ്ങളേയും കാൾ ഉപരിയാണ് എന്നു എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും പഠിപ്പിക്കുന്നുണ്ട്. രാഷ്ട്രീയകാരണങ്ങളാൽബ്രിട്ടീഷുകാർക്കു എതിരായി ജർമ്മൻഅധികാരികൾഒന്നും പറയുകയില്ല. അതിനാൽ ഇന്ത്യക്കു അനുകൂലമായ ലേഖനങ്ങളൊന്നും പഴയപോലെ ജർമ്മൻപത്രങ്ങളിൽപ്രസിദ്ധീകരിക്കാറില്ല. എന്നാൽ ഇന്ത്യയെ പ്രതികൂലിക്കുന്ന ലേഖനങ്ങൾ ചിലപ്പോൾ പ്രസിദ്ധീകരിക്കാറുണ്ടുതാനും കഴിഞ്ഞകൊല്ലം ഇന്ത്യയിൽ വന്നിരുന്ന ഒരു ജർമ്മൻവനിത, ബാംബെയിലെ തെരുവുകളിൽ ശവശരീരങ്ങൾ കിടക്കുന്നതും വിധവകളെ ദഹിപ്പിക്കുന്നതും മററും താൻക

### വാവുബലി പ്രദർശനം, കഴിഞ്ഞു.



വാവുബലി പ്രദർശനം ഉൽഘാടനംചെയ്ത തിരുവനന്തപുരം ലാകാളേജ് പ്രിൻസിപ്പാൾ മി. ഇ. സുബ്രഹ്മണ്യയ്യർ, എം. എ., എം. എൽ.



വാവുബലിപ്രദർശനം സംബന്ധിച്ചു, പൊതുയോഗത്തിൽ സമ്മാനദാനം നിർവഹിച്ച ശ്രീമതി നാരായണി അമ്മ ബി. എ. (തിരുവിതാംകൂർ ശ്രീമൂലം അസംബ്ളിയിലെ ഒരു മെമ്പർ)

ണ്ടു എന്നു ഒരു നാസി പത്രത്തിൽ എഴുതിയിരുന്നു. മിസ് മേയോയുടെ ഭാരതമാതാ എന്ന ഗ്രന്ഥം ഇതുതന്നെ ഘോരമല്ല. ഇന്ത്യൻ വിദ്യാർത്ഥികൾക്കു ജർമ്മൻ വ്യവസായശാലകളിൽ പ്രവേശിച്ചു പ്രായോഗികപരിശീലനം നേടാൻ എളുപ്പമില്ല. നേരെമറിച്ചു ജർമ്മൻവിദ്യാർത്ഥികളെ അവർ ഇതിനു അനുവദിക്കുന്നു. പല ഇന്ത്യൻ വിദ്യാർത്ഥികളും സെക്കോസ്ലാവേകിയ, ആസ്ത്രിയാ മുതലായ രാജ്യങ്ങളിൽ പഠിക്കാൻപോകുന്നു. ജർമ്മനിക്കാരുടെ മനോഭാവം ഇതുവരെ സൗഹൃദപൂർവ്വമായിരുന്നു. പക്ഷെ താമസിയാതെ അതു നേരേമറിച്ചാകുന്നതാണ്.

* * *

## കേരളം

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു ഈ മാസം ഇരുപത്തെട്ടാംതീയതി കൽക്കട്ടായിലേക്കു എഴുന്നള്ളിയിരിക്കുന്നു.

* * *

അടുത്തുവരുന്ന കലോത്സവത്തിനിടയിൽ സുപ്രസിദ്ധനർത്തകനായ ഉദയശങ്കരും സഹോദരനായ രാജേന്ദ്രശങ്കരും മററുചിലരും ഇവിടെയെത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ബാംബെയിലെമേനകയും താമസിയാതെ വരുന്നുണ്ടത്രെ.

* * * *

നല്ലെണ്ണയിൽ കൂട്ടുചേർത്തു വിററതിനു പാലയ്ക്കാട്ടുള്ള ഒരു വ്യാപാരിക്കു അവിടത്തെ ക്രിമിനൽനീതിന്യായാധിപൻ ൨൫ ക പിഴ നൾകിയിരിക്കുന്നു.

* * *

തിരുവിതാംകൂർ രജിസ്ത്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഒരു വനിതയെ സബ് രജിസ്ത്രാരായി നിയമിച്ചിരിക്കുന്നു. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറു ഒഴിച്ചാൽ ഒരു ഡിപ്പാർട്ടുമെൻറു അധ്യക്ഷയായി ഒരു സ്ത്രീ നിയമിക്കപ്പെട്ടതു ഇദംപ്രഥമമായിട്ടാണ്

* * * *

ഏതാനും മാസക്കാലമായി സുഖവാസത്തിനായി വിദൂരസ്ഥലങ്ങളിൽ എഴുന്നള്ളി പാർത്തിരുന്ന തിരുവിതാംകൂർ സീനിയർ മഹാറാണി തിരുമനസ്സുകൊണ്ടു ഈമാസം ൨൭-ാംതീയതി കുററാലത്തുനിന്നും തിരുവനന്തപുരത്തു തിരിച്ചെഴുന്നള്ളിയിരിക്കുന്നു.

* * *

മട്ടാഞ്ചേരി മുൻസിപ്പൽ അതൃത്തിക്കകത്തു മുൻസിപ്പാലിററിയിൽനിന്നും ക്ഷുരകവൃത്തിക്കു ലൈസൻസു ഏർപ്പെടുത്തിയതിനെ പ്രതിഷേധിച്ചുകൊണ്ടു, അവിടത്തെ ക്ഷൗരകന്മാർ; ആ നിശ്ചയം കൗൺസിൽ പിൻവലിക്കുംവരെ, കൗൺസിൽ അംഗങ്ങൾക്കും, അവരുടെ ബന്ധുമിത്രാദികൾക്കും ക്ഷൗരം ചെയ്യുന്നതിനു തലയൊന്നുക്കു രണ്ടുരൂപ്പിക ഈടാക്കണമെന്നു കൊച്ചി ക്ഷുരകസമ്മേളനം നിശ്ചയം പാസാക്കിയിരിക്കുന്നതായി കാണുന്നു.

* * *

വൈക്കം ജിംഖാനാക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ, മുൻനിശ്ചയമനുസരിച്ചു ഈമാസം ൨൭-ാം തീയതി ഏതാനും യുവാക്കന്മാർ വേമ്പനാട്ടുകായൽ നീന്തിക്കടക്കുകയുണ്ടായി. ഇരുപതുപേരാണു നീന്തലിൽ ഏർപ്പെട്ടിരുന്നതു്. ഇവരിൽ പതിനഞ്ചുപേർക്കുമാത്രമേ വിജയപതാക ഉയർത്തുവാൻസാധിച്ചുള്ളു. നീന്തുവാൻ ആരംഭിച്ചതു ൩-൫൦നായിരുന്നു. അവരിൽ മി ഭാസ്ക്കരപ്പണിക്കർ ആദ്യവും ൭-൪൫-നു മററുള്ളവരും മറുകരെഎത്തിച്ചേർന്നു രണ്ടേമുക്കാൽമൈൽ ദൂരമാണു കായലിൻെറ വീതിയെന്നു പറയപ്പെടുന്നു. വിജയത്തിൽ അനുമോദിച്ചുകൊണ്ടു ജിംഖാനായിക്കു വൈക്കം പബ്ളിക്കു ഒരു വെള്ളിക്കപ്പു പാരിതോഷികം നൾകുകയുംചെയ്തു.

* * *




ജനനാൽതന്നെ രണ്ടു കാലും ഒരു കയ്യും ഇല്ലാത്ത കുമാരപിള്ള എന്ന തെക്കൻതിരുവിതാംകൂർകാരനായ ഈ യുവാവിനു 20 വയസ്സുപ്രായമുണ്ടു്. കാലുകളുടെ സ്ഥാനത്തു രണ്ടു മുഴകൾമാത്രമാണുള്ളതു്. ഒരു കൈ ഗദയുടെ ആകൃതിയിലുമാണ്. മണിക്കൂർ ഒന്നിനു 6 മൈൽ നടക്കുന്നതിനും 5 അടി പൊക്കമുള്ള മതിൽചാടി കടക്കുന്നതിനും ഈ യുവാവിനു സാധിക്കും

Courtesy K. M. R. Thampi.

* * *

സർവ്വകലാശാലാവിദ്യാഭ്യാസംകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനങ്ങളിൽ പ്രഥമവും, പ്രധാനവുമായിട്ടുള്ളതു്, സാമൂഹ്യജീവിതസ്വഭാവത്തിനു ഉൽക്കർഷമുണ്ടാക്കുക എന്നുള്ളതാണെന്നും, ഇപ്പോഴത്തെ സർവ്വകലാശാലകൾ ഈ മഹനീയോദ്ദേശത്തെ നിറവേററുന്നില്ലെന്നും, ഇപ്പോൾ കാളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി വെളിയിൽ വരുന്നവർ അതിൽ പ്രവേശിക്കുന്നവരെക്കാൾ ഒട്ടും മെച്ചമല്ലെന്നും തിരുവനന്തപുരം കാളേജിയററ



സർ മുഹമ്മദു ഹബിബുള്ളാ മയ്യനാടു സന്ദർശിച്ചപ്പോൾ എടുത്ത ഫോട്ടോ.

I. Janardanan Mayyanad.

ലിററററി യൂണിയൻെറ ആഭിമുഖ്യത്തിലും ഇളയതമ്പുരാൻ തിരുമനസ്സിലെ ട്യൂട്ടർ എസ്. എൻ. യൂർ എം. എ. യുടെ അധ്യക്ഷതയിലും ഈമാസം ഇരുപത്തിനാലാംതീയതി ഹോസ്ററൽ യൂണിയൻഹാളിൽ കൂടിയ പൊതുയോഗത്തിൽ ലയോളകാളേജ് ഇംഗ്ലീഷ് പ്രൊഫസർ റവറണ്ടു ഫാദർ എൻ. ഡി മർഫി പ്രസംഗമദ്ധ്യെ പ്രസ്താവിക്കയുണ്ടായി.

* * *

# സമ്മാനങ്ങൾ.

## ഗ്രാമഫോൺ, ക്ലോക്ക്, വാച്ചുകൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 ഗ | രു | ഡ | ൻ | ■ | 2 | 3 | 4 | 5 |
| താ | ര | ക | ■ | ■ | ■ | | | |
| 7 ഗ | ദ | ■ | ■ | 8 | ■ | ■ | | |
| തം | ■ | ■ | 9 | 10 | 11 | ■ | ■ | |
| ■ | ■ | 12 | 13 | ■ | | ■ | ■ | ■ |
| 14 | ■ | ■ | | 15 | | ■ | ■ | 16 |
| | 17 | ■ | ■ | | ■ | ■ | 18 | |
| | | 19 | ■ | ■ | ■ | 20 | | |
| 21 | | | | ■ | 22 | | | |

* ചില്ലുകൾ പ്രത്യേകം കള്ളികളിൽ ചേർക്കേണ്ടതാണ്.

വലത്തോട്ട്;—

(1) വിഷ്ണുവിൻെറ വാഹനം. (2) ഒരുതീണ്ടപ്പത്രം. (6) നക്ഷത്രം. (7) ഭീമൻെറ ആയുധം. (9) ഒരു സ്ത്രീനാമം. (10) വലിയ കുന്നു്. (12) ഒരു ദുർഗ്ഗുണം. (18) കൊഴുപ്പ്. (20) നാവ്. (21) മുതൽ. (22) സുബ്രഹ്മണ്യൻ.

കീഴ്പ്പോട്ട്:—

(1) പോക്കുവരവ്. (3) മോര്. (4) കാക്ക. (5) സൂര്യൻ. (8) പാർവ്വതി. (9) വിനാഴിക. (11) ശ്രീരാമൻെറ മകൻ. (13) അടയാളം. (14) പുഴ. (15) വെള്ളം. (16) വായു. (17) ഒരു നാൽക്കാലി. (19) നാണം.

### സമ്മാനവിവരം.

പ്രശ്നകർത്താവിൻെറ ഉത്തരത്തിന്നനുസരിച്ചു പൂരിപ്പിച്ചവരുടെ പേർ നറുക്കിട്ടെടുത്തു ഒന്നാമത്തെ നറുക്കുകാരനു ഒരു ഗ്രാമഫോണും 2-ാമനു ഒരു ക്ലോക്കും ബാക്കിപേർക്കു ഓരോ വാച്ചും സമ്മാനമായി കൊടുക്കുന്നതാണ്.

ആദ്യത്തെ ഒരുത്തരത്തിനു പ്രവേശനഫീസ് 6-ണ.

പിന്നീടുള്ള ഉത്തരങ്ങൾക്കു, 4 എണ്ണത്തിനു 1 രൂപാ വിതം അടച്ചാൽ മതി. ഈ സംഖ്യ മണിയോർഡർ മൂലമോ സ്ററാമ്പായിട്ടോ അയയ്ക്കാവുന്നതാണ്. ഏററവും അധികം ഉത്തരങ്ങൾ അയക്കുന്നവർക്കു വിശേഷാൽ സമ്മാനങ്ങൾ കൊടുക്കും. കഴിഞ്ഞതവണ തിരുവനന്തപുരം ലോകോളേജ് വിദ്യാർത്ഥി മി. കെ. എൻ. ബാലകൃഷ്ണൻ നായർ ബി. ഏ. ക്കും, തലശ്ശേരി ബ്രണ്ണൻ കോളേജ് വിദ്യാർത്ഥി മി. എം. കൃഷ്ണനും ഓരോ ക്ലോക്കു വിശേഷാൽ സമ്മാനം കിട്ടിയിരിക്കുന്നു. ഉത്തരങ്ങളെല്ലാം 1934 സപ്തമ്പർ 21-ാംനു- വരെക്കും സ്വീകരിക്കുന്നതാണ്. ഈ മേൽവിലാസത്തിൽ ഉത്തരമയക്കുക.

Messrs. K. P. Damodaran Bros.,
(X word Dept.)
General Merchants &
Commission Agents,
Court Road, Tellicherry.

ചെറുകഥാപംക്തി

# അന്ധവിശ്വാസിക്കു പററിയ അപകടം.

ആർ. കേശവൻനായർ ബി.എ. ബി. എൽ.

അനന്തൻപിള്ള ആരം വലിയ ശാന്തശീലനായിരുന്നു. ഒരു കുഗ്രാമത്തിൽ ജനിച്ചുവളൎന്ന ആ സാധുകൃഷിക്കാരനു പരിഷ്കാരം എന്താണെന്നുതന്നെ അറിയാൻപാടില്ല. തന്റെ ഗ്രാമംവിട്ടു വെളിയിൽ അയാൾ സഞ്ചരിച്ചിട്ടുമില്ല. പഴയ മട്ടുകളും ആശയങ്ങളും അഭിപ്രായങ്ങളും ധാരാളം ഉണ്ടായിരുന്ന അയാൾ ഒരു അന്ധവിശ്വാസിയുമായിരുന്നു. മന്ത്രവാദികളെ അയാൾക്കു ദൈവത്തിനെക്കാളും ഭയമാണു്. സ്ത്രീകളുടേയും പുരുഷന്മാരുടേയും ഇടയിൽ അത്ഭുതകരമായരീതിയിൽ മന്ത്രവാദം അറിവുള്ള ആളുകൾ ഉണ്ടെന്നാണു് അനന്തൻപിള്ളയുടെ ബോദ്ധ്യം. ഇതുസംബന്ധിച്ചു് അനേകം കഥകളും ഐതിഹ്യങ്ങളും അയാൾക്കു് അറിയാമായിരുന്നു. മന്ത്രവാദവും ക്ഷുദ്രപ്രയോഗങ്ങളുംകൊണ്ടു ശത്രുക്കളെ നശിപ്പിക്കുന്നതിനെപ്പററി അനന്തൻപിള്ള കഥകൾ പറയാൻ തുടങ്ങിയാൽ ആയതിനു ഒരു കയ്യും കണക്കുമില്ല. അയാൾക്കു ഈവകസംഗതിയിൽ വലിയ വിശ്വാസവുമായിരുന്നു.

ഒരുദിവസം അനന്തൻപിള്ളപാടത്തിൽ നില്ക്കുമ്പോൾ ഭാൎയ്യ വീണുകാൽഒടിഞ്ഞുകിടക്കുന്നതായി ആരം വന്നുപറഞ്ഞു. വീട്ടിൽ ചെന്നു അന്വേഷിച്ചതിൽ അവർ അടുത്തുണ്ടായിരുന്ന പുഴവക്കത്തുള്ള കല്ലിൽ കാൽ വഴുതി വീണതാണെന്നു മനസ്സിലാക്കി, അങ്ങോട്ടേക്കുപോയി. സമീപത്തു ഒരുസ്ഥലത്തു കുരുത്തോലകൊണ്ടു മെടഞ്ഞ ഒരുവാടിയ കൂടയും അതിനടുത്തു കുറെ പൂവും മററും കണ്ടപ്പോൾ അയാൾക്കു തന്റെ ശത്രുക്കളുടെകഥ ഓൎമ്മയിൽവന്നു. അവർ ക്ഷുദ്രംചെയ്തതുനിമിത്തമാണു ഭാൎയ്യക്കു ഈ ആപത്തുണ്ടായതു എന്നു അയാൾക്കു സംശയം തോന്നിത്തുടങ്ങി. ഈ സംശയത്തെ പിന്നീടുണ്ടായ ചില സംഭവങ്ങൾ ബലപ്പെടുത്തുകയും ചെയ്തു. ഒരാഴ്ചക്കുള്ളിൽ അയാളുടെ മൂന്നുകുട്ടികൾക്കു് "മണ്ണൻ" (അഞ്ചാംപനി) എന്ന സുഖക്കേടു പിടിപെട്ടു. അവരുടെ തള്ളയും കിടപ്പിലായിരുന്നതുകൊണ്ടു എല്ലാപേരേയും ശുശ്രൂഷിക്കുന്നതിനു ദൂരെ താമസിച്ചിരുന്ന അമ്മായിയെ അയാൾ ആളയച്ചുവരുത്തി. രണ്ടുദിവസത്തിനകം അവൎക്കും മണ്ണൻസുഖക്കേടു പിടിപെട്ടു. ഇതിനിടയിൽ അയാളുടെ കാളകളിൽ ഒന്നു ചാവുകയും ചെയ്തു. ഇനി താമസിക്കുന്നതു ശരിയല്ലെന്നു തീരുമാനപ്പെടുത്തി അടുത്തുണ്ടായിരുന്ന കണിയാന്റെയടുത്തു് അനന്തൻപിള്ള രഹസ്യത്തിൽചെന്നു പ്രശ്നംവയ്പിച്ചതിൽ വിരോധികൾ ചെയ്ത ക്ഷുദ്രംനിമിത്തം ഈ ആപത്തുകൾ നേരിട്ടതാണെന്നു അയാൾ മനസ്സിലാക്കി.

അനന്തൻപിള്ള താമസിച്ചിരുന്ന ഗ്രാമത്തിൽ കുറച്ചുദൂരെ മാറി നങ്ങേലിഅമ്മ എന്നൊരു സ്ത്രീ താമസിച്ചിരുന്നു. അവർ അവിടെവന്നു താമസം ഉറപ്പിച്ചിട്ടു ഒരഞ്ചു കൊല്ലത്തിൽ കൂടുതലായിരുന്നില്ല. അവരെപ്പററിയുള്ള പൂൎണ്ണവിവരങ്ങൾ അവിടെ ആൎക്കുംതന്നെ അറിയാൻ പാടില്ലായിരുന്നു. പട്ടണത്തിൽ സ്വല്പശമ്പളംവാങ്ങിയിരുന്ന ഏതോ ഒരു പെൻഷൻഉദ്യോഗസ്ഥന്റെ ഭാൎയ്യയായിരുന്നുവെന്നും അയാൾ മരിച്ചതിനുശേഷം അവിടെ വന്നു അവർതാമസിക്കയാണെന്നുംമററുമായിരുന്നു ജനസംസാരം. അധികംവെളിയിലിറങ്ങി സഞ്ചരിക്കുകയോ ആളുകളുമായിപെരുമാറുകയോ ചെയ്തിട്ടില്ലാത്ത ഇവരെപ്പററിവേറേയുംപലകേൾവികൾ ഉണ്ടായിരുന്നു. എന്നുമാത്രമല്ലകറുത്തുതടിച്ചു വൈരൂപ്യമേറിയ ഇവരുടെ ശരീരവുംമററും കണ്ടാൽ സാമാന്യക്കാർ ഭയപ്പെട്ടുതന്നെ പോകും. ഇവൎക്കു ചില അത്ഭുതകരമായ മന്ത്രവാദങ്ങളും അപൂൎവ്വമായ ക്ഷുദ്രക്രിയകളും വശമുണ്ടെന്നു പരക്കെ ജനസംസാരമുണ്ടായിരുന്നു. ഒന്നുരണ്ടുകുട്ടികൾ ഇവരെ ഇതു പറഞ്ഞു കളിയാക്കിയപ്പോഴൊക്കെ അവൎക്കു ശരിയായശിക്ഷ വൃദ്ധയിൽനിന്നുംകിട്ടി. തന്നെ അയൽവാസികൾ ഇന്നപ്രകാരം ഗണിച്ചിരിക്കുന്നുവെന്നു നങ്ങേലിയമ്മയും ഈവകസംഗതികൾ നങ്ങേലിയമ്മയോടു പറയുന്നതു അവൎക്കു രസമല്ലെന്നു ഗ്രാമവാസികളും ധരിച്ചിരുന്നു. എന്നിരുന്നാലും അവൎക്കുമന്ത്രവാദം നല്ല ഗ്രാഹ്യമുണ്ടെന്നു ഗ്രാമവാസികൾ എല്ലാപേരും പൂൎണ്ണമായി വിശ്വസിച്ചിരുന്നു

കണിയാൻ കണ്ണുതെളിച്ച അനന്തൻപിള്ളക്കു അന്നുരാത്രി ഉറക്കംവന്നില്ല. പലതും ആലോചിച്ചു അയാൾ നേരംവെളുപ്പിച്ചു. ഒടുവിൽ പ്രതിവിധിനേടുവാൻ നങ്ങേലിയമ്മയുടെ അടുത്തുതന്നെ പോകാമെന്നു അയാൾ തീർച്ചപ്പെടുത്തി. അവരെപ്പററി പലതും അയാൾ കേട്ടിട്ടുണ്ടായിരുന്നു. എന്തുചെയ്യാം. അവർ ദേഷ്യപ്പെട്ടാലും തരക്കേടില്ല. അവരുടെ ഒരുത്തിയിൽ നിന്നു മാത്രമെ രക്ഷാമാർഗ്ഗം നേടുവാൻ നിവൃത്തിയുണ്ടായിരുന്നുള്ളു.

പിറേറന്നുരാവിലെ അയാൾ നങ്ങേലിയമ്മയുടെ വീട്ടിൽചെന്നു. കുശലപ്രശ്നങ്ങൾ കഴിഞ്ഞതിനുശേഷം തനിക്കുനേരിട്ട ആപത്തിനെപ്പററി അയാൾ പറഞ്ഞുതുടങ്ങി.

നങ്ങേലിഅമ്മ — നിങ്ങൾ പറഞ്ഞതൊക്കെ കേട്ടതിൽ കഷ്ടംതോന്നുന്നു. എന്നാലും ഇതിനു ഞാൻ എന്താണു വേണ്ടതു്?

അനന്തൻപിള്ള — നിങ്ങൾ വിചാരിച്ചാലെ എനിക്കു രക്ഷകിട്ടൂ. എന്തെങ്കിലും മന്ത്രംചെയ്തു ഇതിനു് ഒരു നിവൃത്തിയുണ്ടാക്കിത്തരണം.



പാലായിലെ അമലോത്ഭവദേവിയുടെ ദേവാലയം. ഇവിടത്തെ പ്രതിമയാണു് ഈയിടെ ഉടയുന്നതിനിടയായതു്. മുൻപുണ്ടായിരുന്ന പ്രതിമയുടെ സ്ഥാനത്തു് ഒരു മനോഹരമായ പ്രതിമ ഈയിടെ ആഘോഷപൂർവ്വം സ്ഥാപിക്കപ്പെട്ടു.

Photo, Thomas Bros., Palai.
Courtesy, Mathew M. Kuzhiveli.

നങ്ങേലിഅമ്മ വീട്ടിനകത്തുചെന്നു തന്റെ ചൂൽ എവിടെ ഇട്ടു എന്നു ചുററും നോക്കി. അതു കാണാത്തതുകൊണ്ടു മടങ്ങിവന്നു സംഭാഷണം അവർ വീണ്ടും തുടൎന്നു.

നങ്ങേലിയമ്മ — അപ്പോഠം ഞാൻ ഒരു മന്ത്രവാദിയാണെന്നാണോ നിങ്ങഠം വിചാരിച്ചതു്?

അ: പി — എന്നെ നിങ്ങഠംക്കു തെററിക്കാൻ സാധിക്കയില്ല. നിങ്ങളെ കണ്ടയന്നുതന്നെ നിങ്ങളുടെ തൊഴിൽ മന്ത്രവാദമാണെന്നു ഞാൻ തീൎച്ചപ്പെടുത്തി. എന്നു മാത്രമല്ല ആളുകഠം പല കഥകളും പറഞ്ഞിട്ടുമുണ്ടു്.


നങ്ങേലിയമ്മ അവരുടെ ചൂൽ എവിടെയാണു് ഇട്ടതെന്നു വീണ്ടും വീണ്ടും ഓൎമ്മിക്കാൻ ശ്രമിച്ചു. എത്രതന്നെ ആലോചിച്ചിട്ടും അതു അവരുടെ ഓൎമ്മയിൽ വരാത്തതുകൊണ്ടു് അവർ വൎത്തമാനം തുടൎന്നു. ഏതായാലും ഈ പ്രാവശ്യം അവർ ഒന്നു ചിരിച്ചുംകൊണ്ടു നെററിയിൽ കൈവച്ചു് ആലോചിച്ചുതുടങ്ങി.

നങ്ങേലിയമ്മ ഞാൻ നിങ്ങളെ സഹായിക്കാം. പക്ഷേ അക്കാൎയ്യം രഹസ്യമായി വയ്ക്കേണ്ടതാണു്. അല്ലാത്തപക്ഷം നിങ്ങഠംക്കു ഇതുവരെ ഉണ്ടായ ആപത്തുകളെക്കാളും വലുതായ ആപത്തു സംഭവിച്ചേക്കും. നിങ്ങളുടെ ഒരു പരമശത്രു ക്ഷുദ്രം ചെയ്യുന്നുനിമിത്തം നിങ്ങഠംക്കു് ഈ വലുതായ ഗ്രഹപ്പിഴകഠം ഉണ്ടായതാണു. ആകട്ടെ, നിങ്ങളുടെ കൈവശം പണമുണ്ടോ?

അ: പി — സ്വല്പം ഉണ്ടു്.

ന: അ — (കണ്ണടച്ചുകൊണ്ടു്) നിങ്ങഠംക്കു് ആറു വലിയ വിരോധികഠം ഉള്ളതായി ഞാൻ കാണുന്നു. ഇതിൽ ആരാണു് ഇതു ചെയ്യുന്നതു് എന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ആകട്ടെ വഴിനോക്കാം. നിങ്ങഠം ആ ആലിന്റെ അടുത്തുള്ള ചായക്കടയിൽ ഇന്നുവയ്യിട്ടു് ആറു രൂപയുമായിട്ടു പോകണം. എന്നിട്ടു് ഓരോ രൂപാവീതം ആറു പേൎക്കു കൊടുത്തു അവരോടു് ഓരോ ചക്രം വീതം പകരം വാങ്ങണം നാളെ വൈകിട്ടു അങ്ങിനെ രൂപാ കൊടുത്തവരുടെ പേരുവിവരം എന്നോടുവന്നു പറയണം. മേൽ വേണ്ടിയ കാൎയ്യങ്ങഠം ഞാൻ പിന്നീടു പറഞ്ഞുതരാം.

അന്നു വൈകുന്നേരംതന്നെ അനന്തൻപിള്ള ആറു രൂപായുമായി ചായക്കടയിൽ എത്തി. കടയുടമസ്ഥൻ അകത്തു എന്തോ വായിച്ചുകൊണ്ടിരിക്കയായിരുന്നു. അയാളുടെ ശമ്പളക്കാരൻ പുറത്തുണ്ടായിരുന്നു. അയാളുടെ പല പരിചയക്കാരും അവിടെ ഇരുന്നു ചായകുടിക്കുന്നുണ്ടായിരുന്നു. അയാഠം നടുക്കുണ്ടായിരുന്ന മേശമേൽ ഒരു രൂപാ ഉച്ചത്തിൽ ഇട്ടിട്ടു് അതിനു പകരം ഒരു ചക്രം കൊടുക്കുന്നതിനു് ആരെങ്കിലും തയ്യാറുണ്ടോ എന്നു ചോദിച്ചു. ആദ്യം ഇതു കേട്ടു് അവിടെ കൂടിയിരുന്നവർ ചിരിച്ചു. ആധാരം എഴുത്തുകാരൻ ബാലൻപിള്ള ആ രൂപായെടുത്തു പരിശോധിച്ചു തറയിലിട്ടു ശബ്ദം നോക്കി. ശരിയായ ശബ്ദമായിരുന്നു. അനന്തൻപിള്ളയ്ക്കു എന്തെങ്കിലും സുഖക്കേടുണ്ടോ എന്നു് അയാഠം ചോദിച്ചു. ഇതിനു അനന്തൻപിള്ള യാതൊരു മറുപടിയും പറഞ്ഞില്ല.



'ഫാൻസിഫേസൽ' കാണുന്നതിനായി രാജകുടുംബാംഗങ്ങഠം ബാലികാപാഠശാലയിൽ എഴുന്നള്ളുന്നതു്.



മഹാരാജാവു തിരുമനസ്സുംകൊണ്ടു് അമ്മമഹാറാണി സഹോദരീസഹോദരന്മാർ എന്നീ തിരുമേനിമാരോടുകൂടി തിരുവനന്തപുരം ബാലികാപാഠശാലയിലെ കൗതുകവില്പനശാല സന്ദർശിക്കുന്നതു്.

Photo, R. Madhavan Nair.

അനന്തൻപിള്ള — (ഉറക്കെ) ആരും ഈ രൂപാ എടുത്തിട്ടു പകരം എനിക്കു് ഒരു ചക്രം തരികയില്ലെന്നാണോ.

ഇതുകേട്ടു അടുത്തിരുന്ന വക്കീൽ ഗുമസ്തൻ ഗോപാലപിള്ള രൂപാ എടുത്തു വെളിച്ചത്തുകൊണ്ടുപോയി പരിശോധിച്ചിട്ടു് "കള്ളരൂപയായിരിക്കും. എന്നാലും ശബ്ദവും നിറവും തരക്കേടില്ല. ഏതായാലും ഞാൻ ഒരു ചക്രം തരാം" എന്നു പറഞ്ഞു ഒരു ചക്രം കൊടുത്തു. ആ രൂപാ ഇതിനിടയിൽ പലരും മേടിച്ചു പരിശോധിച്ചു. അകത്തിരുന്ന കടഉടമസ്ഥന്റെയടുത്തുചെന്നു ഗോപാലപിള്ള നാലുകാശു കുറച്ചു രൂപായ്ക്കു ചില്ലറയും മേടിച്ചു ധൈൎയ്യസമേതം പുറത്തിറങ്ങിപ്പോയി. അരമിനിട്ടിനകം ബാക്കിയുണ്ടായിരുന്ന അഞ്ചുരൂപായും കൊടുത്തു് അഞ്ചു ചക്രം മേടിക്കുന്നതിനു അനന്തൻപിള്ളയ്ക്കു സാധിച്ചു. എല്ലാപേരും കടക്കാരനോടു് നാലുകാശു കുറച്ചു് ചില്ലറയും മേടിച്ചുകൊണ്ടുപോയി. ആറാമത്തെ ആളായ ഡ്രൈവർ കൊച്ചുനാണു ചില്ലറ മേടിക്കാൻ പോയപ്പോളാണു് കടഉടമസ്ഥന കാൎയ്യമെല്ലാം മനസ്സിലായതു്. ആദ്യം അയാഠം ലഹളയുണ്ടാക്കിയെങ്കിലും രൂപാകഠം വീണ്ടും പരിശോധിച്ചു് അവയെല്ലാം നല്ലതാണെന്നു ബോദ്ധ്യപ്പെട്ടതിന്റെ ശേഷം ശാന്തനായി

പിറേറദിവസം വൈകിട്ടു നങ്ങേലി അമ്മയുടെ അടുത്തേക്കു അനന്തൻപിള്ള പോയി. രൂപാ വാങ്ങിയവരെപ്പററി പല ചോദ്യങ്ങളും ചോദിച്ചു അവർ മനസ്സിലാക്കി

നങ്ങേലിയമ്മ — ഏതായാലും ആദ്യത്തെ ഭാഗം ഭംഗിയായി. ഇനിയുള്ള കാൎയ്യങ്ങഠം കൂടി വഴിയെ ചെയ്താൽ കാൎയ്യമെല്ലാം ശുഭമാകും.

അന — എന്തായാലും എന്റെ കാളയെ കിട്ടുകയില്ലല്ലോ.

ന: അ - (ഗൌരവത്തിൽ) പക്ഷെ അതിൽ കൂടുതൽ ആപത്തുകഠം നിങ്ങഠംക്കുണ്ടാകും. ഞാൻ പറയുന്നതു കേഠംക്കുക. ഇന്നു രാത്രി നിലാവുദിക്കുമ്പോഠം —

അന: — ഇന്നു രാത്രി 12 നാഴിക ഇരുട്ടാണു്.

ന-അമ്മ:—(നീരസത്തോടെ) ഞാൻ പറഞ്ഞതു നിലാവുദിക്കുമ്പോഴ് എന്നാണു്. പ്രതികടം പറയുക, ഇടയ്ക്കുകേറി പറയുക ഇതെല്ലാം നല്ല ലക്ഷണങ്ങളല്ല. ഇരുട്ടു കഴിഞ്ഞു നിലാവുദിക്കുമ്പോഴ് നിങ്ങൾ ഇന്നലെ രൂപാ കൊടുത്ത ആറു പേരുടേയും വീട്ടിൽ പോയി ആ രൂപാ ഓരോന്നും ഓരോ ചക്രത്തിനു തിരിയെ വേണമെന്നു ആവശ്യപ്പെടണം.

അ-പി:—ഹോ! കൊള്ളാം. അതു സാധിക്കുമോ?

ന-അ:—ഞാൻ പറഞ്ഞില്ലെ തടസ്സം പറയരുതെന്നു് അതുതന്നെ ലക്ഷണക്കേടാണു്. ഓരോരുത്തരോടും ഇന്നലെ കൊടുത്ത രൂപാ ചക്രത്തിനു തിരികെ തരാൻ പറഞ്ഞാൽ മതി. അവർ എന്തെങ്കിലും പറയട്ടെ. സമ്മതിക്കുകയില്ലായിരിക്കാം എല്ലാപേരും തർക്കവും ബഹളവും ഉണ്ടാക്കുമായിരിക്കാം. അതാണു നമുക്കു വേണ്ടതു്. കൂടുതൽ ബഹളമുണ്ടാക്കുന്നവനാണു് നിങ്ങളുടെ ശത്രു. അവനാണു നിങ്ങൾക്കു ക്ഷുദ്രം ചെയ്തതു്.

അ: പി—ഇതൊരു ചുററിക്കുന്ന ഏർപ്പാടുതന്നെ.

ന: അ—തടിയാ! ഞാൻ പറഞ്ഞില്ലേ മുടക്കംപറയരുതെന്നു. തൻെറ പാട്ടിനു വന്നവഴിയേ പൊയ്ക്കൊള്ളൂ. എന്നോടു ഉപദേശം വാങ്ങിയിട്ടുള്ള ആരും ഇങ്ങനെ തടസ്സം പറഞ്ഞിട്ടില്ല. "നിന്താത്ത മാട്ടിനെ വെള്ളംകൊണ്ടുപോകും." തൻെറ ഇഷ്ടംപോലെ ചെയ്തോളൂ. തുലയുന്നതു താൻതന്നെയാണല്ലൊ. ഓരോന്നു വരുന്നതു കണ്ടു അനുഭവിച്ചുകൊള്ളൂ. കാളചത്തതും ഭാര്യവീണതും ഒന്നും സാരമില്ല. ഓരോന്നു ഇനി വരാൻകിടക്കുന്നതേയുള്ളു.

അ: പി—(വിറച്ചുകൊണ്ടു) നിങ്ങൾ പറയുന്നതുപോലെ ചെയ്യാം.

ന: അമ്മ—അതാണു തനിക്കു നല്ലതു്. ആരോടും ഇതൊന്നും പറഞ്ഞിട്ടാവശ്യമില്ല.

അന്നു രാത്രി നിലാവുദിക്കുന്നതുവരെ അനന്തൻപിള്ള ഉറങ്ങിയില്ല. നിലാവുദിച്ചപ്പോൾ അയാൾ പുറത്തേക്കിറങ്ങി. സുഖക്കേടുനിമിത്തം ഉറങ്ങാതിരുന്ന ഭാര്യ അയാൾ എവിടെ പോകുന്നുവെന്നു ചോദിച്ചതുതന്നെ അയാൾ ഒരു ദുശ്ശകുനമായി കരുതി. അന്നു അരണ്ട നിലാവും ചില്ലറ മഴച്ചാററലുമുണ്ടായിരുന്നു. ഡ്രൈവർ കൊച്ചുനാണുവിൻെറ വീട്ടിലേക്കാണു അയാൾ ആദ്യമായിട്ടു പോയതു്. കൊച്ചുനാണു ഒരു ബലിഷ്ഠനും മുൻകോപിയുമാണെന്നു അനന്തൻപിള്ളയ്ക്കു നല്ലപോലെ അറിയാമായിരുന്നു. എന്തുചെയ്യാം! ആപത്തു നീങ്ങണ്ടെ. അയാൾ ധൈര്യം അവലംബിച്ചു വാതലിനു ഉച്ചത്തിൽ മുട്ടിത്തുടങ്ങി. എട്ടുപത്തു മുട്ടുകഴിഞ്ഞപ്പോൾ കൊച്ചുനാണു ഉണർന്നിട്ടു ആരാണെന്നു ചോദിച്ചു.

അ: പി—ഞാൻതന്നെ, അനന്തൻപിള്ള. എനിക്കു തന്നോടു കുറച്ചു കാര്യമായി സംസാരിക്കാനുണ്ടു്

കൊ: നാണു—(മയക്കത്തിൽ) എന്താണു? പറഞ്ഞോളൂ.

അ: പി—ഇന്നലെ തനിക്കു ഞാൻ ഒരു രൂപാ ഒരുചക്രത്തിനു തന്നില്ലേ?



പരിശുദ്ധമായ ഇൻഡ്യൻസാധനങ്ങൾ — തുണിത്തരങ്ങൾതുടങ്ങി എല്ലാത്തരം സ്വദേശിസാധനങ്ങളും – വിൽക്കപ്പെടുന്ന ഇൻഡ്യൻഎംപോറിയം (തിരുവനന്തപുരം.)

ശ്രീകാർത്തിക തീയറററർഫണ്ടിനായി തിരുവനന്തപുരം ബാലികാപാഠശാലയിൽനടത്തിയ "ഫാൻസിസേയിൽ" സംബന്ധിച്ചു എംപോറിയംവകയായി തുറന്നിരുന്ന ശാഖ.

കൊ: നാണു—(എണീററിട്ടു) അതേ- ഇനിയും രൂപാതന്നു ചക്രം മേടിക്കുന്നതിനു താൻ വന്നിരിക്കയാണോ?

അ: പി—അല്ല. ഇന്നു ആ രൂപാ എനിക്കു ഒരു ചക്രത്തിനു മടങ്ങി തരണം.

കൊ: നാണു—ഫൂ, തെമ്മാടി, കടക്കുപുറത്തു്.

അ: പി—ആ രൂപാമേടിച്ചല്ലാതെ ഞാൻ പോകയില്ല

കൊ: നാണു—നില്ല്, ഞാൻ നിൻെറ രൂപാതരാം.

ഇത്രയുംപറഞ്ഞിട്ടു കൊച്ചുനാണു ശരം ചാടുന്ന വേഗത്തിൽ വാതിലിനു പുറത്തുവന്നു അനന്തൻപിള്ളയുമായി ഒരു മുഷ്ടിയുദ്ധം തുടങ്ങി. ഇരുകൂട്ടരും സാമാന്യം ദേഹബലമുള്ളവരായതുകൊണ്ടു ആബഹളംകുറച്ചുനീണ്ടുനിന്നു. സമീപസ്ഥന്മാരുടെ മദ്ധ്യസ്ഥതയിൽ ഇരുകൂട്ടരും പിരിഞ്ഞു. അനന്തൻപിള്ള നിരാശയോടെ സഞ്ചാരംതുടർന്നു. അടുത്തതായി വക്കീൽഗുമസ്ഥൻ ഗോപാലപിള്ളയുടെ വീട്ടിലേക്കാണു് അയാൾ പോയതു്. അനന്തൻപിള്ള അയാളെവിളിച്ചു കാര്യം പറഞ്ഞു. ഗോപാലപിള്ള ചെറിയ ആളാണെങ്കിലും വീട്ടിലെ ജന്നലിൽകൂടി അയാളുടെ തല പുറത്തിട്ടുകൊണ്ടു് അനന്തൻപിള്ളയെ പറഞ്ഞ ആഭാസവാക്കുകൾ അടികളെക്കാളും വേദനയുണ്ടാക്കി. പിന്നേയും അയാൾ മററുള്ളവരുടെഗൃഹങ്ങൾനോക്കി യാത്രതുടർന്നു. അവസാനത്തിൽ അയാൾപോയതു ആധാരം എഴുത്തുകാരൻ ബാലൻപിള്ളയുടെ വീട്ടിലായിരുന്നു. അവിടെയുണ്ടായ ബഹളത്തെപ്പററി പറവാനില്ല ബാലൻപിള്ള പിച്ചാത്തി തപ്പുന്നതക്കംനോക്കിയാണു അനന്തൻപിള്ള അവിടെനിന്നും കടന്നതു്. അയാളുടെകാര്യം ആകപ്പാടെ വിഷമത്തിലായി. ബഹളം ഉണ്ടാക്കിയതു് ആറുപേരും ഏതാണ്ടു ഒന്നുപോലെയായിരുന്നു. ആരാണു കൂടുതലുണ്ടാക്കിയതെന്നു് പറയുന്നതിനു അയാൾക്കു വിഷമമായിരുന്നു. അപ്പോഴത്തേക്കും കോഴി കൂകിത്തുടങ്ങി അയാൾ നേരെ നങ്ങേലിയമ്മയുടെ വീട്ടിലേക്കു പോയി, അവരെ വിളിച്ചുണർത്തി. ആദ്യം അവർ പുരുഷന്മാരെക്കാളും ശല്യമുണ്ടാക്കിയെങ്കിലും അനന്തൻപിള്ളയുടെ പല ക്ഷമായാചനങ്ങളുംകേട്ടു ഒടുവിൽ അവർ ശാന്തയായി.

നേരം വെളുക്കുന്നതുവരെ നങ്ങേലിയമ്മ അനന്തൻപിള്ളയോടു പല ചോദ്യങ്ങളും ചോദിച്ചു. അവർകൂടക്കൂടെ വളരെ ആലോചിക്കുന്നതുപോലെ. അയാൾക്കുതോന്നി. ഒടുവിൽ ദീർഘമായ ഒരാലോചനയ്ക്കുശേഷം അവർ ഇങ്ങിനെ ചോദിച്ചു.

ന: അമ്മ—നിങ്ങൾക്ക എഴുതാനും വായിക്കാനും അറിയാമോ?

അ: പിള്ള (ആശ്ചര്യത്തോടെ) ഇല്ല.

ന: അമ്മ—അതാണുവേണ്ടതു്. നിങ്ങൾക്ക അറിയാമെങ്കിൽ ഞാൻ ഉദ്ദേശിച്ചപ്രകാരം പ്രവൎത്തിക്കുന്നതിനു് നിവൃത്തിയില്ലാതെ പോയേനെ?

അ: പിള്ള—എഴുത്തുപഠിക്കുന്നതിന്റെ ദൂഷ്യം ഇനിയെങ്കിലും ആളുകൾ അറിയുന്നില്ലല്ലോ.

ന: അമ്മ - നിങ്ങൾക്ക ഉപദ്രവംചെയ്തതു കൊച്ചുനാണുവല്ലാതെ വേറെആരുമല്ല.

ഇത്രയുംപറഞ്ഞിട്ടു നങ്ങേലിയമ്മ അകത്തുപോയി ഒരുകുപ്പിനിറയെ പാലുപോലെ എന്തോ വെളുത്തസാധനവുമായി മടങ്ങിവന്നു. ഒരു കടലാസിൽ എന്തോ എഴുതി അതിനെ കുപ്പിയിൽ ഒട്ടിച്ചിട്ടു ഇങ്ങിനെ പറഞ്ഞു.

"ഇതിനെ ചായക്കടയിൽ കൊണ്ടുപോകണം. കൊച്ചുനാണുവുമായി എങ്ങിനെയെങ്കിലും സ്നേഹമായിട്ടു അയാളുടെ ചായയിൽ ഇതിനെ പാൽ എന്നുംപറഞ്ഞു ഒഴിച്ചുകൊടുക്കണം. ഇതു് ഒഴിച്ചചായ അയാൾ കുടിച്ചാൽ നിങ്ങളുടെമേലുള്ള മന്ത്രശക്തി ഉടനെ നീങ്ങുന്നതാണു്. പക്ഷേഈ കുപ്പിയിൽ ഒട്ടിച്ചിരിക്കുന്നതു അയാൾ ചായകഴിച്ചതിനുശേഷമേ കാണ്മാൻ പാടുള്ളു. അതുകഴിഞ്ഞിട്ടു ഈ കുപ്പിയെ മേശപ്പുറത്തു എല്ലാപേരും കാണത്തക്കരീതിയിൽവയ്ക്കണം. എന്നുമാത്രമല്ല, ഇതു വേറെ ആൎക്കും കൊടുക്കാനും പാടില്ല. എന്താ – മനസ്സിലായോ?

അ പി:—ഓഹോ വലിയ ഉപകാരം.

അനന്തൻപിള്ള നേരേ ചായക്കടയിലേക്കു പോയി അവിടെ കൂട്ടുകാരെല്ലാം ഉണ്ടായിരുന്നു. ഡ്രൈവർ കൊച്ചുനാണുവും ആധാരം എഴുത്തുകാരൻ ബാലൻപിള്ളയും വക്കീൽഗുമസ്ഥൻ ഗോപാലപിള്ളയും എല്ലാപേരും ഉണ്ടായിരുന്നു. തലേദിവസം രാത്രി തന്നെ വിളിച്ചുണൎത്തിയതിനെപ്പററി അവർ അനന്തൻപിള്ളയോടു വഴക്കിനു ആരംഭിച്ചു. അയാൾ കൊച്ചുനാണുവിനോടു മാപ്പു ചോദിച്ചു കഴിഞ്ഞ കാൎയ്യങ്ങൾ ക്ഷമിക്കണമെന്നപേക്ഷിച്ചു.

അ–പി: –പോയതെല്ലാം പോകട്ടെ. കൊച്ചുനാണു, വീട്ടിലെപശുവിന്റെ ഇന്നത്തെ പാലിനു പലവില്ല നമുക്കു കുറേ ചായ കുടിക്കാം എന്നു പറഞ്ഞു രണ്ടു ഗ്ലാസ്സു് വെറുംചായ കൊണ്ടുവരുന്നതിനു അയാൾ പറഞ്ഞു. വെറുംചായയിൽ കുപ്പിയിലുണ്ടായിരുന്നതു ഒഴിച്ചു കൊച്ചുനാണുവിനു കൊടുത്തു കുറച്ചു ആലോചിച്ചിട്ടു കൊച്ചുനാണു അനന്തൻപിള്ള എന്താണു പാൽ ഉപയോഗിക്കാത്തതു് എന്നു ചോദിച്ചു

അ-പി:—എനിക്കു ഇന്നു രാവിലെ വയറുവേദനയാണു്. പാൽ കുടിച്ചാൽ ദഹനക്കേടുണ്ടാകും.

ഈ സമാധാനം കേട്ടു കൊച്ചുനാണു ചായ കുടിച്ചു. ഗോപാലപിള്ളയും ബാലൻപിള്ളയും മററുള്ളവരും പാൽ തങ്ങൾക്കും വേണമെന്നു ആവശ്യപ്പെട്ടു.

അ-പി:—അതിനുമാത്രം ഇല്ല. ഞാൻ ഇതുമുഴുവൻ കൊച്ചുനാണുവിനു കൊടുക്കുന്നതിനു പ്രത്യേക ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നതാണു്.

അനന്തൻപിള്ള ആ കുപ്പി കൊച്ചുനാണുവിന്റെ കൈവശം കൊടുത്തു. അനന്തൻപിള്ളയുടെയത്ര നല്ല മനുഷ്യർ ലോകത്തില്ലയെന്നും അയാളെ വെറുതെ തെററിധരിച്ചല്ലോ എന്നുംമററും പറഞ്ഞു കൊച്ചുനാണു കുപ്പി സന്തോഷത്തോടെ മേടിച്ചു. മേശപ്പുറത്തു വച്ചിട്ടു അതിനെ നോക്കി. ആ നോട്ടം കുറച്ചുനേരം നീണ്ടുനിന്നു. കൊച്ചുനാണു കുപ്പിയിൽനിന്നും കണ്ണുകൾ മാററിയില്ല അയാളുടെ മുഖം വിളറി. ചുണ്ടുകൾ വരണ്ടു. ശ്വാസോച്ഛ്വാസം വേഗത്തിലായിത്തുടങ്ങി. അയാൾ കണ്ണടയ്ക്കാതെ മിഴിച്ചു കുപ്പിയിൽതന്നെ നോക്കിക്കൊണ്ടിരുന്നതുകണ്ടു അത്ഭുതപ്പെട്ടു കൂട്ടുകാർ ഓരോരുത്തരും കുപ്പിയിൽ എഴുതിയിരുന്നതിനെ നോക്കി. ഒടുവിൽ ബാലൻപിള്ള കുപ്പിയിൽ എഴുതിയിരുന്നതിനെ നോക്കി ഉറക്കെ ഇങ്ങിനെ വായിച്ചു.

"<u>കൊച്ചുനാണുവിനു കൊടുക്കാനുള്ള വിഷം</u>"

ചായക്കടയിൽ വലിയ ബഹളമായി ചിലർ സ്തബ്ധരായി നിന്നു. ചിലർ കൊച്ചുനാണുവിനെ വീശിത്തുടങ്ങി. ഒടുവിലൊരാൾ കുപ്പി കയ്യിലെടുത്തിട്ടു എഴുതിയിരുന്നതിനെ വീണ്ടും വീണ്ടും വായിച്ചു.

ബാലൻപിള്ള:—സാധു കൊച്ചുനാണു. അവനു എന്തെങ്കിലും ആപത്തു ഈയിടെ സംഭവിക്കുമെന്നു എനിക്കു എന്തോ ഒരു സംശയം ഉണ്ടായിരുന്നു.

ഗോപാല: – (അനന്തൻപിള്ളയോടു) ദുഷ്ടാ! താൻ ഒരു കൊലപാതകിയാണു്. തന്നെ പോലീസിൽ ഏല്പിക്കാതെവിടില്ല.

ഇത്രയുമായപ്പോൾ ചായക്കട ഉടമസ്ഥൻ കൊച്ചുനാണുവിനോടു പുറത്തുപോയി മരിക്കുന്നതിനു പറഞ്ഞു. എല്ലാപേരുംകൂടി അയാളെ എടുത്തു നേരെ അടുത്തുണ്ടായിരുന്ന ഡാക്ടരുടെ വീട്ടിലേക്കു പോയി. അനന്തൻപിള്ളയുടെ രണ്ടു കൈകളും ബന്ധിച്ചു അയാളേയും അവർ കൂട്ടിക്കൊണ്ടുപോയി. വഴിനീളെ പലവിധമായ സംഭാഷണങ്ങളുമുണ്ടായി. കൊച്ചുനാണുവിനെ എടുത്തിരുന്നവർ കൂടക്കൂടെ അയാൾക്കു വേദന എവിടെയാണു കൂടുതൽ എന്നു ചോദിക്കാതിരുന്നില്ല കൂട്ടുകാർ അയാളെ മന്ദം മന്ദമാണു കൊണ്ടുപോയതു്. എല്ലു മരിയാമെന്നു നടിച്ചിരുന്ന ബാലൻപിള്ള:—"അധികം വേദന അനുഭവിക്കേണ്ടിവരികയില്ല. കൊച്ചുനാണുവിന്റെ കാൎയ്യം പെട്ടെന്നു കഴിയും"

ഗോപാലപിള്ള:—നാമെല്ലാം ഒരുകാലത്തു മരിക്കേണ്ടവർ തന്നെയാണല്ലോ"

വേറൊരാൾ:—"ഒരുപാടു ദുരിതം അനുഭവിക്കുന്നതിനേക്കാൾ ഇങ്ങിനെ ചെറുപ്പത്തിൽ മരിക്കുന്നതാണു ഒരു കണക്കിനു നല്ലതു്."

കൊച്ചുനാണുവിനുണ്ടായ ഈ ആപത്തു അയാൾ ഒഴികെ ബാക്കി എല്ലാപേരും ഒരു ഭാഗ്യമായിട്ടു കരുതുന്നതായിട്ടാണു അവരുടെ വൎത്തമാനരീതി

കൊച്ചുനാണു: – ഞാൻ ചെയ്തിട്ടുള്ള പാപങ്ങൾ ഓൎത്താൽ ഞാൻ എങ്ങിനെ മരിക്കും.

ബാലൻപിള്ള—ശേഷമുള്ള സ്വല്പസമയം കളയാതെ കൊച്ചുനാണു രാമനാമം ജപിക്കുന്നതാണു നല്ലതു. നമുക്കു ഒന്നും അയാളോടു സംസാരിക്കേണ്ട.

ഇതനുസരിച്ചു കൊച്ചുനാണു രാമനാമം ഉച്ചത്തിൽ ജപിച്ചുതുടങ്ങി ഈ ഘോഷയാത്രയിൽ ആൾ വൎദ്ധിച്ചുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞു ഈ സംഘം ഡാക്ടരുടെ വീട്ടിൽ എത്തി. കണ്ണടച്ചു ഉച്ചത്തിൽ രാമനാമം ജപിച്ചുകൊണ്ടിരുന്ന കൊച്ചുനാണുവിനെ അയാളുടെ വാഹകന്മാർ താഴെ ഇരുത്തി. ഡാക്ടർ ആദ്യം പരിഭ്രമിച്ചു എങ്കിലും കഥയെല്ലാം മനസ്സിലാക്കി ആ കുപ്പിമേടിച്ചു അകത്തുകൊണ്ടുപോയി ചില പരിശോധനകൾ കഴിച്ചശേഷം തിരിച്ചുവന്നു.

ഡാക്ടർ—(ചിരിച്ചുകൊണ്ടു്) ഹേ കൂട്ടരെ, നിങ്ങൾക്കു ശരിയായ വിഡ്ഢിത്തംപററി. നിങ്ങളെ എല്ലാപേരേയും ആരോ ഒന്നു കുറക്കു പററിച്ചു. ഈ കുപ്പിയിലിരിക്കുന്നതു പരിശുദ്ധമായ പാൽതന്നെ. ഈ തടിയനു ഒരാപത്തും ഉണ്ടാകയില്ല.

* * * * *

അനന്തൻപിള്ളയെ വളഞ്ഞുകൂടിയ ആ സംഘത്തിനോടു നടന്ന സകല കഥകളും അയാൾ വിശദമായി പറഞ്ഞു. എല്ലാപേരും ചിരിച്ചുകൊണ്ടു നങ്ങേലിയമ്മയുടെ ബുദ്ധിസാമൎത്ഥ്യത്തെ വാഴ്ത്തി.


## ☞ 25-രൂപാ സമ്മാനം.

സംസാരിക്കാൻ വയ്യാത്തവനും, ചെവികേൾക്കാൻ പാടില്ലാത്തവനും, മെലിഞ്ഞു പൊക്കംകൂടിയവനും, കെട്ടാൻ നീളമില്ലാത്ത പുറകിൽ തലമുടിയുള്ളവനും ഒരുവിധം ഇംഗ്ലീഷും മലയാളവും എഴുതാൻ അറിയാവുന്നവനും 31 വയസ്സു് പ്രായമുള്ളവനും ആയ ഒരു തമിഴ്ബ്രാഹ്മണൻ സ്വന്തഗ്രഹമായ ആറുങ്ങൽ ഗ്രാമത്തിൽനിന്നും രക്ഷകൎത്താവിന്റെ അറിവുകൂടാതെ വെളിയിൽ സഞ്ചരിക്കുന്നു. മേല്പടി ആളിനെ കണ്ടു കമ്പിയോ എഴുത്തോമുഖേന അറിവുതന്നു് ആളിനെ കാണിച്ചുകൊടുക്കുന്നവൎക്കു് 25-രൂപാ സമ്മാനം തരുന്നതിനു ഞാൻ തയാറുണ്ടു്


സി. രാമലിംഗയ്യർ,

ആറുങ്ങൽഗ്രാമം, ആറുങ്ങൽ.

# ക്രൂടാതെ കഴികയില്ല!

## —അഴകേറിയ,
## മസൃണ ശരീരം.

അതിനെ, പ്രകൃതിയിൽനിന്നു കിട്ടുന്ന പരിശുദ്ധതൈലങ്ങൾ കൊണ്ടുണ്ടാക്കിയിട്ടുള്ളതും അതിസന്തോഷമുളവാക്കുന്നതും ആയ ഈ സോപ്പുപയോഗിച്ചു പുലർത്തിക്കൊള്ളുവിൻ.




സുന്ദരമായ ശരീരശോഭയെ കവിഞ്ഞു ഒരു ആകർഷകത്വമില്ല. മനോഹരമായ മെയ്‌വിലാസത്തിനു, അത്യന്താപേക്ഷിതമായ ഒന്നാമത്തെ കാര്യം പരിപൂർണ്ണമായ ശുചിത്വമാകുന്നുഎന്നു ഏതു വിദഗ്ദ്ധനും അറിവുള്ളതാണല്ലൊ. ആ ശുചിത്വം ഉപരിഭാഗത്തുമാത്രം പോരാത്തതും രോമകൂപങ്ങളുടെ ഉള്ളിൽവരെ ചെന്നെത്തേണ്ടതും ആകുന്നു. പരിശുദ്ധങ്ങളായ തൈലങ്ങളാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന '501' ടോയിലറ്റുസോപ്പുപയോഗിച്ചാൽ ഇതു തീർച്ചയായും സാധിക്കുന്നതുമാണ്. ഗുണമേറിയ അതിന്റെ പത സൗമ്യമായും എന്നാൽ തീർച്ചയായും തൊക്കിലുള്ള സകല മലിനതകളേയും അകററുന്നു. ശരീരത്തിനു അതിമോഹനമായ ഒരു മസൃണതയും സൂക്ഷ്മമായ ഒരു മാലതീസൗരഭ്യവും ഉണ്ടാക്കുകയും ചെയ്യുന്നു.

തീക്ഷ്ണങ്ങളായ രാസദ്രവ്യങ്ങൾ ചേർന്നിട്ടേയില്ലാത്ത ഈ 501—ടോയിലററുസോപ്പിന്റെ വില, അതിന്റെ വിലിക്കുഗുണങ്ങളോർക്കുമ്പോൾ, എത്രയോ തുച്ഛമാണ്.

മൃഗങ്ങളുടെ കൊഴുപ്പുകൾ ചേർന്നിട്ടേയില്ല.

ടോംകോ ടോയിലററു സോപ്പുകളിൽ താഴെപ്പറയുന്ന സാധനങ്ങൾ ചേരുന്നു:—ഹമ്മാം, പിച്ചിപ്പൂതൈലം, ഫ്ലൊവർ, കാർനേഷൻ, ലവൻഡർ, ഹെന്നാ, ഖുസ്ഖസ്, മോട്ടി, ഇയഡികൊളോൺ ജാസ്.

TOMCO

Tomco Sales Dept
P. O. Box 31, Madras.

**THE TATA OIL MILLS Co. Ltd., TATAPURAM.**



## The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.

**P. J. Cherian, Durbar Artist & Photographer (Cochin)**

*Managing Proprietor:*

**THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.**



## 'ദ്രോഹിപേ്യ വഴിയേ!'

സംഭ്രമജനകമായ
ഒരു ഡിററക്ടീവുനോവൽ.
വായിച്ചുതുടങ്ങിയാൽ അവസാനിപ്പിക്കാതെ താഴത്തുവയ്ക്കുവാൻ സാധിക്കുന്നതല്ല.
വില ണ 8.
"ശ്രീരാമവിലാസം" പ്രസ്സ്, കൊല്ലം.

# പാചകകല.

എസ്സ്. ഏ. പിള്ള; കടയ്ക്കൽ.

രണ്ടാംഭാഗം (തുടർച്ച)

16. കൊടങ്ങൽസംബന്തി. ഇതിനെ "വല്ലാര" എന്നും വ്യവഹരിച്ചുവരുന്നുണ്ട്. ഇതു പഥ്യമായ ഒരു സാധനമാകുന്നു. പിത്തരോഗികൾ കുടങ്ങൽഇല അരച്ചു ഗോമൂത്രത്തിലൊ പാലിലൊ സേവിക്കാറുണ്ട്. ഇതിൻെറ പച്ചഇലയും നല്ലമുളകും, അല്പം വററൽമുളകും, കരിവേപ്പിലയും, ഉപ്പും, മല്ലിയും, പുളിയും, കായവും ചേത്തരച്ചു ഉപയോഗിക്കാം. നല്ലമുളകും പുളിയും ഇതിൽ ചേക്കേണ്ടതു നിർബന്ധമാകുന്നു.

17. പിരണ്ടസംബന്തി. നല്ലതുപോലെ വിളഞ്ഞ ചങ്ങലംപിരണ്ട ഇതിനു അനുയോജ്യമല്ല. വളരെ പിഞ്ചായിരിക്കണം. ചെറുതായി ഒടിച്ചോ, നുറുക്കിയോ, വെളിച്ചെണ്ണയിൽ വാട്ടിക്കൊള്ളണം. നാളികേരം വളരെ പൊടിയായി ചുരണ്ടി എടുക്കണം ഉഴന്ന്, വററൽമുളക്, കടുക്, കരിവേപ്പില, ഇവ ഓരോന്നും പ്രത്യേകം പ്രത്യേകം എണ്ണപിരട്ടി വറുത്തുകൊള്ളണം. ഇവയെല്ലാം കൂടിച്ചേത്ത് പാകത്തിനു ഉപ്പും പുളിയും കൂട്ടി അരച്ചുകൊള്ളേണ്ടതാകുന്നു. കായവും കൊത്തമല്ലിയും കൂടി പൊരിച്ചും വറുത്തും അരച്ചു യോജിപ്പിച്ചുകൊള്ളാം. സംബന്തി അരച്ചുകലക്കി കടുകും കരിവേപ്പിലയും ചേത്തു വെളിച്ചെണ്ണയിൽ കടുകുവറുത്തും ഉപയോഗപ്പെടുത്താം. ഇതിനു സ്വാദുകൂടുതലുണ്ടാകും.

18. മഹാരാഷ്ട്രപാകപ്രകാരമുള്ള സംബന്തി: തേങ്ങയൊ തുവരൻപരിപ്പൊ ഇതിൽ ഏതെങ്കിലും ഒന്നു ചേത്താണു ഇതു പാകപ്പെടുത്തേണ്ടതു്. തേങ്ങാ ശരിയായി വിളഞ്ഞുപഴുത്തതുതന്നെ ആയിരിക്കണം. അതു ചെറുതായി ചുരണ്ടിയെടുത്തു ചുവക്കെ വറുത്തെടുക്കുകയും വേണം. തേങ്ങയുടെ അളവിൽ പകുതി ഉഴന്നും, എരിവിൻെറ തോതനുസരിച്ചു വററൽമുളകും, അല്പം കടുകും, കരിവേപ്പിലയും പ്രത്യേകം പ്രത്യേകം എണ്ണപിരട്ടി വറുത്തുകൊള്ളണം. ഉരൽ വൃത്തിയായി തുടച്ച് അതിൽ പാകത്തിനു ഉപ്പും പുളിയും; വറുത്തുവച്ചിട്ടുള്ള മുളകും ചേത്തു ഇടിച്ചുശരിയായി യോജിപ്പിച്ചശേഷം, ബാക്കിയുള്ള സാധനങ്ങൾ ഒന്നിച്ചു തട്ടി വീണ്ടും ഇടിക്കണം. ശരിയായി നുറുങ്ങി യോജിച്ചുകഴിയുമ്പോൾ പൊരിച്ച കായവും പച്ചക്കൊത്തമല്ലിയും ഇട്ടു, ഇടിച്ചുവാരി ഒരു ഭരണിയിലാക്കി സൂക്ഷിച്ചുകൊള്ളണം. ഇതു രണ്ടാഴ്ചവരെ യാതൊരു രുചികേടും വന്നുപോകാതെയിരിക്കുന്നതാകുന്നു.

19. ടി പാകം തുവരപ്പരിപ്പുസംബന്തി. തേങ്ങയ്ക്കു പകരമാണു ഇതിൽ തുവരപ്പരിപ്പ് ചേക്കുന്നതു്. കല്ലുകളഞ്ഞു പാററിയെടുത്തു അതിൽ പകുതി അളവിൽ ഉഴന്നുപരിപ്പും, പ്രത്യേകം നെയ്യിലൊ വെളിച്ചെണ്ണയിലൊ വറുക്കണം. അല്പം ഉലുവായും അതിനു സമം കൊത്തമല്ലിയും, വററൽമുളകും, കടുകും, കരിവേപ്പിലയും, പ്രത്യേകം പ്രത്യേകം നെയ്യിലൊ വെളിച്ചെണ്ണയിലൊ വറുത്തുകൊള്ളണം. ഉപ്പും പുളിയും കൂടി ഉരലിൽ ഇട്ടു് ശരിയായി ഇടിച്ചുകഴിഞ്ഞു ശേഷമുള്ള സാധനങ്ങൾ തട്ടി വീണ്ടും വൃത്തിയായി ഇടിച്ച് ഒരു ഭരണിയിലാക്കി സൂക്ഷിച്ചാൽ പതിനഞ്ചുദിവസം രുചികരമായി ഉപയോഗിക്കാവുന്നതാണു്. ഇവ രണ്ടിനും മഹാരാഷ്ട്രഭാഷയിൽ "തിക്കടിമട്ടു്" എന്നാണു പറയുന്നതു്. ഇവയ്ക്കു ഉഴന്നുപരിപ്പുമാത്രം നേർമ്മയായി പൊടിഞ്ഞുപോകരുതു്. കായംചേക്കുന്നതു ഉഴന്നുപരിപ്പു ചേത്തിടിക്കുന്നതിനു മുമ്പായിരിക്കയും വേണം.

20. ചെമ്പരത്തിപ്പൂസംബന്തി. കടുംചുവപ്പുനിറത്തോടുകൂടിയ ചെമ്പരത്തിപ്പൂവ് എവിടെയും കാണാവുന്നതാണല്ലോ. ഇതു പറിച്ചുകൊണ്ടുവന്നു കാമ്പുപോക്കി ഇതൾമാത്രം എടുത്തു പാകത്തിനു പുളിയും ഉപ്പും പച്ചമുളകും, കായവും, കറിവേപ്പിലയും ചേത്തരച്ചാൽ നല്ല ചുവപ്പുനിറവും സ്വാദും ഉള്ള ഒരു ഒന്നാംതരം സംബന്തിയായിരിക്കും. ഇതു് അരയ്ക്കുന്നതു വെള്ളം ചേക്കാതെതന്നെ വേണം.

21. പച്ചക്കൊത്തമല്ലിസംബന്തി. പാകിക്കിളിർപ്പിച്ചിട്ടുള്ള കൊത്തമല്ലിയുടെ ഇലയും വേണ്ടിടത്തോളം എരിവിനു പച്ചമുളകും ഉപ്പുംമാത്രം ചേത്തരച്ചു വെളിച്ചെണ്ണ ഒഴിച്ചു യോജിപ്പിച്ചുകൊള്ളണം ഇതിലേക്കു ആവശ്യമുണ്ടെങ്കിൽ കായംകൂടി ചേത്തുകൊള്ളാം. എന്നാൽ പുളിമാത്രം ചേത്തുപോകരുതു്. ഇതിൻെറ പ്രധാന ഉപയോഗം ചോറു് ഉണ്ണുമ്പോൾ അല്ലാ. പുളിയുള്ള ദോശ, ഇഡ്ഡലി, മുതലായ പലഹാരങ്ങളും, ദധ്യന്നം (തൈർചേത്ത അന്നം) ഭക്ഷിക്കുമ്പോൾ ഒരു പ്രധാന കൂട്ടുവാനായിതീരുന്നതാണു്. പുളിരസം ഇതിൽ ചേക്കാത്തതുകാരണം ചോറുണ്ണുന്നതിനു ഇതു് ഒരു കൂട്ടുവാനായിതീരുന്നില്ല. അല്പം തൈരുകൂടിച്ചേത്തു ഇളക്കിക്കൊണ്ടാൽ അതിനു ഇതൊരു ഉചിതമായ കൂട്ടുവാനായിരിക്കുന്നതാകുന്നു.

22. ഉഴിഞ്ഞയിലസംബന്തി ഉഴിഞ്ഞയുടെ ഇല, തേങ്ങാ, നല്ലമുളക്, പച്ചമുളക്, കറിവേപ്പില, കൊത്തമല്ലി, ഇവ പ്രത്യേകം പ്രത്യേകം നെയ്യിൽ (തന്നെ വറുത്ത് മുട്ടിയപക്ഷം വെളിച്ചെണ്ണയുമാകാം) കൊള്ളണം. ഇവയും പാകത്തിനു ഉപ്പും പുളിയുംകൂടി ചേത്തരച്ചാൽ രുചികരമായ ഒരു സംബന്തിയായി. വയറുവേദനയ്ക്കും വായുവിനും ഇതു് ഒരു ശമനൗഷധംകൂടിയാകുന്നു. ഉഴിഞ്ഞയ്ക്കു ചിലപ്രദേശങ്ങളിൽ "മുടക്കിത്താൻ" എന്നും പേരുപറഞ്ഞുവരുന്നു.

23. തൈവേളസംബന്ധി. ഇതു് ഒരു ചെറുതരം ചെടിയാണു്. ഇതിൻെറ ഇലകൊണ്ടും സംബന്ധി ഉണ്ടാക്കാം. ഇതും വായുവിനു ഒരു ഉചിതമായ ഔഷധമത്രെ. ഇതിൻെറ ഇല പച്ചയായും; വാഴയിലയിലൊ പോളയിലൊകെട്ടി കനൽതിയിൽ ചുട്ടും, സംബന്ധിയാക്കാവുന്നതാണു്. രുചിക്കു വ്യത്യാസം അല്പമായി ഉണ്ടാകും. വററൽമുളകും, തേങ്ങയും കറിവേപ്പിലയും പ്രത്യേകം എണ്ണപിരട്ടി വറുത്തു ചുട്ടുവച്ചിരിക്കുന്ന തൈവേളഇലയോടു ചേത്തു അരച്ച് പാകത്തിനു ഉപ്പും പുളിയും യോജിപ്പിച്ചുകൊണ്ടാൽമതി. യുക്തിയുള്ള പാചകന്മാക്കു മിക്കസസ്യങ്ങളെക്കൊണ്ടും പുഷ്പങ്ങളെക്കൊണ്ടും അനേകംതരത്തിൽ സംബന്ധി തയാറാക്കാൻ കഴിയുന്നതാണു്.

24. പൊതീന (മിൻറ്) സംബന്ധി. ഇതു വളരെ ഗുണമുള്ളതും ആഹാരത്തെ കൂടുതൽ രുചിപ്പിക്കുന്നതും ദഹനകരവും, അജീൎണ്ണം ഛർദ്ദിമുതലായരോഗങ്ങൾക്കു ഒരുഔഷധവും ആകുന്നു. അതിനാൽ ഈ സംബന്ധി ഔഷധരൂപത്തിലും ഉപയോഗയോഗ്യമാകുന്നു. ഒരുപിടി പൊതീനാഇലയ്ക്കുപതിനഞ്ചുവററൽമുളകും പതിനഞ്ച് മുഴുത്തചുവന്നുള്ളിയുമാണു് കണക്കു്. മുളകുവററൽധാരാളം വെളിച്ചെണ്ണപിരട്ടി വറുക്കണം. പിന്നീടു പാകത്തിനു ഉപ്പും പുളിയുംചേത്തു ആവശ്യാനുസരണം വെള്ളം തളിച്ചു അരയ്ക്കണം. അതോടുകൂടിത്തന്നെ ചുവന്നുള്ളി തൊലിപോക്കിചേത്തുകൊള്ളണം. ഒടുവിലായി പൊതീനാഇലയുംചേത്തരച്ചു എല്ലാംകൂടി ശരിയായി മർദ്ദിച്ചുയോജിപ്പിച്ചു അല്പം പച്ചവെളിച്ചെണ്ണയുംചേത്തു ഇളക്കി ഉപയോഗിക്കണം

25. ഉള്ളിസംബന്ധി, (വേറൊരുവിധം.) ഇരുപതു് മുളകുവററൽ ധാരാളം വെളിച്ചെണ്ണപിരട്ടി ചുവക്കെ വറുക്കണം. നല്ല മുഴുപ്പുള്ള മുപ്പത്തിരണ്ട് ചുവന്നുള്ളിയും വറുത്ത മുളകും, പാകത്തിനു് ഉപ്പും പുളിയും ചേത്തു നല്ലതുപോലെ അരച്ച് ഒടുവിൽ അല്പം കരിവേപ്പില സുഗന്ധത്തിനായി ചേത്തു് അല്പം വെളിച്ചെണ്ണയും ഒഴിച്ചു യോജിപ്പിച്ചുകൊണ്ടാൽ അധികം രുചിപ്രദമായ ഉള്ളിസംബന്ധിയായി.

## ൨. ചട്ട്ണികൾ

"ചട്ട്ണി" എന്നതു് സംബന്ധിയുടെ ഒരു രൂപാന്തരമാകുന്നു. സംബന്ധികൾ മിക്കവാറും കട്ടിയായിരിക്കും. എന്നാൽ ഇവ അയഞ്ഞ പരുവത്തിലും കുഴമ്പു പരുവത്തിലുമാണിരിക്കുന്നതു്. വ്യഞ്ജനയോഗങ്ങളിലും ഇവയ്ക്കുതമ്മിൽ അല്ലാല്ലും വ്യത്യാസമില്ലാതില്ല. യൂറോപ്യൻ രീതിയിലാണു് ചട്ട്ണക്കു പ്രാധാന്യമുള്ളതു്. പക്ഷേ രുചിപ്രദമായ ഒരു സാധനമാകയാൽ ഏവക്കും ഇതിൽ പ്രതിപത്തിക്കുറവിനവകാശമില്ല. ഉത്തര ഇൻഡ്യയിൽ ഒരുതരം ചട്ട്ണി വളരെ പ്രചാരത്തിലിരിക്കുന്നു. അതിൻെറ പ്രയോഗംതന്നെ ആദ്യമായി പ്രസ്താവിക്കാം.

1. വടക്കൻചട്ട്ണി വററൽമുളക്, ഉപ്പു, പുളി, അല്പം ഇഞ്ചി, ചുവന്നുള്ളി, വെളുത്തുള്ളി, മുന്തിരിങ്ങാപ്പഴം, ഇവയാണിതി

ന്റെ യോഗം. വെള്ളുള്ളി വളരെ കുറഞ്ഞ മാത്രയിലെ ചേർക്കാവൂ. വററൽമുളക് എണ്ണമയം പിരട്ടാതേയും, അധികം മൂത്തുപോകാതേയും, വറുത്തെടുക്കണം. ആദ്യം പുളിയും ഉപ്പും ചേർത്ത് ശരിയായി അരയ്ക്കണം. പിന്നീട്ട വറുത്ത മുളകു വെള്ളം തളിച്ച് നേർമ്മയായി അരച്ചുചേർക്കുക. അതിനുശേഷം ഇഞ്ചിയും ഉള്ളി വെളുത്തുള്ളി ഇവയും അരച്ചു യോജിപ്പിക്കുക. ഈ ഘട്ടത്തിൽ പാകത്തിനു ഉപ്പും പുളിയും ചേർന്നിട്ടുണ്ടോ എന്ന് സൂക്ഷിക്കുക. ഏതുകുറവോ അതു ക്രമപ്പെടുത്തുകയും ചെയ്ക. പിന്നീട്ട് മുന്തിരിപ്പഴം നേർമ്മയായി അരച്ചു എല്ലാംകൂടി യോജിപ്പിച്ച് കുറച്ചു നല്ല വെളിച്ചെണ്ണയും ഒഴിച്ച് ഇളക്കി ഉപയോഗിക്കാം. യൂറോപ്യന്മാർക്ക് ഈ ചട്ട്ണി സർവ്വസാധാരണമാകുന്നു. അവർ പുളിക്കുപകരം "വിനിഗർ" (വിന്നാകിരി) എന്ന ഒരു തരം മദ്യമാണ് ചേർക്കാറുള്ളതു്. ചുവന്നുള്ളിയും വെളിച്ചെണ്ണയും അവർ ചേർക്കാറുമില്ല. ഇത്രയും വ്യത്യാസമാണ് ഈ ചട്ട്ണിയെ സംബന്ധിച്ചിടത്തോളം അവർ അനുഷ്ഠിക്കുന്നതു്. നമുക്കും വിനിഗറിൽ പ്രതിപത്തിക്കുറവില്ലെങ്കിൽ പുളിക്കുപകരം അതുതന്നെ ഉപയോഗിച്ച് അവരെ അനുകരിക്കാവുന്നതാണ്. ഇതിനെ യൂറോപ്യന്മാർ വിനിഗറിൽ കുഴമ്പുപോലെ കലക്കി എടുത്ത് പഞ്ചസാരയും ചേർത്തു നേർത്തതുണിയിൽ അരിച്ചു കുപ്പികളിൽ വീഴ്ത്തി സൂക്ഷിച്ചുവരുന്നുണ്ട്. മററുചില ഭക്ഷണസാധനങ്ങളിൽ ഇതിന്റെ ആവശ്യം നേരിടുമ്പോൾ മുൻകൂട്ടി പാകപ്പെടുത്തി സൂക്ഷിച്ചുവച്ചിരുന്നാൽ തല്ക്കാലപ്രയാസം കുറയുമെന്നുള്ള സൗകര്യക്കൂടുതലിനെയാണു ഇതിൽ അവർ പ്രതീക്ഷിക്കുന്നതെന്നു തോന്നുന്നു. വിനിഗറിൽ കലർത്തുന്നതുനിമിത്തം അധികംദിവസം ഇതിനു കേടുവരാതിരിക്കയും ചെയ്യും

2. മാങ്ങാചട്ട്ണി. ഇതിലേക്കു ഉപയോഗിക്കുന്ന മാങ്ങാ അധികം പുളിയില്ലാത്തതായിരിക്കണം. പുറത്തെ തൊലി ചെത്തിയശേഷം ചെറുതായി കൊത്തിഅരിഞ്ഞുകൊള്ളണം. അതോടുകൂടി എരിവിനു സ്വാദിനുമായി പച്ചമുളകുകൊത്തിച്ചേർത്ത് പാകത്തിനു കാച്ചുപ്പും കലർത്തി ഒരു ഭരണിയിലൊ മൺപാത്രത്തിലൊ ഇട്ടു അല്പം വെളിച്ചെണ്ണയും പച്ചക്കരിവേപ്പിലയും ചേർത്തുകൊള്ളേണ്ടതാണ്. ഓരോ മാങ്ങയും അഴുകിപ്പോകാനിടയാകാതെ കയ്യിൽവച്ചുതന്നെ കൊത്തിയരിയുന്നതുനന്ന്. കാച്ചുപ്പ് ഇല്ലാത്തപക്ഷം സാധാരണഉപ്പ് പൊടിച്ചുചേർത്തുകൊള്ളേണ്ടതാകുന്നു. എന്നാൽ അപ്രകാരം ഉപയോഗിക്കുന്ന ഉപ്പിൽ അശേഷം മണ്ണും പൊടിയുമില്ലാതെ തിരിഞ്ഞെടുത്തു വെയിലിൽ ഉണക്കി വീണ്ടും പാററി പൊടിച്ചുകൊള്ളുന്നതാണ് നല്ലതു്. ഈ ചട്ട്ണിയിൽ ആവശ്യമുള്ളപക്ഷം ചുവന്നുള്ളി തൊലികളഞ്ഞു ചെറുതായി കൊത്തിഅരിഞ്ഞു ചേർത്തുകൊള്ളാം. ഇതിനു സ്വാദും കൂടിയിരിക്കും.

3. മാങ്ങാചട്ട്ണി വേറൊരുപാകം. മാങ്ങാതൊലി ചെത്തി പൂളിക്കൊള്ളുക. അതും പച്ചമുളകുംചേർത്തു വെള്ളം ചേർക്കാതെ അരച്ചു (ആട്ടി) നല്ലതൈരിൽ കുഴമ്പുപോലെ കലക്കി പാകത്തിനു കാച്ചുപ്പും ചേർത്തു വയ്ക്കുക. പിന്നീട് കടുകും ഉലുവയും വററൽമുളകും, കറിവേപ്പിലയും, വെളിച്ചെണ്ണയിൽചേർത്തു കടുകുവറുത്തു ചട്ട്ണി അതിൽ ഒഴിച്ചു അല്പം പച്ചക്കായവും പച്ചകൊത്തമല്ലിയും ചേർത്തുവാങ്ങി ഭരണിയിലൊ, ചെറിയ കലത്തിലൊ പകർന്നു സൂക്ഷിച്ചു പെരുമാറിയാൽ മൂന്നുദിവസത്തെ ഉപയോഗത്തിനു വളരെ നന്നായിരിക്കുന്നതാണ്.

4. തേങ്ങാ ചേർത്ത മാങ്ങാ ചട്ട്ണി. തൊലിചെത്തി പൂളിയ മാങ്ങയും അതിന്റെ പകുതി അളവിൽ ചുരണ്ടിയ നാളികേരവും എരിവിന്റെ ക്രമമനുസരിച്ച് പച്ചമുളകും, വെള്ളംചേർക്കാതെ ആട്ടുകല്ലിൽ നേർമ്മയായി ആട്ടിയോ അരകല്ലിൽ അരച്ചോ എടുത്തു തൈരിൽപാകത്തിനു ഉപ്പും ചേർത്തു കലക്കി കടുകും, ഉലുവായും, വററൽമുളകും, കറിവേപ്പിലയും ചേർത്തു വെളിച്ചെണ്ണയിൽ കടുകുവറുത്തു അതിൽ ഒഴിച്ച് അല്പം ചൂടുപിടിപ്പിച്ച് പതയുമ്പോൾ വാങ്ങി വേറൊരു പാത്രത്തിൽ പകർന്നുകൊള്ളണം. ഇതു പതയുകയല്ലാതെ തിളച്ചുപോകരുതെന്ന് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. രണ്ടുദിവസത്തെ ഉപയോഗത്തിന് ഇതു നന്നായിരിക്കും.

(തുടരും)


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches· TRIVANDRUM, CHANGANACHERRY, COCHIN & QUILON.**

**SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

C. KRISHNAMENON M. A
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

കഥാപംക്തി.

# ചന്ദ്രോദയം.

## അദ്ധ്യായം ൨൦.

കുഞ്ഞുലക്ഷ്മിയമ്മയുടെ എഴുത്തിൽനിന്ന സരളയുടെ ജ്വരത്തിന്റെ സ്വഭാവം സുരേന്ദ്രന ഊഹിക്കാൻ കഴിഞ്ഞു. അവൾ ജീവിക്കുമോ ഇല്ലയോ എന്ന തീൎത്തുപറയാൻ വയ്യാത്തവിധത്തിലായിരുന്നു രോഗത്തിന്റെ സ്ഥിതി. അതുകൊണ്ട ഉടൻതന്നെ ഒരുമാസത്തെ അവധി എടുത്തുകൊണ്ട സുരേന്ദ്രൻ മദ്രാസിൽനിന്നും പുറപ്പെട്ടു.

സുരേന്ദ്രനും സരളയുമായിട്ടുള്ള ബന്ധത്തെപ്പററി ഇവിടെ കുറഞ്ഞൊന്ന പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അവൻ മദ്രാസിൽ മെഡിക്കൽകാളേജിൽ പഠിച്ചുകൊണ്ടിരുകാലത്തു ഒരു വെക്കേഷന വീട്ടിൽവന്നപ്പോഴാണ സരളയെ ആദ്യമായികണ്ടതു്. അവർ രണ്ടുപേരും ഏകദേശം സമപ്രായക്കാരായിരുന്നു. പെട്ടെന്ന അന്യോന്യംസ്നേഹിക്കുകയും ചെയ്തു. "ഞാൻ സൂൎയ്യനാണ, സരള സൂൎയ്യകാന്തിയാണ," എന്ന സുരേന്ദ്രനും "ഞാൻ സൂൎയ്യകാന്തിയാണ, സുരേന്ദ്രൻ സൂൎയ്യനാണ്", എന്ന സരളയും അന്നൊരിക്കൽ കുഞ്ഞുലക്ഷ്മിയമ്മയോട്ട പറകയുണ്ടായി. അതു കുഞ്ഞുലക്ഷ്മിയമ്മയ്ക്കു കൎണ്ണപീയൂഷമായി തോന്നി. ഈ സംഭവം നടന്നിട്ട ഇപ്പോൾ നാലഞ്ചുകൊല്ലമായി. ഇതിന്നിടയ്ക്കു സരളയും സുരേന്ദ്രനും യൗവനദശയിലെത്തുകയും ചെയ്തു.

സുരേന്ദ്രന്റെ തിടുക്കത്തിലുള്ള പുറപ്പാടിന ഈ ബന്ധവും ഒരുപക്ഷെപ്രേരകമായിരുന്നിരിക്കാം. തിരുവനന്തപുരത്തു വന്നിട്ട കാപ്പികുടിക്കാൻപോലും താമസിക്കാതെ സുരേന്ദ്രൻ നേരേ നെയ്യാററിൻകരയ്ക്കു തിരിച്ചു. അവൻ കയറിയിരുന്ന മോട്ടാർ നെയ്യാററിൻകര എത്തിയപ്പോൾ രാത്രി ഉദ്ദേശം എട്ടുമണിയായിരിക്കും. മോട്ടാർ സ്റ്റാൻഡിൽ അവന്റെ വരവും കാത്തുകൊണ്ട കുഞ്ഞുലക്ഷ്മിയമ്മയുടെ വേലക്കാരൻ പരമേശ്വരൻ നില്പുണ്ടായിരുന്നു. റാന്തൽവിളക്കുമായി പരമേശ്വരൻ മുമ്പെ നടന്ന സുരേന്ദ്രന വഴികാണിച്ചുകൊടുത്തു. പരമേശ്വരൻ തീരെപ്പതുക്കെയാണ നടക്കുന്നതെന്ന സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. എന്നാൽ വാസ്തവത്തിൽ പരമേശ്വരൻ ഒട്ടൊട്ട ഓടുകയായിരുന്നു പക്ഷെ ചെച്ചിഴയുന്നതിലും മന്ദമാണ് അവന്റെ ഗതിയെന്ന സുരേന്ദ്രനതോന്നി. കാരണം വ്യക്തമാണല്ലൊ.

വഴിമദ്ധ്യേവച്ചു പരമേശ്വരൻ രാമചന്ദ്രനെക്കണ്ടു. രാമചന്ദ്രൻ സ്വല്പം കാററു കൊള്ളുന്നതിനായി വെളിയിൽ ഇറങ്ങി സവാരിചെയ്യുകയായിരുന്നു. "സരളക്കുഞ്ഞിന എങ്ങനെ ഇരിക്കുന്നു ഏ കൊച്ചങ്ങുന്നെ?" എന്ന പരമേശ്വരൻ ചോദിച്ചു. എന്നാൽ ഇതിന്നിടയ്ക്കു സുരേന്ദ്രൻ ചാടി മുമ്പിൽകേറി. "ഭേദമുണ്ടോ ഇല്ല്യോ എന്ന ഒററവാക്കിൽ പറയണം" എന്ന നിർബന്ധിച്ചു.

"ഉണ്ടു്. വളരെ ഭേദമുണ്ടു്" എന്ന രാമചന്ദ്രൻ ഉച്ചത്തിലും വളരെ ആഹ്ലാദത്തോടുംകൂടി പറഞ്ഞു.

സുരേ— നിശ്ചയംതന്നെയോ?

രാമ—നിശ്ചയംതന്നെ. ഈ മാററമുണ്ടായിട്ട രണ്ടുമൂന്നുനാഴികയിലധികമായില്ല. ഇനിയും ഒന്നും പേടിക്കാനില്ലെന്ന ഡാക്ടർ ഉറപ്പുപറയുന്നു.

സുരേ—ഏതു ഡാക്ടർ? കൃഷ്ണമേനവൻ തന്നെയല്ലേ?

രാമ—അതേ. അദ്ദേഹമാണ ആദ്യം മുതലെ ചികിൽസിച്ചതു്.

സുരേ—പരമേശ്വരാ, നീ പെട്ടിയും വിളക്കുംകൊണ്ട മുമ്പേപൊയ്ക്കോ. ഞാൻ വന്നിട്ടുള്ള വിവരം വേഗം അമ്മയോട്ട ചെന്നുപറ. എന്റെ കൈയിൽ ഒരു ടോർച്ച വിളക്കുണ്ടു്. ഞങ്ങൾ രണ്ടുപേരുംകൂടി പുറകേവരാം.

പരമേശ്വരൻ അവന്റെ പിണ്ണപിണത്ത ദേഹവും തുള്ളിച്ചുകൊണ്ട ഒരു ചോക്കിനെപ്പോലെ അവന കഴിയുന്ന വേഗത്തിൽ അവിടെനിന്നും പോയി. സുരേന്ദ്രനും രാമചന്ദ്രനും സംഭാഷണം ചെയ്തുകൊണ്ട പതുക്കെ നടന്നു.

സുരേന്ദ്രന ഇരുപത്തിഅഞ്ചുവയസ്സിൽകൂടുതൽ കാണുകയില്ല. അവന്റെ ശരീരം സ്വല്പം സ്ഥൂലിച്ചതാണെങ്കിലും മുടങ്ങാതെയുള്ള വ്യായാമംകൊണ്ട ഉറച്ചതുമാണ്. അവന്റെ നിറം നയനമോഹനമാണ്. നല്ലവണ്ണം വിളഞ്ഞ കുടകുചന്ദനംഅരച്ചു അതിൽ കുറെ കുംകുമപ്പൂവുകൂടി ചേൎത്താലുള്ള വൎണ്ണവിശേഷത്തിന്റെ ഒരു ദൂരഛായ അവന്റെ ദേഹത്തിൽ കളിയാടി. എപ്പോഴും പ്രസന്നതയും പ്രസരിപ്പും നിറഞ്ഞതായ അവന്റെ മുഖം ആൎക്കും പ്രിയദർശനമായിരുന്നു.

സുരേന്ദ്രനും രാമചന്ദ്രനും ഗൃഹത്തിലെത്തി. കുഞ്ഞുലക്ഷ്മിയമ്മ അവരെ പ്രതീക്ഷിച്ചുകൊണ്ട പടിക്കൽതന്നെ നില്പുണ്ടായിരുന്നു "അമ്മേ! എന്താണ കുറേക്കൂടെ മുമ്പു എഴുതയയ്ക്കാഞ്ഞതു്" എന്ന സുരേന്ദ്രൻ ചോദിച്ചു.

കുഞ്ഞുലക്ഷ്മിയമ്മ സുഖക്കേടിന്റെആരംഭത്തിൽതന്നെ എഴുതയച്ചിരുന്നു വൈഷമ്യത്തിന്റെ ലക്ഷണം കണ്ടപ്പോൾ കമ്പിഅടിക്കുകയും ചെയ്തു.

സുരേ—ആട്ടെ. ഇനിയും ഭയപ്പെടാൻ ഒന്നുമില്ലല്ലൊ.

കുഞ്ഞു ഇല്ലെന്നാണ ഡാക്ടർ ഉറപ്പു പറയുന്നതു്. പോരെങ്കിൽ നിനക്കുതന്നെ പരിശോധിക്കാമല്ലൊ. നീയും വല്യ ഡാക്ടരല്യോ-

സുരേ – ആട്ടെ! എന്നാൽ നമുക്കു രോഗിണി കിടക്കുന്നിടത്തേക്കു പോകാം.

എന്നുപറഞ്ഞു അവരെല്ലാവരുംകൂടി സരള കിടക്കുന്ന മുറിയിലേക്കു പോയി. ആഘട്ടം ആനന്ദൈകമയമായിരുന്നു. സുരേന്ദ്രന്റെയും സരളയുടെയും കണ്ണിൽനിന്ന സന്തോഷബാഷ്പക്കുളിർതുള്ളികൾ പൊട്ടിപ്പുറപ്പെട്ടു; സുരേന്ദ്രൻ ഒരു ഡാക്ടരുടെ നിലയിൽ അവളുടെ സ്ഥിതി സൂക്ഷ്മമായി പരിശോധിച്ചു അവൾ അപകടഘട്ടം കടന്നുകഴിഞ്ഞു എന്ന അവനും അപ്പോൾ ബോദ്ധ്യപ്പെട്ടു.

രാമചന്ദ്രൻ അടുത്തദിവസം അതിരാവിലെ എഴുന്നേററു. അവന്റെ ഹൃദയത്തിൽനിന്ന ശോകഭാരം നീങ്ങിയിരുന്നു. അവൻ ആ പുരയിടത്തിൽ അങ്ങുമിങ്ങും നടന്ന കണ്ണിന്നാഹ്ലാദകരങ്ങളായ വന്യകുസുമങ്ങൾ ഇറുത്തെടുത്തു സരളയുടെ മുറിയിൽ മനോഹരമായി നിരത്തി. അവയുടെ സൌരഭം അവൾക്കു അഹിതമാകാതിരിക്കാൻ അവൻ പ്രത്യേകം ശ്രദ്ധിച്ചു. ആ ചെറുഗൃഹത്തിലെ ആനന്ദശാന്തതയെ ഭഞ്ജിക്കുന്ന യാതൊരു സംഭവവും അവിടെപിന്നീട്ടുണ്ടായില്ല.

സരളയുടെ ജീവിതക്ലേശരോഗങ്ങൾക്കു പോലും ഡാക്ടരായ സുരേന്ദ്രൻ വന്നുചേൎന്നതുകൊണ്ട ഡാക്ടർ കൃഷ്ണമേനവൻ തിരിച്ചു പൊയ്ക്കൊള്ളുന്നതിന കുഞ്ഞുലക്ഷ്മിയമ്മ ഒരുകണക്കിൽ അനുവദിച്ചു. സുരേന്ദ്രൻ രാമചന്ദ്രനെ സ്വന്തം ഇളയ സഹോദരനെപ്പോലെ സ്നേഹിച്ചു. അവന പറയത്തക്ക വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലെന്ന മനസ്സിലാക്കിയഉടൻതന്നെ ഒരു വാദ്ധ്യാരെ വരുത്തി അവനെ വീട്ടിലിരുത്തി വിദ്യാഭ്യാസംചെയ്യിച്ചുതുടങ്ങി. ഒന്നുരണ്ട ദിവസം പട്ടിണികിടന്ന ഒരുവൻ ഒരു സദ്യകിട്ടിയാൽ എത്ര ആൎത്തിയോടുകൂടി ഭുജിക്കുമോ അത്ര ആൎത്തിയോടുകൂടി രാമചന്ദ്രൻ പാഠങ്ങൾ പഠിച്ചുതുടങ്ങി. അവന്റെ അസാമാന്യമായ പ്രതിഭ കണ്ട അദ്ധ്യാപകന്റെമനസ്സിൽ അസീമമായ ആശ്ചൎയ്യവും ആഹ്ലാദവും ജനിച്ചു എന്നാൽ ഈ വികാരങ്ങൾ പുറത്തു കാണിക്കാതെ ഉപാദ്ധ്യായൻഅദ്ദേഹത്തിന്റെ ജോലി ശ്രദ്ധയോടും സൌഖ്യത്തോടുംകൂടി നിവ്വഹിച്ചു. കാലക്രമത്തിൽ രാമചന്ദ്രൻ വിദ്യാസമ്പന്നനായിതീരുകയും ചെയ്തു.

ഇതിന്നിടയ്ക്കു ദിവസവും വൈകിട്ട അഞ്ചുമണിയായാൽ സുരേന്ദ്രനും രാമചന്ദ്രനുംകൂടി അസ്തമയസൂൎയ്യന്റെ കനകപ്രഭയിൽ ആറാടിക്കൊണ്ടും മന്ദശീതളനായ പവനൻ ഏററുകൊണ്ടും ഗ്രാമവീഥികളിൽ സവാരിചെയ്യാറുണ്ടായിരുന്നു. അങ്ങനെ സഞ്ചരിക്കുന്നവഴിക്കുകാണുന്ന വിശേഷപ്പെട്ട പൂക്കൾ കൊണ്ടുവന്ന സരളയുടെ മുറി അലങ്കരിച്ചുവന്നു. പുഷ്പങ്ങളുടെ വൎണ്ണഭംഗിയിലും സുഗന്ധത്തിലും സരളയുടെ മനസ്സ ലയിക്കുന്നതു പതിവായിത്തീൎന്ന ഇങ്ങനെ ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾക്കും കുറേശ്ശ വെളിയിൽ ഇറങ്ങിനടക്കാമെന്നനിലയായി. ഒന്നുരണ്ടാഴ്ചകൊണ്ട അവളുടെ ക്ഷീണവും മിക്കവാറും മാറി. അപ്പോൾ ഡാക്ടർ സുരേന്ദ്രന മദ്രാസ്സിൽ പോകേണ്ട ദിവസവും അടുത്തു: അതുകൊണ്ട എല്ലാവരുംകൂടി തിരുവനന്തപുരത്തേക്കു പോരാമെന്നും തീരുമാനിച്ചു. തിരുവനന്തപുരത്തുവന്ന രണ്ടുമൂന്നുദിവസം താ

THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARGHAT K. JACOB

## ഞാറയ്ക്കൽ സന്മാർഗ്ഗവിലാസിനി നടനസഭ.




എറണാകുളം മഹാരാജാസ് കാളേജിൽവച്ചു ബീഹാർഫണ്ടിലേക്ക "ശ്രീരാമാരണ്യയാത്ര" എന്ന മലയാളനാടകം അഭിനയിച്ച നടന്മാർ. മുൻവരിയിൽ 1. കുട്ടിപ്പട്ടർ (മി. വി. ജെ. വക്കി) 2. മന്ഥര (മി. പി. ആർ. ജോൺ) കസേരയിൽ 1. സീത (പി. സി. ജോസഫ്) 2. ശ്രീരാമൻ (മി. പി. എ. ജോസഫ്) 4. ഭരതൻ (മി. വി. ജെ. ചെറിയാൻ, ആർട്ടിസ്റ്റ്)

Royal Studio, Ernakulam.

മസിച്ചശേഷം സുരേന്ദ്രൻ ജോലിസ്ഥലത്തേക്ക പ്രസ്ഥാനംചെയ്തു.

---

### അദ്ധ്യായം ൨൧.

ജീവിതകാലമാകുന്ന പെരുവഴിയിലെ ഫർലാങ്ങ്കുററികളായ ദിവസങ്ങൾ കടന്നുകടന്നു മനുഷ്യപാന്ഥന്മാർ യാത്രതുടരുന്നു. രാമചന്ദ്രനെ പ്രസവിച്ച സമയം അവന്റെ അമ്മയെ ശുശ്രൂഷിച്ച സുഭദ്ര എന്ന ശുശ്രൂഷകി ഈ ഘട്ടത്തിൽ തൈക്കാട്ട ആശുപത്രിയിലാണു ജോലിനോക്കുന്നതു്. അവളുടെ സ്നേഹിതയായ കല്യാണിയമ്മയും കാന്തനും കൊല്ലത്തെ കച്ചവടത്തിൽ എന്തോ ചില തകരാറുകൾ പററിയതുകൊണ്ടു തിരുവനന്തപുരത്തുവന്നു പഴയ തൊഴിൽസ്വീകരിച്ചിരിക്കയാണു്. ഇപ്പോൾ അവക്ക കടയായാലും വീടായാലും ഒരു ചെറിയ കുടിൽമാത്രമാണുള്ളതു്. സുഭദ്രയും കല്യാണിയമ്മയും തമ്മിൽ ഇപ്പോഴും വലിയ ഇഷ്ടമാണു്. എന്നാൽ അവരുടെ രണ്ടുപേരുടേയും വാസസ്ഥലങ്ങൾ അകലെയായതുകൊണ്ടും കല്യാണിയമ്മയ്ക്ക ചായക്കടയിൽ പിടിപ്പതു ജോലിയുള്ളതുകൊണ്ടും, സുഭദ്രയ്ക്ക ക്ലിപ്തസമയത്തു ആശുപത്രിയിൽ ഹാജരാകേണ്ടിയിരുന്നതുകൊണ്ടും പരസ്പരസമ്മേളനങ്ങൾ എണ്ണത്തിൽ കുറഞ്ഞും തമ്മിൽ അകന്നും ഇരുന്നു. പക്ഷെ അവരുടെ രണ്ടുപേരുടേയും വീടുകളുടെ പടിക്കൽ കൂടി നിത്യവും പൊയ്ക്കൊണ്ടിരുന്ന ഒരു നെല്ലുകുത്തുകാരിമുഖാന്തിരം അവർ രണ്ടിടത്തുമുള്ള വിശേഷങ്ങൾ അന്യോന്യം അറിയിച്ചുകൊണ്ടാണിരുന്നതു്. ഇങ്ങിനെയിരിക്കെ ഒരുദിവസം പകലേ ആ നെല്ലുകുത്തുകാരി കല്യാണിയമ്മയുടെ പീടികയിൽവന്നതു മ്ലാനമുഖിയായിട്ടായിരുന്നു. സുഭദ്രയ്ക്ക എന്തോ കുഴപ്പം പററിയിട്ടുണ്ടെന്നു കല്യാണിയമ്മയ്ക്ക പെട്ടെന്നു ഒരു ഊഹംതോന്നി.

നെല്ലുകുത്തുകാരി—അക്കാ! സുഭദ്രയക്കനു വലിയ ദീനമായിട്ടു കിടപ്പാണു്. അക്കനെ ഒന്നു കാണണമെന്നു പറയുന്നു. ഇന്നു തന്നെ ചെല്ലണമെന്നു നിർബന്ധമാണു്.

കല്യാണി—സുഖക്കേടു എന്താണു്.

നെല്ലു—പനിയാണു്. വളരെ കലശലായിരിക്കുന്നു. മരിച്ചുപോകുമെന്നാണുസുഭദ്രയക്കൻ പറയുന്നതു്. ഏതായാലും ഇപ്പത്തന്നെ ഒന്നു പോയാൽകൊള്ളാം.

കല്യാണി—ആങ്ങ്ഹാ—അത്ര കൂടുതലാണോ. എന്നാ ഞാനിപ്പോത്തന്നെപോയേക്കാം.

നെല്ലു—എനിക്ക കടയിൽ പോകണം. ഇല്ലെങ്കിൽ ഞാൻകൂടെ വരാമായിരുന്നു.

കല്യാണി—അതിനെന്തു്. നി പൊയ്ക്കോ. ഞാൻ ഇതാ ഇറങ്ങുകയായി.

തന്റെ സ്നേഹിത അപായപ്പെടാൻ പോകുന്നുവെന്നു കേട്ടു കല്യാണിയമ്മയുടെ മനം ഉരുകി. അവൾ ഭർത്താവിനോടു പറഞ്ഞിട്ടു സുഭദ്രയുടെ വസതിയിലേക്ക ഉടനേതന്നെ പുറപ്പെട്ടു. പടിക്കൽ ഇറങ്ങിയഉടനെ ഒരുവണ്ടി വിറകാണു എതിർപ്പവന്നതു്. "വിറകുവേണോ വിറകു്" എന്നു വണ്ടിക്കാരൻ അവളോടു ചോദിച്ചു. 'വേണ്ടാ' എന്നു ദേഷ്യത്തോടുകൂടി പറഞ്ഞിട്ടു കല്യാണിയമ്മ മുന്നോട്ടു നടന്നു. സുഭദ്രയ്ക്ക പനി കൂടുതലാണെന്നു അറിഞ്ഞിരുന്നതുകൊണ്ടു അവൾ കഴിയുന്നതും വേഗത്തിൽ നടക്കുകയായിരുന്നു. എന്നാൽ അവളുടെ ശരീരം ക്രമാധികം സ്ഥൂലിച്ചിരുന്നതുകൊണ്ടു സാധാരണക്കാരുടെ നടയുടെ വേഗം



മേൽ കാണുന്ന ചിത്രത്തിൽ മന്ഥരയുടെ ഭാഗം അഭിനയിച്ച മി. പി. ആർ. ജോൺ. നാട്യകലയിൽ ഇദ്ദേഹം ഒരു വിദഗ്ദ്ധനാണെന്നറിയുന്നു.

Royal Studio, Ernakulam.

പോലും അവൾക്ക നേടുവാൻ കഴിഞ്ഞില്ല. സുഭദ്രയുടെ വീട്ടിലെത്താൻ കുറഞ്ഞതു മൂന്നുനാഴിക നടക്കണം. കല്യാണിയമ്മ ഒരുകണക്കിൽ വിയർത്തുതളർന്നു സന്ധ്യയായപ്പോഴേക്കും അവിടെ എത്തി. ഉടൻതന്നെ ഒരു തൊട്ടിപ്പച്ചവെള്ളം കോരി അവൾവായിൽകൂടി കീഴ്പ്പോട്ടൊഴിച്ചു തന്റെ "അഞ്ഞൂറുമാങ്ങാഭരണി" നിറച്ചു. അനന്തരം അവൾ സുഭദ്രയുടെ രോഗശയ്യയുടെ സമീപത്തിൽ ചെന്നിരുന്നു. സുഭദ്രയ്ക്ക തന്റെ ചങ്ങാതിയെ തിരിച്ചറിയാൻതക്ക പ്രജ്ഞ

യുണ്ടായിരുന്നു. സുഭദ്ര ക്ഷീണങ്ങളായ തന്റെ കൈകൾകൊണ്ടു കല്യാണിയമ്മയുടെ കൈകൾ ഗ്രഹിച്ചു ഒന്നു അമർത്തി

സുഭദ്ര—ഞാൻ അക്കനോടു യാത്രചോദിക്കാനാണു ഇങ്ങോട്ടു വിളിച്ചുവരുത്തിയതു്. എനിക്കു പുറപ്പെടാനുള്ള സമയം ഏകദേശം അടുത്തിരിക്കുന്നു.

കല്യാണി—അസംബന്ധം പുലമ്പാതിരി. ഈ പനി രണ്ടുദിവസത്തിനകം ഭേദമാകും. നിനക്കു പഴയപടി എണീററു നടക്കാറാവുകയും ചെയ്യും.

സുഭദ്ര—ഇല്ലക്കാ. എന്റെ അന്ത്യകാലം അടുത്തു. അക്കനോടു എനിക്കു ഒരു കാര്യം പറയാനുണ്ടു്.

കല്യാണി—എന്താണെങ്കിലും എന്നോടു പറയാമല്ലോ. എന്നാൽ കഴിയുന്നതാണെങ്കിൽ ഞാൻ ഏതുവിധവും സാധിച്ചു തരാം.

സുഭദ്ര—എനിക്കു ഒന്നും സാധിച്ചുതരാനില്ല. ഒരുകാര്യം എന്റെ ഉള്ളിൽകിടന്നു തിളയ്ക്കുന്നു. അതു വെളിയിൽ പറയാഞ്ഞിട്ടായിരിക്കും എന്റെ ജീവൻ പോകാത്തതു്.

കല്യാണി—എന്താണെങ്കിലും പറഞ്ഞോ. കേൾക്കട്ടെ.

മന്ത്രോപാസന കഴിച്ചിട്ടുള്ളവനു ആ മന്ത്രം മററുവല്ലവർക്കും ഉപദേശിച്ചുകൊടുത്തെങ്കിലെ ജീവൻ പോകയുള്ളു എന്നു ചിലർ പറയാറുണ്ടു്. അങ്ങനെ ഉപദേശം വാങ്ങാൻ ആരുമില്ലാതെപോയാൽ ഒരു പശുവിന്റെ ചെവിയിൽ ഉപദേശിച്ചാലും പ്രാണൻ തടസ്സംകൂടാതെ പോകുമത്രെ ഈ കേൾവി ശരിയായാലും തെററായാലും ഒരു കാര്യം പരമാർത്ഥമാണു്. അതായതു രഹസ്യമായി എന്തെങ്കിലും കുററംചെയ്തിട്ടുള്ള ഒരുവനു് അതുആരോടെങ്കിലുംപറഞ്ഞു വെളിപ്പെടുത്താതെയിരുന്നാൽ ഒരു സമാധാനവും ഉണ്ടായിരിക്കയില്ല; അങ്ങനെ അസമാധാനത്തോടുകൂടിയിരുന്നാൽ ജീവൻ നിഷ്പ്രയാസം പോകയുമില്ല. രണ്ടാമതുപറഞ്ഞകൂട്ടത്തിലുൾപ്പെട്ട ഒരുവളായിരുന്നു സുഭദ്ര. അവൾ ആത്മസമാധാനലബ്ധിക്കായി അവളുടെ രഹസ്യം കല്യാണിയമ്മയോടു ഇപ്രകാരം പ്രകാശിപ്പിച്ചു.

"രാമചന്ദ്രനെ പെററപ്പോൾ അവന്റെ അമ്മയുടെ അടുക്കൽ ഞാൻമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതു അക്കനറിയാമല്ലൊ. അവൾക്കു ദേഹത്തിൽ ആഭരണങ്ങളൊന്നും ഇല്ലായിരുന്നു. അവളുടെ വിരലിൽ കിടന്ന പൊൻമോതിരം ഞാൻ ഒടുക്കം ഊരിയെടുത്തു. വരട്ടെ അതിനുമുമ്പു ഒരു കാര്യം പറയാനുണ്ടു്. അവൾ മരിക്കുന്നതിനു സ്വല്പം മുമ്പു എന്റെ ചെവിയിൽ ഒരു സ്വകാര്യം പറഞ്ഞു. അതു രാമചന്ദ്രനെക്കുറിച്ചായിരുന്നു. അവൻ വളർന്നുവരുന്ന പക്ഷം അവന്റെ അമ്മയെപ്പററി അവനു അഭിമാനിക്കാനല്ലാതെ ലജ്ജിക്കാനിടവരുകയില്ലെന്നായിരുന്നു അവൾ സ്വകാര്യമായി പറഞ്ഞതു്. ആട്ടെ, ഇനിയും മോതിരത്തെപ്പററി പറയാം. ഞാൻ കട്ടെടുത്ത പൊൻമോതിരം —" ഈ ഒടുവിലത്തെ വാക്കുകൾ അവൾ വളരെ മന്ദമായസ്വരത്തിലാണു പറഞ്ഞതു്. അനന്തരം അവളുടെ തൊണ്ടയിൽനിന്നു എന്തോ ചില ശബ്ദങ്ങൾ പുറപ്പെട്ടു. പക്ഷെ കല്യാണിഅമ്മയ്ക്കു അവ തിരിച്ചറിയുവാൻ കഴിഞ്ഞില്ല.

ഉത്തരക്ഷണത്തിൽ സുഭദ്ര കാലഗതിയെ പ്രാപിച്ചു.

കല്യാണിയമ്മ വിഷണ്ണയായി വളരെനേരം ഒരേഇരുപ്പിൽതന്നെ അങ്ങിനെ ഇരുന്നു പോയി. പിന്നിടു അവൾ സുഭദ്രയുടെദേഹം പരിശോധിച്ചു എന്തോ ഒരുകഷണം കടലാസ്സു കൈക്കലാക്കി. അതു അവൾ മടിക്കുത്തിൽ തിരുകിവച്ചു. ഇത്രയും കഴിഞ്ഞു "അയ്യോ! എന്റെ സുഭദ്രേ! അയ്യോ നീ എന്നെ ഇട്ടേച്ചു പൊയ്ക്കളഞ്ഞോ" എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതുകേട്ടു സുഭദ്രയുടെ വേലക്കാരൻപയ്യൻ ഓടിവന്നു. മരിച്ചുകിടക്കുന്ന സുഭദ്രയെക്കണ്ടു അവൻ പൊട്ടിക്കരഞ്ഞു- ഈ ശബ്ദമെല്ലാം കേട്ടു അയൽപക്കക്കാരും അവിടെ എത്തി. അവരുടെ മേൽനോട്ടത്തിൽ ശവസംസ്കാരം മുതലായതു യഥാക്രമം നടത്തപ്പെട്ടു.

പരേതയുടെ സ്നേഹിതയെന്ന നിലയിൽ കല്യാണിയമ്മയ്ക്കു അന്നു രാത്രി അവിടെകഴിച്ചുകൂട്ടേണ്ടിവന്നു ഒരുപക്ഷെ അവിടെ കൂടിയിരുന്നവർ അവളെ പോകാൻ അനുവദിച്ചിരുന്നെങ്കിൽതന്നെയും അവൾ അന്നു അവിടംവിട്ടു പോകയില്ലായിരുന്നു. നടക്കാനുള്ള പ്രയാസവും ഒരു മരണം കണ്ടശേഷം രാത്രിയിൽ തനിയെ സഞ്ചരിക്കുന്നതിനുള്ള ഭയവും ആ അന്ധവിശ്വാസക്കൂടിനെ പിടിച്ചു നിറുത്തുന്നതിനു പര്യാപ്തങ്ങളായിരുന്നു.

---

## അദ്ധ്യായം ൧൧.

ഭവനഭേദനശ്രമം ഫലിക്കാതായപ്പോൾ ഭയപ്പെട്ടു ആദ്യമേ ഓട്ടംതുടങ്ങിയ കോമൻ മേലും മുണ്ടും മുഷിഞ്ഞും ശരീരം ആസകലം വിറച്ചും കൊച്ചുകുഞ്ഞിന്റെ വസതിയിൽ ചെന്നുകയറി. വല്ലതും തിന്നാൻകിട്ടിയശേഷമല്ലാതെ അവൻ ഒന്നും പറയാൻ സന്നദ്ധനായിരുന്നില്ല. കൊച്ചുകുഞ്ഞു അവനു വേണ്ടിടത്തോളം ഭക്ഷണം വിളമ്പിക്കൊടുത്തു. ഇങ്ങോട്ടെടുക്കമെന്നാകുന്നതുവരെ അവൻ ഭക്ഷണസാധനങ്ങൾ അടിച്ചുകേററി. അനന്തരം കിട്ടുവിനേയും കൂട്ടരേയും വെളിയിൽ പറഞ്ഞയച്ചിട്ടു കതകു ഭദ്രമായി ബന്ധിച്ചു. ഒരു ഗ്ലാസ്സിൽ മദ്യം പകർന്നു പാനംചെയ്തശേഷം അവൻ സംസാരിക്കാൻതുടങ്ങി.

കോമൻ—കൊച്ചുകുഞ്ഞേ! ആദ്യമായി കൊന്തിയെവിടെയെന്നു പറ.

കൊച്ചുകുഞ്ഞു ഇരിപ്പിടത്തിൽനിന്നുചാടി എഴുന്നേററുകൊണ്ടു് "എന്തു, കോന്തിയെവിടെന്നു നീ എന്നോടു ചോദിക്കുന്നോ? നിന്റെകൂടെയല്ലെ കോന്തിയും രാമചന്ദ്രനും വന്നിരുന്നതു്? അവരെവിടെന്നു നീതന്നെ പറ.

കോമൻ—നമ്മുടെ ശ്രമം ഫലിച്ചില്ല.

കൊച്ചു—അതു ഞാൻ അറിഞ്ഞുകഴിഞ്ഞു. പിന്നീടെന്താണു നടന്നതു്?

കോമൻ - ആ ചെറുക്കൻകിടന്നു നിലവിളിച്ചു വീട്ടുകാരെ ഉണർത്തി. അയല്ക്കാരെല്ലാം എഴുന്നേററുവന്നു. ഞാനെന്റെ ജീവനുംകൊണ്ടു ഇങ്ങോട്ടു ഓടിപ്പോരുകയും ചെയ്തു.

കൊച്ചു— കോന്തിയും കൊച്ചനും എവിടെ?

കോമൻ—കൊച്ചനെ പിടിച്ചെടുത്തുകൊണ്ടു കോന്തി കുറേദൂരം ഞാൻ വന്നവഴി തന്നെ ഓടുന്നതുകണ്ടു. കൊച്ചനെ അവിടെയെങ്ങാനും ഇട്ടേച്ചുപോരാൻ ഞാൻ അവനോടുപറഞ്ഞു- കോന്തിഅവനെനിലത്തിട്ടു ഒരു ചവുട്ടുംകൊടുത്തേച്ചു പായുന്നതുകണ്ടു. അവൻ തൊലഞ്ഞോ ഇല്ല്യോ എന്നറിഞ്ഞില്ല.

ഇതിലധികം കേൾക്കാൻകൊച്ചുകുഞ്ഞിനു സമാധാനമില്ലായിരുന്നു. അവൻ ദേഷ്യപ്പെട്ടു ഗർജ്ജിച്ചുകൊണ്ടു വീട്ടിൽനിന്നു വെളിയിൽചാടി നേരേ കോന്തിയുടെ താമസസ്ഥലത്തേക്കുതന്നെ തിരിച്ചു. അവിടെ ചെന്നുതിരക്കിയതിൽ കോന്തി അവിടെ ചെന്നിട്ടില്ലെന്നു മനസ്സിലായി. ആ വീട്ടിന്റെ മുകളിലത്തെമുറിയിൽകേറിച്ചെന്നു മുകുന്ദൻ അവിടെയുണ്ടോ എന്നു അന്വേഷിച്ചു. അയാളെയും അവിടെ കാണാൻ കഴിഞ്ഞില്ല. "അയാൾ വന്നാൽ നാളെ എന്നെ വന്നു കാണണം. അത്യാവശ്യമാണു് എന്നു ഞാൻ പറഞ്ഞിരിക്കുന്നതായി പറയണം" എന്നു അടുത്തപീടികക്കാരനോടു ഏർപ്പാടുചെയ്തിട്ടു കൊച്ചുകുഞ്ഞു് സ്വഗൃഹത്തിലേക്കു മടങ്ങി. അവന്റെ മനസ്സിൽ, കടലിൽ തിരമാലകളെന്നപോലെ, വിചാരങ്ങൾ തെരുതെരെ വന്നും പോയും ഇരുന്നു. അവൻ തന്റെ ഗൃഹത്തിന്റെ പടിക്കൽ എത്തിയപ്പോൾ ഒരു ഇരുണ്ടരൂപം അവന്റെ സമീപത്തു വന്നു 'കൊച്ചുകുഞ്ഞേ' എന്നു മന്ത്രിച്ചു. അയാൾ ഷർട്ടിനു മീതേവച്ചു മുണ്ടെടുത്തു ചെവി മറയത്തക്കവണ്ണം ഒരു നേര്യതു തലയിൽ കെട്ടിയ ഒരു കിളരംകൂടിയ മനുഷ്യനായിരുന്നു. അയാളാണു മുകുന്ദൻ.

(തുടരും)


## പ്രചാരത്തിനായി മത്സരവില.



വളരെ ബലമുള്ള വെള്ളവല കൊണ്ടുണ്ടാക്കപ്പെട്ടതോ മനോഹര വർണ്ണങ്ങളിലുള്ളതോ ആയതും വളരെ ഈടുള്ളതുമായ സ്വദേശി കൊതുകുവലകൾ, ഒരേവിലയ്ക്കു വിൽക്കപ്പെടുന്നു. ഇഷ്ടമുള്ള ഏതു വലിപ്പത്തിലും ആർഡർ കിട്ടിയ 4 മണിക്കൂറിനകം ചെയ്തുതരുന്നതാണു്.

| നീളം. | വീതി. | ഉയരം. | വില. | | |
|---|---|---|---|---|---|
| 6 | 3½ | 2½ | 1 | 14 | 0 |
| 6 | 4 | 4 | 2 | 0 | 0 |
| 6½ | 4½ | 4½ | 2 | 8 | 0 |
| 7 | 5 | 5 | 3 | 0 | 0 |
| 7½ | 6 | 6 | 4 | 0 | 0 |

ഏതെങ്കിലും നാലുവലകൾ ഒരുമിച്ചു വാങ്ങുന്നവർക്കു തപാൽചിലവും 6 എണ്ണം വാങ്ങുന്നവർക്കു ഇക്കാണുന്ന മനോഹരമായതും ൪ വർഷത്തെ ഗാറൻറിയുള്ളതുമായ നിക്കൾ റിസ്ററുവാച്ചും ഇനാം. മാതൃക കട്ടിംഗ്സിനു് അപേക്ഷിക്കുക.

Bijaya Shambhu & Co
Baralazar, Calcutta.

THE MALAYALA RAJYAM

17th SEPT. 1934. CHITRAVARIKA. Vol. VII. No. 2

# ചില നല്ല പ്രസിദ്ധീകരണങ്ങൾ.

| | രൂ. | ണ. |
|---|---|---|
| തുളസീദാസരാമായണം ഒന്നാം ഭാഗം | 1 | 4 |
| ,, രണ്ടാം ഭാഗം | 1 | 4 |
| അദ്ധ്യാത്മരാമായണം വലിയക്ഷരം (ഒന്നാംതരം) | 1 | 8 |
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | | 12 |
| ശ്രീമത്ഭഗവത്ഗീത (സവ്യാഖ്യാനം) | 0 | 8 |
| പ്രായോഗികവേദാന്തം 3 ഭാഗങ്ങൾ | 2 | 0 |
| അദ്ധ്യാത്മചിന്താമണി | 1 | 0 |
| ഹഠയോഗപ്രദീപിക (സവ്യാഖ്യാനം) | 0 | 8 |
| പ്രബന്ധരത്നാവലി ഭാഷാവ്യാഖ്യാനം | 1 | 0 |
| പ്രബന്ധമാല്യം | 0 | 8 |
| വേലുത്തമ്പിദളവാ | 0 | 8 |
| മുഹമ്മദുനബി | 2 | 0 |
| അഹിഭയം അഥവാ കേരളകാളിദാസൻ | 1 | 8 |
| അംഗനാചുംബനം, മൂന്നുഭാഗങ്ങൾ | 2 | 4 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 |
| താരാഭായി | 1 | 0 |
| കമലാഭായി | 1 | 0 |
| മരതകമണി | 0 | 12 |
| അരമനരഹസ്യം | 1 | 0 |
| കാലൻെറ കൊലയറ | 1 | 0 |
| ചിത്രലേഖ | 0 | 12 |
| അമരസിംഹൻ | 0 | 12 |
| ഹോരാഫലരത്നാവലി | 0 | 8 |
| കേരളീയപ്രശ്നരത്നം | 0 | 6 |
| മഹാമനുഷ്യാലയചന്ദ്രിക | 0 | 6 |
| അഷ്ടാംഗഹൃദയം അരുണോദയം എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു് സൂത്രസ്ഥാനം ഒന്നാംഭാഗം | 1 | 4 |
| ,, രണ്ടാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 0 |
| നിദാനം | 1 | 4 |
| ചികിത്സിതസ്ഥാനം ഒന്നാംഭാഗം | 1 | 8 |
| രസരാജതരംഗിണി ഒന്നാംഭാഗം | 1 | 0 |
| ,, രണ്ടാംഭാഗം | 1 | 8 |
| ദാമ്പത്യശാസ്ത്രം | 0 | 8 |
| കാമകലാസഞ്ചികകൾ മുഴുവൻ | 1 | 8 |
| തയ്യൽഅദ്ധ്യാപകൻ | 0 | 8 |
| തയ്യൽപ്രബോധിനി | 0 | 5 |
| ജപ്പാൻ | 0 | 9 |
| പ്രണയപാശം | 1 | 0 |
| കുസുമോത്സവം | 1 | 8 |
| വാസിനി | 0 | 12 |
| ഇന്ദിര | 1 | 0 |
| പ്രണയപ്രതീകാരം | 1 | 0 |
| മായാമണ്ഡലം | 1 | 8 |
| സെസിലിയുടെ പ്രണയം | 0 | 4 |

പള്ളിക്കൂടങ്ങളിലേക്കു ആവശ്യമുള്ള സകല റിക്കാർട്ടുകളും സ്റ്റേഷനറി സാമാനങ്ങൾ മുതലായവയും എപ്പോഴും മിതമായവിലയ്ക്കു ഇവിടെ കിട്ടുന്നതാണ്.

## ശ്രീരാമവിലാസം ബുക്കുഡിപ്പോ

കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.